
# സത്യാന്വേഷി

## ബൈബിൾ പഠനപദ്ധതി





World Literature Publication

# സത്യാന്വേഷി

## ബൈബിൾ പഠനപദ്ധതി

## SEEKERS BIBLE STUDY COURSE




PRINTED & PUBLISHED BY,

**P C PHILEMON RAJAH**

*for*

**J C School of Evangelism**

Email: obey2jesus@gmail.com

**SEEKERS (MALAYALAM):** First Printing, March 2016.

**Proof Reading**: Br. Saju George, Kochin.
**Translation & Layout**: Br. Jijo Johnson, Kochin.

ബൈബിളിൽ വെളിപ്പെടുത്തിയിരിക്കുന്ന ദൈവീകസത്യങ്ങൾ മനസ്സിലാക്കുവാനും ഇതിനു പുറമേ മറ്റു പാഠപുസ്തങ്ങൾ നിങ്ങൾക്ക് ആവശ്യമെങ്കിൽ, ബന്ധപ്പെടേണ്ട വിലാസം:

**ക്രിസ്തുസഭ**
**ചക്കാലപ്പാടം ലൈൻ, PB-4212**
**പുതിയ റോഡ്, കലൂർ**
**കൊച്ചി-17, കേരള**

**Land Line: 0484-2539353; Mob : 9895836018**

**Printed & Published By,**

**J C SHOOL OF EVANGELISM ,**
**P O Box –15, Arasaradi,**
**Madurai—625016, Tamil Nadu,**
Email: obey2jesus@gmail.com

# ഉള്ളടക്കം

(Table of Contents)


ബൈബിൾ (The Bible) .......................................................... 01

യേശുക്രിസ്തു- ദൈവപുത്രൻ
(Jesus –The Divine Son of God) .................................................. 09

പാപത്തിന്റെ പ്രശ്നം(The Problem of Sin) ............................. 17

പാപത്തിൽ നിന്നുള്ള രക്ഷ (Salvation from Sin) ....................... 25

ജലസ്നാനം (Water Baptism) ....................................................... 33

ക്രിസ്തുവിന്റെ സഭ (The Church) ............................................. 41

സത്യ ആരാധന (True Worship) ................................................ 49

ക്രിസ്തുവിൽ നവജീവൻ (New Life in Christ) ...................... 57

# അവതാരിക
## Introduction

ബൈബിൾ എന്ത് പഠിപ്പിക്കുന്നു എന്ന് അറിയാൻ നിങ്ങൾക്കു ആഗ്രഹമുണ്ടെങ്കിൽ, അതിനുള്ള ഏറ്റവും നല്ല മാർഗമാണ് വ്യക്തിപരമായ ബൈബിൾ പഠനം. പരമപ്രധാനമായി ബൈബിൾ വായനയും ധ്യാനവും അതിനാവശ്യമാണ്. അതിനൊപ്പം ക്രമീകൃതമായി ബൈബിൾ സത്യങ്ങൾ വെളിപ്പെടുത്തുന്ന പഠന പദ്ധതികളും വളരെ സഹായകരമാണ്. ഈ പഠന പദ്ധതികൾ ലളിതവും സുവ്യക്തവും കൂടാതെ പൂർണമായും ബൈബിൾ അധിഷ്ഠിതമാണെന്നും നാം ഉറപ്പു വരുത്തേണ്ടതുണ്ട്.

ദൈവവചനത്തെ മാത്രം അടിസ്ഥാനമാക്കിയുള്ള ഈ പഠന പദ്ധതി, ദൈവകൃപയാൽ മനുഷ്യന് ലഭിച്ച രക്ഷാമാർഗ്ഗത്തെ, സംക്ഷിപ്ത രൂപത്തിൽ വെളിപ്പെടുത്തുന്നു. ആ രക്ഷാമാർഗ്ഗത്തെ പരിചയപ്പെടുന്നതിനായി, എട്ടോളം ബൈബിൾ പാഠങ്ങൾ ഈ പുസ്തകരൂപത്തിൽ നിങ്ങൾക്കു ലഭിച്ചിരിക്കുന്നു. ഓരോ പാഠഭാഗത്തിനും പുറകിൽ, രണ്ടു പേജുള്ള ചോദ്യാവലി നൽകിയത് കണ്ടിരിക്കുമല്ലോ. പാഠഭാഗങ്ങളെ പുനരവലോകനം ചെയ്തു, ഉത്തരങ്ങൾ എഴുതി ഞങ്ങൾക്ക് അയക്കുവാൻ ശ്രദ്ധിക്കുക.

നിങ്ങളുടെ ചോദ്യങ്ങളും, അതോടൊപ്പം മറ്റു പാഠഭാഗങ്ങളെക്കുറിച്ച് അറിയുവാൻ താത്പര്യമുണ്ടെങ്കിൽ, അതും ഞങ്ങളെ അറിയിക്കുക. ഈ പഠനത്തിലൂടെ കടന്നുപോകുമ്പോൾ, സുവിശേഷസത്യത്തെ ഹൃദയപൂർവം സ്വീകരിപ്പാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. കൂടാതെ, ഈ പുസ്തകം പഠിക്കുവാൻ സുഹൃത്തുക്കളെയും ക്ഷണിക്കുമല്ലോ.

J C Choate (Deceased)
World Evangelism, USA

# <u>പ്രസാധകക്കുറിപ്പ്</u>

പ്രിയ വിദ്യാർത്ഥികളെ,

ഈ ബൈബിൾ പഠനപദ്ധതിയിൽ നിങ്ങൾ താത്പര്യത്തോടെ പങ്കെടുക്കുന്നതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. തക്കസമയത്ത് തന്നെ ദൈവവചനം പഠിക്കുവാൻ താങ്കൾ തീരുമാനിച്ചിരിക്കുന്നു.

ആദ്യമായി, ഈ പുസ്തകത്തിന്റെ അവസാന താളുകളിൽ നൽകിയ അപേക്ഷാഫോറം പൂരിപ്പിച്ചു, ഉടനെ ഞങ്ങൾക്ക് അയച്ചു തരിക. അതിനു ശേഷം പാഠഭാഗങ്ങൾ പഠിക്കുന്നതോടൊപ്പം, ഉത്തരങ്ങൾ ചോദ്യാവലിയിൽ എഴുതി, ആ ഉത്തരക്കടലാസു അടങ്ങുന്ന പേജ് മാത്രം ഞങ്ങൾക്ക് അയക്കുക. ചോദ്യങ്ങളോ സംശയങ്ങളോ ഉണ്ടെങ്കിൽ, അവസാനത്തെ ശൂന്യമായ കടലാസുകൾ ഉപയോഗിക്കുക.

ഈ സവിശേഷ പാഠപുസ്തകം നിങ്ങളുടെ സുഹൃത്തുക്കൾക്കും ബന്ധു-മിത്രാദികൾക്കും പരിചയപ്പെടുത്തുക. ദൈവം നമ്മോടു സംസാരിച്ചത് എന്ത് എന്നറിയാൻ നിങ്ങൾക്കും അവർക്കും അവസരം ലഭിക്കട്ടെ. ആകയാൽ വൈകാതെ ഈ പാഠഭാഗങ്ങൾ പഠിക്കുക.

മറ്റു ബൈബിൾ അധിഷ്ഠിത പാഠപദ്ധതികളും നിങ്ങൾക്ക് ലഭ്യമാണ്. അവ ലഭിക്കുന്നതിനായി ദയവായി ഞങ്ങളെ ബന്ധപ്പെടുക. നിങ്ങൾ ഒരു ക്രിസ്ത്യാനി ആകുന്നു എങ്കിൽ, ഈ പുസ്തകം ആത്മാക്കളെ രക്ഷിക്കുന്ന വേലയിൽ ഉപയോഗപ്രദമായിത്തീരട്ടെ.

എല്ലാ നന്മകളും നേർന്നു കൊണ്ട്,

ക്രിസ്തുവിൽ,

PHILEMON RAJAH,
Director—JC School of Evangelism.

*For online Literature and Bible Lessons, visit:*

*www.graciousword.org*
*www.churchofchristkaloor.com*

***Special Thanks to: Betty Choate, Jerry & Paula Bates***

*പാഠം 1*

# *ബൈബിൾ*

## *THE BIBLE*

ബൈബിൾ എന്ന് അറിയപ്പെടുന്ന പുസ്തകം വാസ്തവത്തിൽ എന്താണ്? BC 1500 മുതൽ AD 100 വരെയുള്ള 1600 വർഷ കാലയളവിനുള്ളിൽ ഏകദേശം നാല്പതിലധികം വ്യതസ്ത മനുഷ്യരാൽ എഴുതപ്പെട്ട പുസ്തകങ്ങളുടെ സമാഹാരമാണ് ബൈബിൾ. ഈ എഴുത്തുകാർ തങ്ങളുടെ സ്വന്ത അറിവിനാലോ പരിജ്ഞാനത്താലോ, മറ്റുള്ളവരുടെ ആത്മീയഗുണത്തിനായി എഴുതിയതല്ല. അവർ രചിച്ച ഓരോ വാക്കുകളും ദൈവനിവേശിതമാണ്; അഥവാ ദൈവം സംസാരിച്ചതാണ്.

> "**തിരുവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല എന്നു ആദ്യം തന്നേ അറിഞ്ഞു കൊള്ളേണം. പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രേ"**
> (2 പത്രോസ് 1:20-21)

മറ്റൊരു തിരുവെഴുത്ത് ഇപ്രകാരം പറയുന്നു:

> "**എല്ലാ തിരുവെഴുത്തും *ദൈവശ്വാസീയമാകയാൽ* ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന് ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതു ആകുന്നു**" (2 തിമോഥി 3:16-17).

ബൈബിളിലെ വാക്കുകൾ മനുഷ്യന്റെ കൈകളാൽ എഴുതപ്പെട്ടെങ്കിലും അതിലെ സന്ദേശത്തിന്റെ ദാതാവ് ദൈവം ആകുന്നു. മനുഷ്യവർഗം അടിസ്ഥാനമായി അറിയേണ്ട സത്യമാണ് ബൈബിൾ വെളിപ്പെടുത്തുന്നത്. ബൈബിളിന്റെ ഉള്ളടക്കം വളരെ പ്രാധാന്യമുള്ളതാകയാൽ, നമ്മുടെ ആവശ്യാനുസരണം ദൈവീക വെളിപ്പാടുകളുടെ അർത്ഥത്തെ വളച്ചൊടിക്കരുതെന്നു, ദൈവം നമുക്ക് താക്കീത് നൽകുന്നു. മോശെ മുഖാന്തിരം, ദൈവം ഇസ്രായേലിന് നൽകിയ നിയമത്തിൽ തന്നെ ഇപ്രകാരം കല്പിക്കുന്നു:

**"ഞാൻ നിങ്ങളോടു കല്പിക്കുന്ന നിങ്ങളുടെ ദൈവമായ യഹോവയുടെ കല്പനകളെ നിങ്ങൾ പ്രമാണിക്കേണം. ഞാൻ നിങ്ങളോടു കല്പിക്കുന്ന വചനത്തോടു കൂട്ടുകയോ അതിൽനിന്നു കുറെക്കയോ ചെയ്യരുതു"** (ആവർത്തനം 4:2).

ബൈബിൾ എന്താണ് നമ്മെ പഠിപ്പിക്കുന്നത് എന്ന് വ്യക്തമായി അറിഞ്ഞിരിക്കേണം; അല്ലാത്തപക്ഷം നിങ്ങളെക്കുറിച്ചുള്ള ദൈവഹിതം അറിയുവാനോ, ദൈവത്തെ പ്രസാദിപ്പിക്കാനോ സാധിക്കില്ല. ദൈവത്തെ സ്നേഹിക്കുകയും ദൈവേഷ്ടം അനുസരിക്കുകയും ചെയ്യുന്നവർക്കാണ് ദൈവം പ്രതിഫലം നല്കുന്നത്.

**"എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു"** (മത്തായി 7:21).

## <u>ഏതു ദൈവം?</u>

ഇന്നത്തെ ലോകത്തിൽ പല 'ദൈവ'ങ്ങളെ നമുക്ക് കാണാം. ഇപ്പോൾ നമ്മുടെ മനസ്സിൽ കടന്നു വരുന്ന ചോദ്യം: 'നിങ്ങൾ ഏതു ദൈവത്തെക്കുറിച്ചാണ് സംസാരിക്കുന്നത്?'. രണ്ടായിരം വർഷങ്ങൾക്കു മുൻപ് അപ്പോസ്തോലനായ പൗലോസ്, അഥേന പട്ടണത്തിൽ വന്നപ്പോഴും നേരിട്ട ചോദ്യം ഇത് തന്നെയാണ്. ആ പട്ടണമാകട്ടെ വിഗ്രഹങ്ങളാൽ നിറഞ്ഞിരുന്നു (അപ്പോസ്തോല പ്രവൃത്തി 17:16). പൗലോസ് അവിടെ യേശുക്രിസ്തുവിനെ പ്രസംഗിച്ചു. ഈ ഉപദേശം ആദ്യമായി കേൾക്കുകയാൽ, വീണ്ടും വിശദമായി സംസാരിക്കുവാൻ അഥേനയിലെ ജനങ്ങൾ ആവശ്യപ്പെട്ടു. പൗലോസ് അവരോടു പ്രതിവചിച്ചു:

**"അഥേനപുരുഷന്മാരേ, നിങ്ങൾ എല്ലാറ്റിലും അതിഭക്തന്മാർ എന്നു ഞാൻ കാണുന്നു. ഞാൻ ചുറ്റിനടന്നു നിങ്ങളുടെ പൂജാസ്ഥാനങ്ങളെ നോക്കുമ്പോൾ <u>'*അജ്ഞാത ദേവന്*' എന്നു എഴുത്തുള്ള</u> ഒരു വേദിക്കല്ലു കണ്ടു; എന്നാൽ നിങ്ങൾ അറിയാതെ പൂജിക്കുന്നതു തന്നേ ഞാൻ നിങ്ങളോടു അറിയിക്കുന്നു. ലോകവും അതിലുള്ളതു ഒക്കെയും ഉണ്ടാക്കിയ ദൈവം സ്വർഗ്ഗത്തിന്നും ഭൂമിക്കും നാഥനാകകൊണ്ടു കൈപ്പണിയായ ക്ഷേത്രങ്ങളിൽ വാസം ചെയ്യുന്നില്ല. താൻ എല്ലാവർക്കും ജീവനും ശ്വാസവും സകലവും കൊടുക്കുന്നവൻ ആകയാൽ വല്ലതിനും മുട്ടു- ള്ളവൻ എന്നപോലെ മാനുഷ്യകൈകളാൽ ശുശ്രൂഷ ആവശ്യപ്പെടുന്നില്ല"** (അപ്പോസ്തോല പ്രവൃത്തി 17:22-25).

ബൈബിളിൽ വെളിപ്പെട്ടിരിക്കുന്ന ദൈവം, മനുഷ്യനിർമിതമായ പ്രാദേശിക ദേവന്മാരോ, അനേക 'ദൈവങ്ങളിൽ' ഒന്നോ അല്ല. എന്നാൽ അവൻ സർവ്വ-പ്രപഞ്ചത്തിന്റെയും ദൈവമത്രേ. അവൻ ഭൂമിയും സ്വർഗ്ഗവും അതിലുള്ള ചരാചരങ്ങളെ എല്ലാം സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നവനാകുന്നു. ബൈബിളിലെ ആദ്യ പുസ്തകത്തിലെ ആദ്യ വാക്യം തന്നെ അത് വെളിപ്പെടുത്തുന്നു:

"**ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു** " (ഉല്പത്തി 1:1).

ഉല്പത്തിയിലെ ആദ്യ അധ്യായത്തിൽ ദൈവത്തെ 'ബഹുവചന'പദമായി വെളിപ്പെടുത്തി. ദൈവാത്മാവിനെക്കുറിച്ച് അവിടെ നാം വായിക്കുന്നു (ഉല്പത്തി 1:2). കൂടാതെ, ഇപ്രകാരവും വായിക്കുന്നു: "**അനന്തരം ദൈവം: <u>നാം</u> <u>നമ്മുടെ</u> സ്വരൂപത്തിൽ <u>നമ്മുടെ</u> സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക**" (ഉല്പത്തി 1:26). വാസ്തവത്തിൽ മൂന്ന് വ്യക്തിത്വങ്ങൾ ഉൾക്കൊള്ളുന്നതാണ് ദൈവം (ദൈവീകത്വം) എന്ന് ബൈബിളിൽ കാണാം. അത് പിതാവായ ദൈവം, പുത്രനായ ദൈവം (ക്രിസ്തു), പരിശുദ്ധാത്മാവായ ദൈവം എന്നിങ്ങനെ ആയിരിക്കുമ്പോഴും, മനുഷ്യചിന്തകൾക്ക് അതീതമായി ദൈവം ഒന്നാണ്, ത്രിയേകനാണ്. കാരണം ദൈവം തന്നെ അരുളിചെയ്തു: "**യിസ്രായേലേ, കേൾക്ക; യഹോവ നമ്മുടെ ദൈവമാകുന്നു; യഹോവ ഏകൻ തന്നേ**" (ആവർത്തനം 6:4).

മനുഷ്യന്റെ പ്രകൃതി ദൈവത്തിൽ നിന്നും വ്യത്യസ്തമാണ്; കാരണം പുറമേ ശരീര രക്തങ്ങളും അകമേ ആത്മാവും മനുഷ്യനിലുണ്ടെങ്കിലും ദൈവമോ പൂർണമായും ആത്മാവാകുന്നു: "**ദൈവം ആത്മാവു ആകുന്നു**" (യോഹന്നാൻ 4 : 24). സൃഷ്ടാവായ ദൈവത്തിൽ നിന്നും വ്യത്യസ്തമായ അവസ്ഥയിൽ നാം ആയിരിക്കുന്നതിനാൽ, ഈ ശരീരത്തിൽ ജീവിക്കുമ്പോൾ, നമുക്ക് ദൈവത്തിന്റെ പ്രകൃതിയെ പൂർണമായി മനസിലാക്കുക അസാധ്യമാണ്. എങ്കിലും ദൈവത്തിന്റെ സ്വഭാവവും ഇഷ്ടവും നമുക്ക് മനസ്സിലാക്കാൻ കഴിയും; കാരണം, അത് ദൈവം തന്റെ വചനമായ ബൈബിളിൽ വെളിപ്പെടുത്തിയിരിക്കുന്നു.



## <u>എന്താണ് ബൈബിൾ?</u>

ബൈബിൾ പുസ്തകങ്ങളെ പൊതുവേ രണ്ടായി വിഭജിക്കാറുണ്ട്: 39 പുസ്തകങ്ങ-ളടങ്ങിയ പഴയനിയമവും, 27പുസ്തകങ്ങളുള്ള പുതിയനിയമവും. ആകെ 66 പുസ്തകങ്ങൾ ബൈബിളിൽ ഉണ്ട്. BC 1500 - BC 400 കാലഘട്ടത്തിൽ എഴുതപ്പെട്ട

പഴയനിയമപുസ്തകങ്ങൾ നാലു വിഭാഗങ്ങളായി തരംതിരിക്കാം. ആദ്യത്തേത് മോശെയാൽ രചിച്ച അഞ്ച് പുസ്തകങ്ങൾ - ന്യായപ്രമാണം (*The Law*) എന്നറിയപ്പെടുന്നു. അതിൽ ആദ്യപുസ്തകമായ **ഉൽപത്തി**യിൽ സൃഷ്ടിയെക്കുറിച്ചും ഭൂമിയിലുണ്ടായ ജലപ്രളയത്തെക്കുറിച്ചും ആദ്യ രണ്ടായിരം വർഷകാലയളവിലെ മനുഷ്യജീവിതത്തെക്കുറിച്ചും ഒരു സംഗ്രഹം ലഭിക്കുന്നു.

പ്രളയത്തിനു ശേഷം മനുഷ്യർ ദൈവത്തോട് വീണ്ടും മത്സരിച്ചു; ആകയാൽ ദൈവത്തെ അനുസരിച്ച മനുഷ്യനെ, അതായതു അബ്രഹാമിനെ, തന്റെ പ്രത്യേക ഉദ്ദേശത്തിനായി ദൈവം തിരഞ്ഞെടുക്കുകയും, അവന്റെ സന്തതികൾ ദൈവത്തിന്റെ പ്രത്യേക ജനമായിത്തീരുകയും (യിസ്രായേൽ ജനത) ചെയ്തു. മോശെ മുഖാന്തിരം ദൈവം ആ ജനത്തിനു തന്റെ പ്രമാണം നൽകി; കൂടാതെ ആ രാജ്യത്തിലാണ് യേശുക്രിസ്തു സകല ജാതികൾക്കും രക്ഷകനായി പിറന്നത്.

യേശുക്രിസ്തു ഭൂമിയിൽ അവതരിച്ചത് നമ്മുടെ പാപങ്ങളുടെ വില കൊടുപ്പാനാണ്; ആയതിനാൽ ക്രിസ്തുവിലൂടെ നമുക്ക് പാപമോചനമുണ്ട്.

ഉൽപ്പത്തി പുസ്തകം അവസാനിക്കുമ്പോൾ, ഈജിപ്ത്തിൽ (മിസ്രയീമിൽ) വസിക്കുന്ന യിസ്രായേൽ ജനത്തെ കാണുന്നു. **പുറപ്പാട്** പുസ്തകത്തിൽ യിസ്രായേൽ ജനതയെ ഈജിപ്ത്തുകാർ അടിമകളായി പീഡിപ്പിച്ചെന്ന് വായിക്കുന്നു. മോശെയിലൂടെ യിസ്രായേലിനെ ദൈവം രക്ഷിക്കുന്നതായും അവർക്ക് നിയമങ്ങളും ആരാധനാക്രമങ്ങളും നൽകുന്നതായും **പുറപ്പാട്, ലേവ്യ, സംഖ്യാ, ആവർത്തന പുസ്തകങ്ങളിൽ** നമുക്ക് വായിക്കാം.

ആദ്യ അഞ്ചു പുസ്തകങ്ങൾക്കു ശേഷമുള്ള 12 പുസ്തകങ്ങൾ (**ജോഷ്വ** മുതൽ **എസ്തേർ** വരെ) അടുത്ത ആയിരം വർഷ കാലയളവിലെ യിസ്രായേൽ രാജ്യത്തിന്റെ ചരിത്രത്തെ വർണിക്കുന്നു. **ജോബ്, സങ്കീർത്തനങ്ങൾ, സദൃശ്യ വാക്യങ്ങൾ, സഭാപ്രസംഗി, ഉത്തമഗീതം** എന്നീ പുസ്തകങ്ങൾ ജ്ഞാനസിദ്ധിക്കുള്ള രചനകളാണ്. പദ്യരൂപത്തിലുള്ള ഈ പുസ്തകങ്ങളിൽ ഗീതങ്ങളും പഴഞ്ചൊല്ലുകളും നാടകീയതയും അടങ്ങിയിരിക്കുന്നു. പഴയനിയമത്തിലെ അവസാനത്തെ 17 പുസ്തകങ്ങൾ, മേൽപ്പറഞ്ഞ ആയിരം വർഷ കാലയളവിൽ പ്രവാചകന്മാർ ദർശിച്ച, പ്രവചിച്ച ഭാവികാല സംഭവങ്ങളെ രേഖപ്പെടുത്തുന്നു.

നമ്മെ പാപങ്ങളിൽ നിന്നും വീണ്ടെടുപ്പാൻ കടന്നുവന്ന യേശുക്രിസ്തുവിലേക്ക്, നമ്മുടെ ശ്രദ്ധയെ **പുതിയനിയമപുസ്തകങ്ങൾ** ക്ഷണിക്കുന്നു. **മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ** എന്നിവരാൽ എഴുതപ്പെട്ട **സുവിശേഷം** യേശുക്രിസ്തുവിന്റെ ഭൗമികജീവിതത്തെ വരച്ചുകാട്ടുന്നു. യേശുക്രിസ്തുവിന്റെ കന്യകാജനനം, അവന്റെ പ്രബോധനങ്ങൾ, പാപപരിഹാരാർത്ഥമുള്ള അവന്റെ **മരണം, അടക്കം, ഉയിർപ്പ്** എന്നിവയാണ്

സുവിശേഷപുസ്തകങ്ങളിലെ പ്രധാന വിഷയം. തുടർന്നുള്ള **അപ്പോസ്തോല പ്രവൃത്തികളുടെ** പുസ്തകത്തിൽ 'യേശുക്രിസ്തു, നമ്മെ പാപങ്ങളിൽനിന്നും രക്ഷിക്കുന്നു' എന്ന സദ്വാർത്ത മനുഷ്യവർഗ്ഗത്തോട് പ്രസ്താവിക്കുന്നതായി കാണാം. അതേ, *പാപമോചനം ക്രിസ്തുവിൽ ലഭ്യമാണ്.* രക്ഷിക്കപ്പെടുന്ന ഓരോ വ്യക്തിയെയും ക്രിസ്തുവിന്റെ **സഭ**യോട്, ദൈവം ചേർക്കുന്നു.

ക്രിസ്തു രണ്ടാമത് വരുമ്പോൾ ലോകാവസാനം സംഭവിക്കുകയും അന്ത്യന്യായവിധി സംഭവിക്കുകയും ചെയ്യും. അതുവരെ എപ്രകാരമാണ് നാം ദൈവത്തെ ആരാധിക്കുകയും സേവിക്കുകയും ചെയ്യേണ്ടതെന്ന് **റോമാലേഖനം** മുതൽ **യൂദായുടെ ലേഖനം** വരെ നമ്മെ ഓർമ്മപ്പെടുത്തുന്നു. പുതിയനിയമത്തിലെ അവസാന പുസ്തകമായ **വെളിപ്പാട്** പ്രവചനപുസ്തകമാണ്. കഷ്ടങ്ങളുടെയും പീഡനങ്ങളുടെയും നടുവിൽ, ദൈവത്തോട് വിശ്വസ്തരായി നിൽക്കുന്നവർക്ക്, ദൈവം നൽകുന്ന ആശ്വാസവും മഹാപ്രതിഫലവുമാണ് വെളിപ്പാട് പുസ്തകത്തിലെ പ്രതിപാദ്യവിഷയം.

എല്ലാ പുതിയനിയമപുസ്തകങ്ങളും AD 40 - AD 100 കാലയളവിനുള്ളിൽ എഴുതപ്പെട്ടു. അപ്രകാരം പൂർണമായ ദൈവശ്വാസീയമായ വചനം നമ്മുടെ കൈകളിൽ പുസ്തകരൂപമായി നൽകപ്പെട്ടു. അതാകുന്നു ബൈബിൾ.

# ബൈബിൾ

- *ബൈബിളിൽ അടങ്ങിയിരിക്കുന്ന വസ്തുതകൾ: ദൈവഹിതം, മനുഷ്യന്റെ അവസ്ഥ, രക്ഷാമാർഗ്ഗം, പാപികളുടെ നാശം, വിശ്വാസികളുടെ അനുഗ്രഹം.*
- *അതിലെ ഉപദേശം വിശുദ്ധമാണ്, നിയമങ്ങൾ ഉറപ്പുള്ളതാണ്, ചരിത്രം സത്യമാണ്,കൂടാതെ കല്പനകൾ അചഞ്ചലമാണ്.*
- *ജ്ഞാനിയാകുവാൻ അത് വായിക്കുക; രക്ഷ പ്രാപിപ്പാൻ വിശ്വസിക്കുക; വിശുദ്ധനാകുവാൻ അത് പരിശീലിക്കുക.*
- *നിന്നെ നേർവഴിയിൽ അത് നടത്തും, നിന്റെ ആത്മാവിനെ പോഷിപ്പിക്കും, നിന്റെ ഹൃദയത്തെ സന്തോഷിപ്പിക്കും.*
- *സഞ്ചാരിയുടെ ഭൂപടമാണിത്, നാവികന്റെ ദിശാസൂചിയാണ്, പടയാളിയുടെ ഖഡ്ഗമാണ്.*
- *ഇവിടെ സ്വർഗം തുറന്നിരിക്കുന്നു; നരകവാതിലുകൾ ബന്ധിക്കപ്പെടുന്നു. ക്രിസ്തുവാണ് ബൈബിളിൽ എല്ലായിടത്തും.*
- *ബൈബിൾ നമ്മുടെ ഓർമ്മകളിൽ നിറയേണം,ഹൃദയങ്ങളെ ഭരിക്കേണം, പാദങ്ങളെ നടത്തേണം.*
- *അത് തന്നേ വായിക്കേണം, ധ്യാനിക്കേണം, പ്രാർത്ഥിക്കേണം.*
- *അതാകുന്നു ആത്മീകസമ്പത്തിന്റെ ഉറവിടം, പ്രാണന് സൗഖ്യം, ആനന്ദനദിയുടെ ആവിർഭാവം.*
- *അത് നിനക്ക് ഉത്തരവാദിത്വം നൽകുന്നു, വിശ്വസ്ത ശുശ്രൂഷയ്ക്ക് നിത്യപ്രതിഫലം ഏകുന്നു. അതിനെ തള്ളികളയുന്നവനോ ഹാ നഷ്ടം അത്രേ.*

# പാഠം 1- ചോദ്യങ്ങൾ

## A. പൂരിപ്പിക്കുക.

1. ബൈബിൾ എന്നത് .........-ഓളം എഴുത്തുകാരാൽ ............വർഷത്തെ കാലയളവിനുള്ളിൽ രചിക്കപ്പെട്ട ...........-ഓളം പുസ്തകങ്ങളുടെ സമാഹാരമാണ്.
2. ദൈവത്തിന്റെ മനുഷ്യർ, പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെട്ടു എഴുതിയതാണ് ............................ .
3. എല്ലാ തിരുവെഴുത്തും ദൈവ...................................(2 തിമോഥി 3:16-17).
4. ബൈബിൾ പഠിപ്പിക്കുന്നത് എന്ത് എന്ന് കൃത്യമായി മനസിലാക്കിയാൽ മാത്രമാണ് ദൈവത്തിന്റെ ............................നമുക്ക് ചെയ്യാനാകൂ.
5. .............................യും, അതിലുള്ള സർവവും സൃഷ്ടിച്ച ഒരു ദൈവമേയുള്ളൂ.
6. ആദിയിൽ ദൈവം ......................... , ......................... സൃഷ്ടിച്ചു.
7. ദൈവീകത്വത്തിലെ മൂന്ന് വ്യക്തികളാണ് ......................., ..................., ........................ .
8. പഴയനിയമത്തിൽ....................പുസ്തകങ്ങളുണ്ട്;
   പുതിയനിയമത്തിൽ .................പുസ്തകങ്ങളുണ്ട്.
9. പഴയനിയമത്തിലെ ആദ്യ അഞ്ചുപുസ്തകങ്ങൾ എഴുതിയത് ...................യാണ്. അവ...................................എന്നറിയപ്പെടുന്നു.
10. ദൈവം ............................നെ തിരഞ്ഞെടുത്തു; അവന്റെ സന്തതികൾ ............................എന്നറിയപ്പെട്ടു. ആ ജനത്തിലൂടെ ................................ സകലരുടെയും രക്ഷിതാവായ് ഭൂമിയിൽ വന്നു.
11. പുതിയനിയമപുസ്തകങ്ങളിലെ കേന്ദ്രവ്യക്തി ...................................... ആണ്.
12. സുവിശേഷപുസ്തകങ്ങളിലെ പ്രധാന വിഷയം യേശുവിന്റെ .................... , .................................. , ................................ എന്നിവയാണ്.

B. ശരി(√) / തെറ്റ്(×) അടയാളപ്പെടുത്തുക.

1. .................. ബൈബിൾ എഴുത്തുകാർ സ്വന്ത ആശയങ്ങളാണ് അതിൽ എഴുതിയത്.

2. .................. ഓരോരുത്തരുടെയും സ്വന്തതാത്പര്യങ്ങൾക്കനുസരിച്ച് ബൈബിൾ വ്യാഖ്യാനിക്കുവാൻ ദൈവം അനുവദിച്ചു.

3. .................. പിതാവിന്റെ ഹിതം അനുസരിക്കുന്നവനാണ് ദൈവത്തെ പ്രസാദിപ്പിക്കുന്നത്.

4. .................. നാം എന്തിനെയെങ്കിലും ദൈവമായി ആരാധിച്ചാലും സേവിച്ചാലും കുഴപ്പമില്ല.

5. .................. ദൈവം ആത്മാവാകുന്നു; അവനു ശരീരമോ രക്തമോ ഇല്ല.

6. .................. പഴയനിയമത്തിൽ ചരിത്രം, പദ്യം, പ്രവചനം എന്നിവ അടങ്ങിയിരിക്കുന്നു.

7. .................. പുതിയനിയമം യേശുവിൽ കേന്ദ്രീകൃതമാണ്.

8. .................. പുതിയനിയമത്തിലെ ചരിത്രപുസ്തകമാണ് വെളിപ്പാട്.

9. .................. ദൈവത്തിന്റെ ഇഷ്ടം ചെയ്തു അവനെ അനുസരിക്കുന്നവർക്ക് മാത്രമാണ് ദൈവം പ്രതിഫലം നൽകൂ.

10. .................. ദൈവത്തിനു സ്വീകാര്യമായ വിധത്തിൽ പ്രസാദിപ്പിക്കണമെങ്കിൽ, ബൈബിൾ വ്യക്തമായി അറിഞ്ഞിരിക്കണം.

# യേശുക്രിസ്തു - ദൈവപുത്രൻ

## *JESUS- THE DIVINE SON OF GOD*

> **"ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ മറ്റു അനേകം അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു. എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിന്നും വിശ്വസിച്ചിട്ടു അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിനും ഇതു എഴുതിയിരിക്കുന്നു "** (യോഹന്നാൻ 20:30-31).

ഉല്പത്തി പുസ്തകത്തിൽ ദൈവം ആദ്യ പുരുഷനെയും(ആദം) സ്ത്രീയെയും(ഹവ്വ) തന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കുകയും അവരെ തികവുള്ള ഒരു ലോകത്തിലേക്ക്, ഏദെൻ തോട്ടത്തിൽ തന്നേ, ആക്കിവയ്ക്കുകയും ചെയ്തു. പാപം ചെയ്യാതിരിപ്പാനും ദൈവത്തെ മാത്രം അനുസരിച്ചു നടക്കേണ്ടതിനും ചില കല്പനകൾ ദൈവം അവർക്ക് നൽകിയെങ്കിലും, അവർ ആ കല്പനകൾ ലംഘിച്ചു. *ദൈവനിയമങ്ങളെ ലംഘിക്കുന്നതാണ് പാപം.* നാമും ആദാമിനെയും ഹവ്വയെയും പോലെ പാപം ചെയ്തു. എന്നാൽ "**പാപത്തിന്റെ ശമ്പളം മരണമത്രേ**" (റോമർ 6:23). ഇവിടെ അർത്ഥമാക്കുന്ന മരണം, ശരീരത്തിൽ നിന്നും ആത്മാവ് വേർപെട്ടുപോകുന്ന ഭൗതികമരണമല്ല; മറിച്ച് ദൈവത്തിൽ നിന്നും മനുഷ്യാത്മാവ് *നിത്യമായി വേർപെട്ടുപോകുന്ന* അവസ്ഥയാണ് (ആത്മീക മരണം). 2 തെസ്സലോനിക്യ ലേഖനത്തിൽ, ഈ മരണത്തെ (അഥവാ വേർപാടിനെ) നാം ഇങ്ങനെ വായിക്കുന്നു:

> "**കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്നു അഗ്നിജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ...,സുവിശേഷം അനുസരിക്കാത്തവർ, കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടുകൂടിയ മഹത്വവും വിട്ടകന്നു നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും**"
> (2 തെസ്സലോ1:6-10).

നിത്യമായ ഈ നാശത്തെ ഒഴിവാക്കണമെങ്കിൽ നാം ദൈവത്തെ മനസ്സിലാക്കുകയും സുവിശേഷം എപ്രകാരമാണ് അനുസരിക്കേണ്ടതെന്ന് പഠിച്ചിരിക്കുകയും വേണം. ബൈബിൾ നമുക്ക് ദൈവത്തെയും രക്ഷാമാർഗ്ഗത്തെയും വെളിപ്പെടുത്തുന്നു. മനുഷ്യനെ, അവന്റെ പാപങ്ങളിൽനിന്നും വീണ്ടെടുക്കുവാനുള്ള തന്റെ പദ്ധതി ഏദെൻ തോട്ടത്തിൽ വച്ച് ദൈവം പ്രഖ്യാപിച്ചു. മനുഷ്യൻ പാപം ചെയ്തപ്പോൾ അവനു വരേണ്ടുന്ന ശിക്ഷയെ ദൈവം വിധിച്ചപ്പോൾ, ആ നിമിഷത്തിൽ തന്നേ പാപമോചനത്തിനുള്ള വഴിയും വിധിച്ചു (ഉൽപ്പത്തി 3:15).

പിന്നീട് അബ്രാഹാമിനെയും അവന്റെ സന്തതിയെയും തന്റെ ജനമായി തിരഞ്ഞെടുത്തപ്പോൾ, അവനോടു ദൈവം വാഗ്ദത്തം ചെയ്തത്: "**നിന്റെ സന്തതി മുഖാന്തരം ഭൂമിയിലെ സകലജാതികളും അനുഗ്രഹിക്കപ്പെടും** "(ഉൽപ്പത്തി 26:4; 28:14). സകല ജാതികളെയും അനുഗ്രഹിക്കുന്ന ഈ സന്തതി യേശുക്രിസ്തുവാകുന്നു (ഗലാത്യർ 3:16). പഴയനിയമത്തിൽ അബ്രഹാമിന് ലഭിച്ച വാഗ്ദാനപ്രകാരം അവന്റെ സന്തതിയായി, സകലർക്കും രക്ഷകനായി അവതരിച്ചത് യേശുവാണ്. പുതിയനിയമത്തിലെ കേന്ദ്രകഥാപാത്രവും യേശുക്രിസ്തുവാകുന്നു.

## യേശു നിസ്തുലനാണ്

**യേശു**, രണ്ടായിരം വർഷങ്ങൾക്കു മുൻപ് ഭൂമിയിൽ അവതരിച്ചു. ഈ ഭൂമിയിൽ, പൂർണമായും മനുജനായും ദൈവമായും ജീവിച്ച ഒരേയൊരു വ്യക്തി അവൻ മാത്രമാണ്. ഇതു മനസ്സിലാക്കുവാൻ അല്പം പ്രയാസമാണ്; എങ്കിലും ദൈവവചനം അത് സാക്ഷ്യപ്പെടുത്തുന്നു:

> "**ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവം ആയിരുന്നു** " (യോഹന്നാൻ 1:1).

> "**വചനം ജഡമായി തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ, അവന്റെ തേജസ്സ്, പിതാവിൽ നിന്നു ഏകജാതനായവന്റെ തേജസ്സായി കണ്ടു** " (യോഹന്നാൻ 1:14).

ഭൗതികമായി, യേശു അബ്രഹാമിന്റെ സന്തതിയാണ്. അതേസമയം ത്രിയേകദൈവത്തിലെ ഒരു ആളത്വവുമാണ് (അഥവാ ദൈവം തന്നെയാണ്). വചനമാകുന്ന ആ ദൈവം നമ്മെപ്പോലെ ഒരു മനുഷ്യനായി അവതരിച്ചു. "**അവനിലല്ലോ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നതു**" (കൊലൊസ്സ്യർ 2:9).

യേശുവിനു ഭൗതികമായ മാതാപിതാക്കളുണ്ട്; ആത്മീയനായ പിതാവുമുണ്ട്. യേശുവിന്റെ ജനനത്തിനു മുമ്പേ മറിയയോട് ഒരു സ്വർഗീയ ദൂതൻ അരുളി ചെയ്തു:

"**ദൂതൻ അവളോടു: മറിയയേ, ഭയപ്പെടേണ്ടാ; നിനക്കു ദൈവത്തിന്റെ കൃപ ലഭിച്ചു. നീ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിക്കും; അവന് യേശു എന്നു പേർ വിളിക്കേണം** " (ലൂക്കോസ് 1:30-31).

"**മറിയ ദൂതനോടു: ഞാൻ പുരുഷനെ അറിയായ്കയാൽ ഇതു എങ്ങനെ സംഭവിക്കും എന്നു പറഞ്ഞു. അതിന്നു ദൂതൻ: പരിശുദ്ധാത്മാവു നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും; ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധപ്രജ ദൈവപുത്രൻ എന്നു വിളിക്കപ്പെടും"** (ലൂക്കോസ് 1:34-35).



എന്നാൽ യേശു പാതി മനുഷ്യനും പാതി ദൈവവുമായിരുന്നില്ല. തന്റെ മാനുഷികതയെ പരാമർശിച്ചുകൊണ്ട് ചിലപ്പോൾ 'മനുഷ്യപുത്രൻ'(Son of Man) എന്നും ദൈവീകത്വത്തെ അടയാളപ്പെടുത്തിക്കൊണ്ട് 'ദൈവപുത്രൻ' (Son of God) എന്നും യേശു തന്നെത്താൻ വിളിച്ചിരുന്നു. 'പുത്രൻ (Son of)' എന്ന ഉപവാക്യം (phrase) ബൈബിളിൽ, ഒരുവൻ തന്റെ പിതാവിന്റെ സ്വഭാവം കൈവരിച്ച അവസ്ഥയെ കാണിക്കുന്നതിന് ഉപയോഗിച്ചിരിക്കുന്നു. ആകയാൽ ഒരേ സമയം പൂർണ ദൈവവും പൂർണ മനുഷ്യനായും ക്രിസ്തു ഈ ഭൂവിൽ ജീവിച്ചു!.

"**ക്രിസ്തുയേശുവിലുള്ള ഭാവം തന്നേ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചു കൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു, മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു, വേഷത്തിൽ മനുഷ്യനായി വിളങ്ങി, തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നേ, അനുസരണമുള്ളവനായിത്തീർന്നു**" (ഫിലിപ്പിയ 2:5-8).

## <u>യേശു നിത്യനാണ്</u>

ഒരിക്കൽ യേശു തന്റെ അടുക്കൽ നിന്ന യഹൂദന്മാരോട് പറഞ്ഞു: "**അബ്രാഹാം ജനിച്ചതിന് മുമ്പേ *ഞാൻ ഉണ്ട്*"** (യോഹന്നാൻ 8:58). അബ്രഹാം ജനിച്ചു രണ്ടായിരം

വർഷങ്ങൾക്കു ശേഷമാണ് ക്രിസ്തു ഭൂമിയിൽ പിറവിയെടുക്കുന്നത്. എന്നാൽ ക്രിസ്തുവിന്റെ പ്രസ്താവനകളിലെ '***ഞാൻ ഉണ്ട്', 'ഞാൻ ആകുന്നു'*** എന്ന പദങ്ങൾ, അവന്റെ നിത്യ-അസ്ഥിത്വത്തെ വ്യക്തമായി കാണിക്കുന്നു. പിതാവായ ദൈവമാണ് യേശുവിനെ ഭൂമിയിലേക്ക് അയച്ചത് (യോഹന്നാൻ 5:23). അവൻ സ്വർഗത്തിൽ നിന്നും ഇറങ്ങിവന്നു (യോഹന്നാൻ 6:38), തിരികെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുകയും ചെയ്തു (യോഹന്നാൻ 13:3, അപ്പോസ്തോല പ്രവൃത്തി 1:9,11). താൻ ദൈവത്തിനു തുല്യനാണ് എന്ന് യേശു അസന്നിഗ്ദ്ധമായി പ്രസ്താ-വിച്ചപ്പോൾ (യോഹന്നാൻ 5:17-18), യഹൂദർ അവനെ കൊന്നുകളവാൻ ശ്രമിച്ചു.

## യേശു രക്ഷകനാണ്

**'യേശു'** എന്ന നാമത്തിന്റെ അർത്ഥം 'രക്ഷകൻ' എന്നത്രേ. ദൈവദൂതൻ മറിയയോട് കല്പിച്ചപ്രകാരം അവനു യേശു എന്ന് പേര് വിളിച്ചു (ലൂക്കോസ് 1:31). എന്തുകൊണ്ട്? മത്തായി 1:21-ൽ അതിന്റെ കാരണം പറയുന്നു.

> "**അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്ക കൊണ്ടു നീ അവന്നു യേശു എന്നു പേർ ഇടേണം**" (മത്തായി 1:21)

മനുഷ്യരെ രക്ഷിക്കുക എന്ന ഒറ്റ ഉദ്ദേശത്തോടെയാണ് യേശു സ്വർഗം വിട്ടു ഭൂമിയിൽ കടന്നുവന്നത്. മനുഷ്യരെ പാപങ്ങളിൽ നിന്നും രക്ഷിപ്പാൻ ശക്തിയുള്ള ദൈവപുത്രനാണ് താൻ, എന്ന് തെളിയിക്കുവാൻ വേണ്ടിയാണ് യേശു ദേഹരൂപത്തിൽ, നമുക്ക് കാണാനാകുംവിധം വന്നത്. യേശു ചെയ്ത അത്ഭുതങ്ങളും അടയാളങ്ങളും അവൻ ആരാണെന്നു തെളിയിച്ചു.

> "**യിസ്രായേൽ പുരുഷന്മാരേ, ഈ വചനം കേട്ടു കൊൾവിൻ. നിങ്ങൾ തന്നേ അറിയുംപോലെ ദൈവം അവനെക്കൊണ്ടു നിങ്ങളുടെ നടുവിൽ ചെയ്യിച്ച ശക്തികളും അത്ഭുതങ്ങളും അടയാളങ്ങളും കൊണ്ടു ദൈവം നിങ്ങൾക്കു കാണിച്ചു തന്ന പുരുഷനായി നസറായനായ യേശുവിനെ............**"
> (അപ്പോസ്തോല പ്രവൃത്തി 2:22-23).

> "**ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്നതല്ലാതെ മറ്റു അനേകം അടയാളങ്ങളും യേശു തന്റെ ശിഷ്യന്മാർ കാൺകെ ചെയ്തു. എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിന്നും വിശ്വസിച്ചിട്ടു അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിനും ഇതു *എഴുതിയിരിക്കുന്നു*** " (യോഹന്നാൻ 20:30-31).

മുപ്പത്തെട്ടു ആണ്ടു രോഗം പിടിച്ചു കിടന്നോരു മനുഷ്യനെ യേശു സൗഖ്യമാക്കി (യോഹന്നാൻ 5:5-9). അഞ്ചപ്പവും രണ്ടു മീനും കൊണ്ട് അയ്യായിരത്തിലധികം പേരെ പോഷിപ്പിച്ചു (യോഹന്നാൻ 6:9-14). യേശു, ജന്മനാ കുരുടനായവന് കാഴ്ച നൽകി (യോഹന്നാൻ 9:1-7). യേശു മരണത്തിൽ നിന്നും ലാസറിനെ ഉയിർപ്പിച്ചു! (യോഹന്നാൻ 11:38-44). എത്രയോ അത്ഭുതങ്ങൾ യേശു ചെയ്തു. തത്ഫലമായി :

> "**അവൻ ചെയ്ത അടയാളങ്ങൾ കണ്ടിട്ടു പലരും അവന്റെ നാമത്തിൽ വിശ്വസിച്ചു**" (യോഹന്നാൻ 2:23).

> "**അവൻ രോഗികളിൽ ചെയ്യുന്ന അടയാളങ്ങളെ കണ്ടിട്ടു ഒരു വലിയ പുരുഷാരം അവന്റെ പിന്നാലെ ചെന്നു** " (യോഹന്നാൻ 6:2).

> "**റബ്ബീ, നീ ദൈവത്തിന്റെ അടുക്കൽ നിന്നു ഉപദേഷ്ടാവായി വന്നിരിക്കുന്നു എന്നു ഞങ്ങൾ അറിയുന്നു; ദൈവം തന്നോടു കൂടെ ഇല്ലെങ്കിൽ നീ ചെയ്യുന്ന ഈ അടയാളങ്ങളെ ചെയ്‌വാൻ ആർക്കും കഴികയില്ല** "
> (യോഹന്നാൻ 3:2).

യേശു ലാസറിനെ മരണത്തിൽ നിന്നും ഉയിർപ്പിച്ചത് കണ്ടപ്പോൾ അനേകം യഹൂദർ അവനിൽ വിശ്വസിച്ചെങ്കിലും മഹാപുരോഹിതന്മാരാകട്ടെ, അസൂയ നിറഞ്ഞു യേശുവിനെ കൊല്ലുവാൻ നിർണയിച്ചു (യോഹന്നാൻ 12:9-11); അവർ അത് പ്രവൃത്തിക്കയും ചെയ്തു. ലോകത്തിന്റെ സകല പാപങ്ങൾക്കും പരിഹാരമായി യേശുക്രിസ്തു ക്രൂശിൽ മരിക്കേണം എന്നത് ദൈവത്തിന്റെ നിത്യപദ്ധതിയായിരുന്നു. അത് ഏദൻ തോട്ടത്തിൽ വച്ചേ പ്രഖ്യാപിക്കപ്പെട്ടതുമാണ്. യേശു നമുക്കു പകരക്കാരനായി മരിച്ചത്, അവൻ പാപമില്ലാത്തവനായതിനാലാണ്. അവൻ പാപരഹിതനായി ഭൂമിയിൽ ജീവിച്ചതിനാൽ നമ്മുടെ പാപങ്ങൾ ക്രൂശിൽ ചുമന്നു. എന്നാൽ ദൈവമോ അവനെ മരണത്തിൽ നിന്നും ഉയിർപ്പിച്ചു. ഈ സുവിശേഷ സന്ദേശത്തെ, പെന്തക്കുസ്താനാളിൽ അപ്പോസ്തോലനായ പത്രോസ് ഉറക്കെ പ്രസ്താവിച്ചു:

> "**യിസ്രായേൽ പുരുഷന്മാരേ, ഈ വചനം കേട്ടു കൊൾവിൻ. നിങ്ങൾ തന്നേ അറിയുംപോലെ ദൈവം അവനെക്കൊണ്ടു നിങ്ങളുടെ നടുവിൽ ചെയ്യിച്ച ശക്തികളും അത്ഭുതങ്ങളും അടയാളങ്ങളും കൊണ്ടു ദൈവം നിങ്ങൾക്കു കാണിച്ചു തന്ന പുരുഷനായി നസറായനായ യേശുവിനെ ദൈവം തന്റെ സ്ഥിരനിർണ്ണയത്താലും മുന്നറിവിനാലും ഏല്പിച്ചിട്ടു, നിങ്ങൾ അവനെ അധർമ്മികളുടെ കയ്യാൽ തറെപ്പിച്ചു കൊന്നു; ദൈവമോ മരണ പാശങ്ങളെ**

**അഴിച്ചിട്ടു അവനെ ഉയിർത്തെഴുന്നേല്പിച്ചു. മരണം അവനെ പിടിച്ചു വെക്കുന്നതു അസാദ്ധ്യമായിരുന്നു**" (അപ്പോസ്തോല പ്രവൃത്തി 2:22-24).

"**ഈ യേശുവിനെ ദൈവം ഉയിർത്തെഴുന്നേല്പിച്ചു: അതിന്നു ഞങ്ങൾ എല്ലാവരും സാക്ഷികൾ ആകുന്നു**"
(അപ്പോസ്തോല പ്രവൃത്തി 2:31-32).

" **ആകയാൽ നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ തന്നേ ദൈവം കർത്താവും ക്രിസ്തുവുമാക്കിവെച്ചു എന്നു യിസ്രായേൽ ഗൃഹം ഒക്കെയും നിശ്ചയമായി അറിഞ്ഞുകൊള്ളട്ടെ** "(അപ്പോസ്തോല പ്രവൃത്തി 2:36).

പാപികളായ മനുഷ്യർ, പാപമില്ലാത്ത തന്നെ ക്രൂശിക്കുവാൻ, യേശുക്രിസ്തു അനുവദിച്ചു; അങ്ങനെ നമ്മുടെ പാപങ്ങളുടെ മോചനത്തിനായ്, അവന്റെ നിഷ്കളങ്കരക്തം ചൊരിഞ്ഞു. എപ്രകാരം ആ പാപക്ഷമയെ നമുക്ക് പ്രാപിക്കുവാൻ സാധിക്കും എന്ന് അടുത്ത പാഠങ്ങളിൽ പഠിക്കാം.

# പാഠം 2- ചോദ്യങ്ങൾ

## A. പൂരിപ്പിക്കുക.

1. ആദ്യത്തെ മനുഷ്യൻ ………..……..., ആദ്യത്തെ സ്ത്രീ …...……....… . അവരെ ദൈവം …………...തോട്ടത്തിൽ ആക്കിവച്ചു.
2. ദൈവകല്പനയെ ലംഘിക്കുന്നത് …………… ആകുന്നു.എന്നാൽ ഈ പ്രശ്നത്തിനു പരിഹാരമുണ്ട്.
3. നാം ...........................ലൂടെ ദൈവത്തിന്റെ അടുക്കലേക്കു വരികയും സുവിശേഷം .............................എപ്രകാരമെന്നു പഠിക്കും .
4. ‘ദൈവപുത്രൻ ‘ എന്നത് യേശുവിന്റെ ...................................യും ‘മനുഷ്യപുത്രൻ’ എന്നത് ………..……...………………യും സൂചിപ്പിക്കുന്നു..
5. ‘യേശു’ എന്ന നാമത്തിന്റെ അർത്ഥം ………………………..…..... .
6. യേശു ദൈവപുത്രനാണെന്ന്, അവൻ ചെയ്ത ……………..… , ………………………… തെളിയിച്ചു..
7. യേശു മരണത്തിൽ നിന്നും …………………………….നെ ഉയിർപ്പിച്ചു.
8. മഹാപുരോഹിതന്മാർ ............................നിറഞ്ഞു യേശുവിനെ …………………. ശ്രമിച്ചു.
9. ദൈവം യേശുവിനെ മരണത്തിൽ നിന്നും …………...……,താൻ ഇരിക്കുന്നിടമായ ………………………..… ഇരുത്തി. .
10. നമ്മുടെ പാപക്ഷമക്കായി യേശുവിന്റെ നിഷ്കളങ്ക................... ചൊരിയപ്പെട്ടു.
11. നിത്യശിക്ഷാവിധിയിൽനിന്നും രക്ഷ പ്രാപിക്കണമെങ്കിൽ സുവിശേഷം …………………….. .
12. മനുഷ്യന്റെ ………………ഉള്ള ദൈവത്തിന്റെ നിത്യപദ്ധതി ഏദേൻ തോട്ടത്തിൽ വച്ച് ……………………….... .

**B. ശരി(√) / തെറ്റ്(×) അടയാളപ്പെടുത്തുക**

1. .................. പാപത്തിന്റെ കൂലി മരണമാണ്. അത് ദൈവത്തിൽ നിന്നുള്ള നിത്യമായ വേർപാടാണ്.
2. .................. പുതിയനിയമത്തിലെ കേന്ദ്ര കഥാപാത്രം യേശുക്രിസ്തുവാണ്.
3. .................. യേശു നിത്യനല്ല.
4. .................. പാതി മനുഷ്യനും പാതി ദൈവവുമായാണ് യേശു ഭൂമിയിൽ ജീവിച്ചത്.
5. .................. യേശു കന്യകയായ മറിയയിലാണ് ഭൂമിയിൽ ജന്മമെടുത്തത്.
6. .................. യേശു, പിതാവായ ദൈവത്തോട് തുല്യനാണ്.
7. .................. യേശു ഒരിക്കലും പാപം ചെയ്തിട്ടില്ല..
8. .................. യേശുവിന്റെ ക്രൂശുമരണം ആകസ്മികമാണ്. ദൈവത്തിന്റെ മുന്നറിവ് അല്ല അത്.
9. .................. യേശു ക്രൂശിൽ മരിച്ചില്ല എങ്കിൽ ആരും രക്ഷിക്കപ്പെടില്ല.
10. .................. യേശു ക്രിസ്തു ചെയ്ത അടയാളങ്ങൾ, അവൻ ദൈവമാണെന്ന് തെളിയിക്കുന്നു.

പാഠം 3

# പാപത്തിന്റെ പ്രശ്നം

## *THE PROBLEM OF SIN*

താങ്കൾ എന്തെങ്കിലും കാര്യം തെറ്റാണു ചെയ്യുന്നതെന്ന് അറിഞ്ഞുകൊണ്ട് ചെയ്തിട്ടുണ്ടോ? ആ പ്രവൃത്തിയെ 'പാപം' എന്ന് ബൈബിൾ വിളിക്കുന്നു. ദൈവം നമുക്ക് നൽകിയ കല്പനകളെ, അതായതു ധർമ്മത്തെ, നാം തിരസ്കരിക്കുന്നതിനെയാണ് പാപം (അധർമ്മം) എന്ന് വിളിക്കുന്നത്.

> "**പാപം ചെയ്യുന്നവൻ എല്ലാം അധർമ്മവും ചെയ്യുന്നു; പാപം അധർമ്മം തന്നേ**" (1യോഹന്നാൻ 3:4).

ചില കാര്യങ്ങൾ പാപമാണ് (ഉദാ: മോഷണം) എന്ന് ബൈബിൾ നമ്മെ പഠിപ്പിക്കുന്നു. കാരണം കള്ളന്മാർ അന്യായം ചെയ്യുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെട്ടിരിക്കുന്നു (1 കൊരിന്ത്യർ 6:9-10), അവർ സ്വർഗരാജ്യം അവകാശമാക്കയില്ല. പൗലോസ് വ്യക്തമായി പറയുന്നു: "**കള്ളൻ ഇനി കക്കാതെ**....." (എഫെസ്യർ 4:28). മോഷ്ടിക്കുന്നത് തിന്മയാണ്; നാം മോഷ്ടിക്കുന്നുവെങ്കിൽ, ദൈവനിയമം ലംഘിക്കുകയും പാപിയായിത്തീരുകയും ചെയ്യുന്നു.

സത്യം തള്ളിക്കളയുന്നതും പാപമാണ്; എന്നാലോ, ബൈബിൾ സത്യമാണ്. പാപമെന്ന പ്രശ്നത്തെ വ്യക്തമായി പ്രതിപാദിച്ച പുതിയനിയമപുസ്തകങ്ങളിൽ ഒന്ന്, റോമർക്കെഴുതിയ ലേഖനമാണ്. മനുഷ്യന് സത്യം അറിയാൻ കഴിഞ്ഞില്ല എന്നല്ല, മറിച്ചു സത്യത്തിൽ നിന്നും അവൻ പിന്തിരിഞ്ഞു, അതിനെ തള്ളികളഞ്ഞു എന്നതാണ് വാസ്തവം (റോമർ 1:18-20). അടുത്ത ചില വാക്യങ്ങൾ, മനുഷ്യവംശം എപ്രകാരം ദൈവത്തെയും ദൈവവചനത്തെയും കൈകാര്യം ചെയ്തു എന്ന് വെളിപ്പെടുത്തുന്നു:

> "**അവർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്നു ഓർത്തു മഹത്വീകരിക്കയോ നന്ദി കാണിക്കയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീർന്നു, അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി. ജ്ഞാനികൾ എന്നു പറഞ്ഞു കൊണ്ട് അവർ മൂഢരായിപ്പോയി; അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ അവർ ക്ഷയമുള്ള മനുഷ്യൻ, പക്ഷി, നാൽക്കാലി, ഇഴജാതി എന്നിവയുടെ രൂപസാദൃശ്യമായി**

**മാറ്റിക്കളഞ്ഞു. അതുകൊണ്ടു ദൈവം അവരെ തങ്ങളുടെ ഹൃദയങ്ങളിലെ മോഹങ്ങളിൽ സ്വന്തശരീരങ്ങളെ തമ്മിൽ തമ്മിൽ അവമാനിക്കേണ്ടതിന്നു അശുദ്ധിയിൽ ഏല്പിച്ചു. ദൈവത്തിന്റെ സത്യം അവർ വ്യാജമാക്കി മാറ്റി ക്കളഞ്ഞു, സൃഷ്ടിച്ചവനെക്കാൾ സൃഷ്ടിയെ ഭജിച്ചു ആരാധിച്ചു**" (റോമർ 1:21-25).

എല്ലാ മനുഷ്യരും സത്യം അറിയണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അതിനെ വേണ്ടിയാണ് ബൈബിൾ നമുക്ക് നൽകിയത്. എന്നാൽ ചിലർ അതിനെ തള്ളികളഞ്ഞു മൂഢന്മാർ ആകുമ്പോൾ, ദൈവം അതനുവദിക്കുന്നു; സത്യത്തെ ആരുടെ മേലും ബലാൽകാരത്തോടെ ദൈവം അടിച്ചേൽപ്പിക്കുന്നില്ല. ദൈവീകസത്യത്തെ തിരസ്കരിച്ചു വിഡ്ഢികളായിത്തീരുമ്പോൾ, മനസ്സ് അന്ധമായിത്തീരുകയും, നിത്യമായും നഷ്ടപ്പെട്ടു പോകാനിടവരികയും ചെയ്യുന്നു (2 കൊരിന്ത്യർ 4:3-4). സത്യത്തെ കൈക്കൊള്ളാതെ തിന്മയെ സ്നേഹിച്ചാൽ, നാം വഞ്ചിക്കപ്പെടും; അപ്പോൾ നമ്മെ സഹായിപ്പാൻ ദൈവത്തിനു കഴിയില്ല. അനേകർ നശിച്ചുപോയിരിക്കുന്നു, കാരണം: "**അവർ രക്ഷിക്കപ്പെടുവാന്തക്കവണ്ണം സത്യത്തെ സ്നേഹിച്ചു കൈക്കൊള്ളായ്കയാൽ തന്നേ**" (2 തെസ്സലോനിക്യർ 2:10).

***സർവ്വത്തിനും ഉപരിയായി നിങ്ങൾ സത്യത്തെ സ്നേഹിക്കുന്നുണ്ടോ?***

## എല്ലാവരും പാപം ചെയ്തു



അബ്രാഹാമിനെയും അവന്റെ സന്തതിയെയും ദൈവം തന്റെ പ്രത്യേക ജനമായി വേർതിരിച്ചപ്പോൾ, രണ്ടു തരം ജനവിഭാഗം അന്നുണ്ടായി: **അബ്രഹാമിന്റെ സന്തതികൾ** (പിന്നീട് അവർ യെഹൂദർ എന്നറിയപ്പെട്ടു), **പുറജാതികൾ** (മറ്റു വംശങ്ങളും രാജ്യങ്ങളും). എന്നാൽ റോമാലേഖനത്തിൽ യഹൂദന്മാരും പുറജാതികളും, ഒരുപോലെ പാപത്തിലകപ്പെട്ടു എന്ന് വ്യക്തമാക്കുന്നു. പുറജാതികൾ സത്യത്തെ തള്ളിക്കളഞ്ഞു, വിഗ്രഹാരാധികളായി; ദൈവനിയമം നൽകപ്പെട്ട യഹൂദരാകട്ടെ, അതിനെ പ്രമാണിച്ചുമില്ല. അങ്ങനെ എല്ലാവരും പാപം ചെയ്തു.

"**ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സു ഇല്ലാത്തവരായിത്തീർന്നു** " (റോമർ 3:23).

താങ്കളും പാപം ചെയ്തിട്ടില്ലേ? തീർച്ചയായും. മേൽപ്പറഞ്ഞ തിരുവെഴുത്ത് വ്യക്തമായി സൂചിപ്പിക്കുന്നു. കാരണം, നാം പാപത്തെ തിരഞ്ഞെടുത്തതാണ്.

ഒരുപക്ഷെ നാം ചോദിച്ചേക്കാം "എത്ര തരത്തിലുള്ള പാപമുണ്ട്?". വാസ്തവത്തിൽ, പാപം ബഹുവിധമാണ്. അതിൽ ചിലത് താഴെപറയുന്ന വേദഭാഗത്തിൽ വിശദമാക്കിയിട്ടുണ്ട്: റോമർ 1:29-32, 1 കൊരിന്ത്യർ 5:1; 6:9-10, ഗലാത്യർ 5: 19-21, എഫെസ്യർ 4: 26-32, 2 തിമോത്തി 3:1-5, വെളിപ്പാട് 21:8. ഈ പാപങ്ങളെ രണ്ടായി തരം തിരിക്കുമ്പോൾ:

<u>**ജഡികപാപങ്ങൾ**</u>: സ്വന്ത ജഡത്തിന്റെ താത്പര്യങ്ങളെ തൃപ്ത്തിപ്പെടുത്തുവാൻ ഉപയോഗിക്കുന്ന അധാർമിക മാർഗങ്ങളെ കുറിക്കുന്നു. മദ്യപാനം, വ്യഭിചാരം, സ്വവർഗരതി, പിടിച്ചുപറി തുടങ്ങിയവ ചില ഉദാഹരണങ്ങളാണ്.
എന്നാൽ ദൈവം തന്റെ മക്കളെ വിശുദ്ധരും നിർമലന്മാരുമായി കാണാൻ ആഗ്രഹിക്കുന്നു.

> "**പണ്ടു നിങ്ങളുടെ അജ്ഞാനകാലത്തു ഉണ്ടായിരുന്ന മോഹങ്ങളെ മാതൃകയാക്കാതെ നിങ്ങളെ വിളിച്ച വിശുദ്ധന് ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാനടപ്പിലും വിശുദ്ധരാകുവിൻ. *"ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ"* എന്നു എഴുതിയിരിക്കുന്നുവല്ലോ**" (1 പത്രോസ് 1:15-16).

> "**പ്രിയമുള്ളവരേ, പ്രവാസികളും പരദേശികളുമായ നിങ്ങളെ ആത്മാവിനോടു പോരാടുന്ന ജഡമോഹങ്ങളെ വിട്ടകന്നു..**" (1 പത്രോസ് 2:11).

<u>**മനോഭാവത്തിലെ പാപങ്ങൾ**</u>: പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം മുഖപക്ഷം, ഭിന്നത, അസൂയ, പരദൂഷണം, നന്ദിയില്ലായ്മ, തുടങ്ങിയവ ഈ ഗണത്തിൽപ്പെടുന്നു. ഇത്തരം ചില പാപങ്ങൾ നമ്മുടെ അധരങ്ങളിലൂടെ വെളിപ്പെട്ടുവരുന്നു; ആകയാൽ മനോഭാവത്തെയും അധരങ്ങളെയും ഒരുപോലെ നിയന്ത്രിക്കേണ്ടത് ആവശ്യമാണ്. എന്നാൽ നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ ഹിതം കേൾക്കുക:

> "**പ്രിയമുള്ളവരേ, ഈ വാഗ്ദത്തങ്ങൾ നമുക്കു ഉള്ളതുകൊണ്ടു നാം ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മെത്തന്നേ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികെച്ചുകൊൾക**"
> (2 കൊരിന്ത്യർ 7:1).


ആയതിനാൽ തെറ്റായ കാര്യങ്ങൾ ചെയ്യരുത് എന്ന് മാത്രമല്ല; നന്മയും ഗുണകരവുമായ കാര്യങ്ങൾ പ്രവൃത്തിക്കുകയും വേണം. എന്തെന്നാൽ: "**നന്മ ചെയ്‌വാനറിഞ്ഞിട്ടും ചെയ്യാത്തവന് അതു പാപം തന്നേ"** (യാക്കോബ് 4:17).

## പാപത്തിന്റെ ശമ്പളം

നാം പാപത്തെ തിരഞ്ഞെടുക്കുമ്പോൾ എന്ത് സംഭവിക്കുന്നു? ദൈവവുമായുള്ള നമ്മുടെ ബന്ധം നഷ്ടപ്പെടുന്നു. മനുഷ്യനെ സൃഷ്ടിച്ച സമയത്ത് ആദമിനും ഹവ്വയ്ക്കും ദൈവത്തോട് ഉണ്ടായിരുന്ന ആ സവിശേഷ ബന്ധം, അവർ പാപം ചെയ്തപ്പോൾ നഷ്ടപ്പെട്ടു (ഉൽപ്പത്തി 3).

പഴയനിയമപ്രവാചകനായ യെശയ്യാവ്, യിസ്രായേൽ ജനത്തിന്റെ കഠിനമായ പാപാവസ്ഥ ചൂണ്ടിക്കാണിച്ചുകൊണ്ട് പ്രസ്താവിച്ചു:

> "**രക്ഷിപ്പാൻ കഴിയാതവണ്ണം യഹോവയുടെ കൈ കുറുകീട്ടില്ല; കേൾപ്പാൻ കഴിയാതവണ്ണം അവന്റെ ചെവി മന്ദമായിട്ടുമില്ല. നിങ്ങളുടെ അകൃത്യങ്ങൾ അത്രേ നിങ്ങളെയും നിങ്ങളുടെ ദൈവത്തെയും തമ്മിൽ ഭിന്നിപ്പിച്ചിരിക്കുന്നതു; നിങ്ങളുടെ പാപങ്ങൾ അത്രേ അവൻ കേൾക്കാതവണ്ണം അവന്റെ മുഖത്തെ നിങ്ങൾക്കു മറെക്കുമാറാക്കിയത്**" (യെശയ്യാ 59:1-2).




ദൈവം പരിശുദ്ധൻ ആകയാൽ, അവനു പാപത്തെ അംഗീകരിക്കാനോ, പാപത്തോട് കൂട്ടായ്മ കാണിക്കാനോ സാധ്യമല്ല. അതോടൊപ്പം ദൈവം നീതിയുള്ള ന്യായാധിപനാകയാൽ, പാപത്തിനു ശിക്ഷ വിധിക്കുന്നവനുമാണ്. " **പാപത്തിന്റെ ശമ്പളം മരണമത്രേ"** (റോമർ 6:23). പാപത്തിന്റെ കുറ്റക്കാരായിതീർന്ന നാം മരിച്ചാൽ എന്ത് സംഭവിക്കും? നാം നഷ്ടപ്പെട്ടുപോകും; നിത്യമായി നശിച്ചു പോകും. എന്നാൽ ഇനി വരാനിരിക്കുന്ന അന്ത്യന്യായവിധിനാളിൽ, കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്നു അഗ്നിജ്വാലയിൽ പ്രത്യക്ഷനായി, ദൈവത്തെ അറിയാത്തവർക്കും, കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കും. ആ നാളിൽ യേശു വരുമ്പോൾ സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടുകൂടിയ മഹത്വവും വിട്ടകുന്നു നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും (2 തെസ്സലോനിക്യർ 1:6-10).

നാമെല്ലാവരും പാപം ചെയ്തു. ദൈവവുമായുള്ള നമ്മുടെ ബന്ധം ഛേദിക്കപ്പെട്ടു. ദൈവത്തിൽ നിന്നും സ്വർഗീയ അനുഗ്രഹങ്ങളിൽനിന്നും വേർപെട്ടതിനാൽ, നിത്യമരണം മാത്രമാണ് നാം അർഹിക്കുന്നത്. നാം ചെയ്ത പാപത്തിന്റെ ഫലമായാണ് ഈ ശിക്ഷ സമ്പാദിച്ചത്. ഈ നിത്യദണ്ഠനം അനുഭവിക്കാൻ നാമാരും ആഗ്രഹിക്കുന്നില്ല; എന്നാൽ നാം അർഹിക്കുന്നത് അത് മാത്രമാണ്.

നാം ദൈവത്തെ ധിക്കരിച്ചുവെങ്കിലും, ദൈവം നമ്മെ തന്റെ സന്നിധാനത്തിൽ നിന്നും എന്നേക്കുമായി പുറംതള്ളാൻ ആഗ്രഹിച്ചില്ല. അവൻ നീതിമാനും പരിശുദ്ധനും ആകയാൽ പാപത്തെ ശിക്ഷിക്കുക തന്നെ വേണം. എന്നാൽ നമ്മെ രക്ഷിക്കുവാനും ദൈവം ആഗ്രഹിച്ചു. അതുകൊണ്ട്, നമ്മുടെ പാപത്തിന്റെ ശിക്ഷയെ, തന്റെ പുത്രനായ, ഒട്ടും പാപമില്ലാത്തവനായ യേശുക്രിസ്തുവിൽ ചുമത്തികൊണ്ട്, നമ്മെ പാപമോചിതരാക്കുവാൻ ദൈവം തീരുമാനിച്ചു. യെശയ്യാ പ്രവാചകൻ യേശുവിനെ മുൻകൂട്ടി ദർശിച്ചത് വായിക്കുമ്പോൾ:

> "**എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾനിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾനിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെമേൽ ആയി, അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു.................... അവൻ തന്റെ പ്രാണനെ മരണത്തിന്നു ഒഴുക്കിക്കളകയും അനേകരുടെ പാപം വഹിച്ചും അതിക്രമക്കാർക്കു വേണ്ടി ഇടനിന്നുംകൊണ്ടു അതിക്രമക്കാരോടുകൂടെ എണ്ണപ്പെടുകയും ചെയ്കയാൽ തന്നേ** " (യെശയ്യാ 53:5, 12).

' ലംഘനം', 'അതിക്രമം' 'അകൃത്യം', 'അധർമം', എന്നീ പദങ്ങളെല്ലാം പാപത്തെയാണ് ബൈബിളിൽ അർത്ഥമാക്കുന്നത്.

അതേ, "**പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നേ**" (റോമർ 6:23). യേശു ദൈവമാണെന്ന് തിരിച്ചറിയുമ്പോൾ, 'ദൈവം നീതിമാനും, യേശുവിനെ വിശ്വസിക്കുന്നവരെ നീതീകരിക്കുന്നവനും ആകുന്നു' എന്ന് റോമർ 3:26 -ൽ പൗലോസ് പ്രസ്താവിച്ചതിന്റെ അർത്ഥം മനസ്സിലാക്കാവുന്നതാണ്. ശ്രദ്ധയോടെ 2 തെസ്സലോനിക്യർ 1:6-10 വരെ വീണ്ടും വായിക്കുക.

ദൈവത്തെ താങ്കൾ അറിയുന്നുവോ? താങ്കൾ സുവിശേഷം അനുസരിച്ചുവോ? ഇല്ല എന്നാണ് ഉത്തരമെങ്കിൽ, ഇപ്പോഴും പാപത്തിൽ നഷ്ടപ്പെട്ട

നിലയിലാണ് താങ്കൾ. എന്നാൽ ഒരു രക്ഷാമാർഗം ക്രിസ്തുയേശുവിലൂടെ താങ്കൾക്കായി തുറക്കപ്പെട്ടിരിക്കുന്നു. ക്രിസ്തുവിൽ, നമ്മുടെ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പു ഉണ്ട്. ക്രിസ്തുവിലൂടെയുള്ള ആ രക്ഷയെക്കുറിച്ചു അടുത്ത പാഠത്തിൽ മനസിലാക്കാം.

# പാഠം 3- ചോദ്യങ്ങൾ

## A. പൂരിപ്പിക്കുക.

1. ദൈവകല്പനയെ തള്ളികളയുന്നത് ………..………………… ആകുന്നു..
2. മനുഷ്യർ ദൈവത്തിന്റെ സത്യത്തെ ……..…………………..ആക്കി മാറ്റികളഞ്ഞു (റോമർ 1:25).
3. രക്ഷിക്കപ്പെടുവാൻ ഒരു വ്യക്തി ……………..……….. ...അറിയേണം.
4. വ്യഭിചാരം, മദ്യപാനം, പുകവലി തുടങ്ങിയവ ……………………..പാപമാണ് .
5. മനോഭാവത്തിൽ വരുന്ന പാപങ്ങളാണ് ............................,. ..................,. ..................... .
6. നന്മ ചെയ്‌വാനറിഞ്ഞിട്ടും ചെയ്യാത്തവന് അതു .......................... തന്നേ.
7. പാപത്തിന്റെ ശമ്പളം ......................... അത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ ................................. തന്നേ.
8. കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്നു അഗ്നിജ്വാലയിൽ പ്രത്യക്ഷനായി, ...................................... അറിയാത്തവർക്കും, കർത്താവായ യേശുവിന്റെ ...................................... അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കും.
9. നമ്മുടെ പാപത്തിന്റെ ശിക്ഷയെ, ...............................വിൽ ദൈവം ചുമത്തി, നമ്മെ പാപമോചിതരാക്കി.
10. ദൈവം നീതിമാനും വിശുദ്ധനും ആകയാൽ പാപത്തിനു ……………………… വിധിക്കും.
11. യേശു നമ്മുടെ ...................................നിമിത്തം മുറിവേറ്റും നമ്മുടെ ....................................നിമിത്തം തകർന്നും ഇരിക്കുന്നു.
12. രക്ഷാമാർഗ്ഗം ...................................ലൂടെ എനിക്കായി തുറക്കപ്പെട്ടിരിക്കുന്നു.

**B. ശരി(√) / തെറ്റ്(×) അടയാളപ്പെടുത്തുക.**

1. .................. പരദൂഷണം പാപമാണ്.
2. .................. സത്യം നിഷേധിക്കുക പാപമാണ്.
3. .................. മനുഷ്യർ നിത്യനാശത്തിൽ അകപ്പെടുവാൻ ദൈവം ആഗ്രഹിക്കുന്നില്ല.
4. .................. ലോകത്തിൽ ചില മനുഷ്യരെങ്കിലും പാപം ചെയ്തിട്ടില്ല.
5. .................. പാപം, നമുക്ക് ദൈവവുമായുള്ള ബന്ധത്തിൽ മാറ്റം വരുത്തുന്നില്ല.
6. .................. ദൈവം നമ്മെ സ്നേഹിക്കുന്നതുകൊണ്ട് നാം പാപം ചെയ്താലും അത് കണ്ടില്ല എന്ന് വയ്ക്കും.
7. .................. എല്ലാവരും നിത്യദണ്ഡനം മാത്രമാണ് അർഹിക്കുന്നത്.
8. .................. ദൈവത്തിനു പാപത്തെ ശിക്ഷിക്കേണ്ട ആവശ്യമില്ല.
9. .................. ദൈവം സത്യത്തെ, മനുഷ്യന്റെ തീരുമാനത്തിനു വിരോധമായി അവനിൽ അടിച്ചേൽപ്പിക്കുന്നു.
10. .................. യേശുക്രിസ്തു നമ്മുടെ പാപപരിഹാരത്തിനായി ക്രൂശിക്കപ്പെട്ടു.

*പാഠം 4*

# *പാപത്തിൽ നിന്നുള്ള രക്ഷ*

## *SALVATION FROM SIN*

നാമെല്ലാവരും പാപം ചെയ്തു (റോമർ 3:23), എല്ലാവരും മരണത്തിനു മാത്രം യോഗ്യരായിത്തീർന്നു (റോമർ 6:23). എന്നാൽ ദൈവം നമുക്ക് ഏറ്റവും വിലയേറിയതായ അനുഗ്രഹം സൗജന്യദാനമായി നൽകി; അത് യേശുക്രിസ്തു-വിലുള്ള നിത്യജീവനത്രേ. **"ദൈവത്തിന്റെ കൃപാവരമോ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നേ** "(റോമർ 6:23). സകല ജാതിയിലുള്ളവർക്കും സകല മനുഷ്യർക്കും, ഈ രക്ഷയെ സൗജന്യമായി നൽകുവാൻ ദൈവം മഹാകൃപ കാണിച്ചു. " **സകലമനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ"**. (തീത്തോസ് 2:11). നാം മത്സരികളും പാപികളുമായിട്ടുകൂടി, നമുക്ക് രക്ഷ പ്രാപിപ്പാനുള്ള അവസരം നൽകിത്തരികയാൽ, നമ്മോടുള്ള ദൈവത്തിന്റെ അഗാധമായ സ്നേഹം പ്രദർശിപ്പിക്കപ്പെട്ടു. "**ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു**" (റോമർ 5:8).

നമ്മുടെ പാപങ്ങളിൽ നിന്നും എപ്രകാരമാണ് ദൈവം നമ്മെ രക്ഷിക്കുന്നത്? ദൈവപുത്രനായ ക്രിസ്തു നമുക്ക് പകരക്കാരനായി വന്ന്, നമ്മുടെ പാപത്തിന്റെ കുറ്റവും ശിക്ഷയും ഏറ്റെടുക്കുവാൻ, പിതാവായ ദൈവം അനുവദിച്ചപ്പോഴാണ്, നമുക്കു ദൈവം രക്ഷയെ നൽകിയത്. നാം എല്ലാവരും പാപത്തിലകപ്പെട്ടതിനാൽ, മറ്റൊരാൾക്ക് പകരക്കാരൻ ആകുവാൻ ഒരു മനുഷ്യനും സാധിക്കില്ല. പാപമില്ലാത്ത ഒരു വ്യക്തിക്ക് മാത്രമേ, പകരക്കാരനാവാൻ സാധിക്കൂ. യേശുവിനെക്കുറിച്ച് ബൈബിൾ സാക്ഷ്യപ്പെടുത്തുന്നു: "**അവൻ പാപം ചെയ്തിട്ടില്ല; അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല**" (1 പത്രോസ് 2:22). അതുകൊണ്ട്, അവൻ നമുക്ക് പകരക്കാരനാകുവാൻ യോഗ്യനായി; നമുക്ക് ലഭിക്കേണ്ട ശിക്ഷയെ ഏറ്റെടുത്തു.

നമ്മുടെ രക്തം ചൊരിയേണ്ടിടത്തു, നിഷ്കളങ്കനായ ക്രിസ്തുവിന്റെ രക്തം ഒഴുക്കപ്പെട്ടു. നമ്മെ രക്ഷിപ്പാൻ ദൈവം കൊടുത്ത വില, തന്റെ പുത്രന്റെ നിഷ്കളങ്ക-രക്തമെന്ന യാഗമാണ്. "**രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനമില്ല**" (എബ്രായർ 9:22). യേശു പാപം ചെയ്തിട്ടില്ല എങ്കിലും, ദോഷികളും പാപികളുമായ മനുഷ്യർ തന്നെ അവനെ മരക്കുരിശിൽ തറപ്പിച്ചു കൊന്നു! ആ മരണം നമുക്ക്

പകരമായിരുന്നു. യേശുക്രിസ്തു,"**തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നു കൊണ്ടു ക്രൂശിന്മേൽ കയറി**" (1 പത്രോസ് 2:24). നമ്മുടെ വേദനയെ അവൻ സഹിച്ചു. അവൻ മരിച്ച സമയം, ഒരു പടയാളി അവന്റെ മാറിൽ കുന്തം കൊണ്ട് കുത്തിത്തുളച്ചപ്പോൾ, രക്തവും ജലവും പുറപ്പെട്ടു. (യോഹന്നാൻ 19:34). നമുക്കായി അവൻ ക്രൂശിൽ രക്തം ചൊരിഞ്ഞു. ആ രക്തത്താൽ, അവൻ നമ്മുടെ പാപങ്ങൾ കഴുകി, നമ്മെ പാപത്തിൽ നിന്നും മോചിപ്പിക്കുന്നു (വെളിപ്പാട് 1:6). നമ്മെ ശുദ്ധീകരിച്ചു, പാപമോചിതരാക്കാൻ, ക്രിസ്തുവിന്റെ രക്തത്തിനു മാത്രമേ സാധിക്കൂ.

നമ്മുടെ പാപങ്ങൾ , യേശുവിന്റെ രക്തത്താൽ കഴുകപ്പെട്ടില്ല എങ്കിൽ ദൈവത്തിന്റെ സാന്നിധ്യവും സ്വർഗീയാനുഗ്രഹങ്ങളും, നഷ്ടപ്പെട്ടു നിത്യനാശം എന്ന ശിക്ഷ അനുഭവിക്കേണ്ടിവരും (2 തെസ്സലോനിക്യർ 1:9).



സകല മനുഷ്യർക്കും പകരക്കാരനായി നിന്നുകൊണ്ട് ആത്മീകമരണത്തെ ക്രിസ്തു രുചിച്ചപ്പോൾ, അല്പനേരത്തേക്കെങ്കിലും, അവൻ തന്റെ പിതാവിൽ നിന്നും വേർപെട്ടു (എബ്രായർ 2:9). പിതാവിൽ നിന്നും വേർപെട്ടപ്പോൾ, ആ വേദന നിമിത്തം പുത്രനായ ക്രിസ്തു ഉറക്കെ നിലവിളിച്ചു: "**എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതു എന്തു**" (മത്തായി 27:46). നമ്മുടെ പാപങ്ങളെ, തന്റെ രക്തത്താൽ ശുദ്ധീകരിച്ചു, നമ്മുടെ ശിക്ഷയെ ഏറ്റെടുത്ത ക്രിസ്തുവിനു, ഇതിൽപരം, എങ്ങനെയാണ് തന്റെ അതുല്യസ്നേഹത്തെ നമ്മോടു കാണിക്കാനാകുക? ഇപ്പോൾ നമ്മുടെ മുന്നിലുദിക്കുന്ന ചോദ്യം ഇതാണ്: 'എങ്ങനെയാണ് ഞാൻ ഈ സ്നേഹത്തോട് പ്രതികരിക്കേണ്ടത്?' 'എങ്ങനെയാണ്, എന്റെ പാപങ്ങൾ കഴുകപ്പെടുവാൻ തക്കവണ്ണം ക്രിസ്തുവിനെ സ്വീകരിക്കേണ്ടത്?'.

## <u>രക്ഷക്കായി മനുഷ്യൻ ചെയ്യേണ്ടത് എന്ത്?</u>

രക്ഷ എന്നത് ദൈവത്തിന്റെ കൃപാദാനമാണ്; സകലമനുഷ്യർക്കും ലഭ്യവുമാണ്. എന്നാൽ നമുക്ക് നൽകപ്പെട്ടിരിക്കുന്ന ഈ രക്ഷയോട് നാം പ്രതികരിക്കേണ്ടത് ആവശ്യമാണ്. ഒരുവന്, രക്ഷയെ സ്വീകരിക്കാം, അല്ലെങ്കിൽ തള്ളിക്കളയാം. രക്ഷയോടുള്ള ബന്ധത്തിൽ നമ്മുടെ മനോഭാവവും പ്രവൃത്തിയും നേരുള്ളതല്ല എങ്കിൽ രക്ഷ നഷ്ടപ്പെട്ടു പോകും.

യേശു ക്രൂശിൽ മരിച്ചത് സർവ്വമനുഷ്യരുടെയും പാപങ്ങൾക്ക് വേണ്ടിയാണ്- ലോകത്തിലെ എല്ലാ മനുഷ്യരുടെയും എല്ലാ പാപങ്ങൾക്കും വേണ്ടി (1 യോഹന്നാൻ 2:2). എന്നാൽ **ദൈവം നൽകിയ ദാനം, സ്വീകരിക്കുന്നതിനുള്ള നിബന്ധനകളെ അനേകർ അംഗീകരിക്കാത്തതിനാൽ,** തങ്ങളുടെ രക്ഷ നഷ്ടപ്പെടുത്തിക്കളയുന്നു. രക്ഷ സൗജന്യദാനമാണ് എങ്കിലും, അത് സ്വീകരിക്കാൻ ദൈവം നൽകിയ വ്യവസ്ഥകൾ നാം പാലിക്കേണ്ടത് ആവശ്യമാണ്. ആ വ്യവസ്ഥകൾ എന്തെല്ലാമാണ്?

**ഒന്നാമതു, ദൈവം ഉണ്ട് എന്ന് വിശ്വസിക്കുകയും അറികയും വേണം.** ദൈവവചനം സാക്ഷ്യപ്പെടുത്തുന്നു: "**എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ടു എന്നും തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ** " (എബ്രായർ 11:6).

നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തമാകുവാൻ ദൈവം അയച്ച തന്റെ പുത്രനായ യേശുക്രിസ്തുവിൽ വിശ്വസിക്കേണം. "**ആകയാൽ നിങ്ങളുടെ പാപങ്ങളിൽ നിങ്ങൾ മരിക്കും എന്നു ഞാൻ നിങ്ങളോടു പറഞ്ഞു; ഞാൻ അങ്ങനെയുള്ളവൻ എന്നു വിശ്വസിക്കാഞ്ഞാൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും"** (യോഹന്നാൻ 8:24). [പാഠം 2-ൽ യേശുവിനെ രക്ഷകനായി നാം കണ്ടു കഴിഞ്ഞു].

രണ്ടാമത്, നമ്മുടെ പാപങ്ങളെക്കുറിച്ചു മാനസാന്തരപ്പെടുക. യേശു പ്രസ്താവിച്ചു: "**അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെതന്നേ നശിച്ചുപോകും**"(ലൂക്കോസ് 13:3). പത്രോസും മനുഷ്യരോട് ആവശ്യപ്പെട്ടു: "**ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞുകിട്ടേണ്ടതിന്നു മാനസാന്തരപ്പെട്ടു തിരിഞ്ഞുകൊൾവിൻ"** (അപ്പോസ്തോല പ്രവൃത്തി 3:19). 'മാനസാന്തരം' എന്ന പദം അർത്ഥമാക്കുന്നതെന്താണ്? അത് മനസ്സിലാക്കു-ന്നതിനായി, പാപം എന്തെന്ന് അറിഞ്ഞിരിക്കേണം (പാഠം 2 പരിശോധിക്കുക); മനുഷ്യനെ ദൈവത്തിൽ നിന്നകറ്റി, നിത്യനരകയോഗ്യനാക്കി മാറ്റുന്ന പാപത്തിന്റെ ഭവിഷ്യത്ത് ബോധ്യപ്പെടണം. നമ്മുടെ പാപങ്ങൾക്ക് പരിഹാരമായി ക്രിസ്തു തന്റെ രക്തം നമുക്കായി ചൊരിഞ്ഞു എന്നും ചിന്തിക്കേണം. ഇപ്രകാരം ദൈവം നമുക്ക് സൗജന്യമായി ഏകിയ രക്ഷയെ ധ്യാനിക്കുമ്പോൾ അത് നമ്മിൽ അനുതാപമുളവാക്കും; ഈ ദുഃഖം മാനസാന്തരത്തിലേക്ക് നയിക്കും. വെറും ദുഃഖം മാത്രമല്ല മാനസാന്തരം.

> "**ദൈവഹിതപ്രകാരമുള്ള ദുഃഖം അനുതാപം വരാത്ത മാനസാന്തരത്തെ രക്ഷെക്കായി ഉളവാക്കുന്നു; ലോകത്തിന്റെ ദുഃഖമോ മരണത്തെ ഉളവാക്കുന്നു** " (2 കൊരിന്ത്യർ 7:10).

പാപങ്ങളെക്കുറിച്ചു സത്യസന്ധമായി ഒരു വ്യക്തി അനുതപിക്കുന്നു എങ്കിൽ, അവന്റെ ചിന്താധാരകൾക്കും പ്രവൃത്തികൾക്കും പ്രകടമായ മാറ്റം വരും. യേശുവിനു വഴിയൊരുക്കുവാൻ വന്ന സ്നാപകയോഹന്നാൻ, ജനത്തോടു പറഞ്ഞു: "**മാനസാന്തരത്തിനു യോഗ്യമായ ഫലം കായിപ്പിൻ**" (ലൂക്കോസ് 3:8). അതായതു, നാം മാനസാന്തരപ്പെടുന്നുവെങ്കിൽ, നമ്മുടെ ജീവിതശൈലിയിലും മാറ്റം വരും. "**മാനസാന്തരപ്പെട്ടു ദൈവത്തിങ്കലേക്കു തിരിഞ്ഞു മാനസാന്തരത്തിന്നു യോഗ്യമായ പ്രവൃത്തികൾ ചെയ്യേണം**" (അപ്പോസ്തോല പ്രവൃത്തി 26:20) എന്നത് രക്ഷിക്കപ്പെടുവാനായി നമ്മോടു ദൈവം കല്പിച്ചിരിക്കുന്നു.

> " **എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണമെന്നു മനുഷ്യരോടു കല്പിക്കുന്നു"** (അപ്പോസ്തോല പ്രവൃത്തി 17:30-31).


> " **സകലമനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ; നാം ഭാഗ്യകരമായ പ്രത്യാശെക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതക്കായിട്ടും കാത്തുകൊണ്ടു ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ടു *ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടെ ജീവിച്ചുപോരേണ്ടതിന്നു* അതു നമ്മെ ശിക്ഷിച്ചു വളർത്തുന്നു" (**തീത്തോസ് 2:11-13).

ഒരു വ്യക്തി തന്റെ പാപസ്വഭാവത്തിൽ നിന്നും ദൈവീക സ്വഭാവത്തിലേക്കു മാറ്റപ്പെടുമ്പോൾ, അവന്റെ മനസ്സിനും ജീവിതത്തിനും സമൂല പരിവർത്തനം സംഭവിക്കുന്നു; അതിനെ മാനസാന്തരം എന്നർത്ഥമാക്കുന്നു. മാനസാന്തരപ്പെടുന്ന വ്യക്തി, ക്രിസ്തുവിലുള്ള തന്റെ വിശ്വാസത്തെ, അഥവാ **യേശു ദൈവപുത്രനാണ് എന്ന് ഏറ്റുപറയണം** (മത്തായി 10:32-33, അപ്പോസ്തോല പ്രവൃത്തി 8:37, 1 തിമോത്തി6:12). ക്രിസ്തുവിനെ വിശ്വസിക്കുകയും ഏറ്റുപറകയും ചെയ്യേണ്ടത് ആവശ്യമാണ്.

> **"യേശുവിനെ കർത്താവു എന്നു വായികൊണ്ടു ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയം കൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ടു നീതിക്കായി വിശ്വസിക്കയും വായി കൊണ്ടു രക്ഷെക്കായി ഏറ്റുപറകയും ചെയ്യുന്നു"** (റോമർ 10:9-10).

രക്ഷ പ്രാപിക്കുന്നതിനുള്ള ദൈവീകവ്യവസ്ഥയിൽ നാം **പാപമോചനത്തിനായി സ്നാനപ്പെടുകയും വേണം**. രക്ഷയിലേക്കു ഒരുവൻ പ്രവേശിക്കുന്നതിനായി സ്നാനം സ്വീകരിച്ചേ മതിയാകൂ. കാരണം അത് യേശുക്രിസ്തു ആവശ്യപ്പെട്ടു: "**വിശ്വസിക്കയും സ്നാനം ഏൽക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും**"(മർക്കോസ് 16:16). വിശ്വാസവും സ്നാനവും ഒരുപോലെ പ്രാധാന്യമുള്ളതാണ്. ഒരുവൻ വിശ്വസിക്കുകയും സ്നാനമേൽക്കയും ചെയ്യുമ്പോഴാണ് രക്ഷിക്കപ്പെടുന്നത്. ഏതെങ്കിലും ഒന്ന് മാത്രം ചെയ്താൽ പോരാ; പാപമോചനത്തിന് രണ്ടും ആവശ്യമാണ്.

യേശുക്രിസ്തുവിന്റെ സ്വർഗാരോഹണത്തിനു ശേഷമുള്ള ആദ്യ പെന്തക്കുസ്താ ദിനത്തിൽ, അപ്പോസ്തോലന്മാരുടെ മേൽ പരിശുദ്ധാത്മാവു വന്നതായും (അപ്പോസ്തോല പ്രവൃത്തി 2:1-4), അവർ സുവിശേഷം പ്രസ്താവിച്ചപ്പോൾ അനേകർ തങ്ങളുടെ പാപങ്ങളിൽ നിന്നും രക്ഷിക്കപ്പെട്ടു എന്നും



അപ്പോസ്തോല പ്രവൃത്തികളുടെ പുസ്തകത്തിൽ കാണാം. പത്രോസ് സുവിശേഷം പ്രസംഗിച്ചപ്പോൾ, തങ്ങൾ ദൈവപുത്രനായ ക്രിസ്തുവിനെയാണ് ക്രൂശിച്ചത് എന്ന് യഹൂദന്മാർക്ക് ബോധ്യമാകയും, 'പാപമോചനത്തിനായി തങ്ങൾ എന്ത് ചെയ്യേണ്ടൂ' എന്ന് അവർ പത്രോസിനോട് നിലവിളിച്ചു ചോദിക്കയും ചെയ്തു (അപ്പോസ്തോല പ്രവൃത്തി 2:36-37). എന്നാൽ,

"**പത്രൊസ് അവരോടു: നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കും**" (അപ്പോസ്തോല പ്രവൃത്തി 2:38).

"**അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനം ഏറ്റു; അന്നു മൂവായിരത്തോളം പേർ അവരോടു ചേർന്നു**" (അപ്പോസ്തോല പ്രവൃത്തി 2:41).

പത്രോസ് പ്രസംഗിച്ചപ്പോൾ, യേശുക്രിസ്തു ദൈവപുത്രനായ 'മശിഹ' ആണെന്ന് ജനത്തിനു ബോധ്യമായി. അവർ ആ സത്യം വിശ്വസിച്ചതിനാൽ, അവർ പിന്നീട് ചെയ്യേണ്ടത് എന്താണ് എന്നറിയാൻ ആഗ്രഹിച്ചു. മാനസാന്തരപ്പെട്ടു പാപങ്ങളുടെ മോചനത്തിന്നായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽക്കാൻ പത്രോസ് അവരോടു പറഞ്ഞു. മനുഷ്യരുടെ പാപമോചനത്തിനായി,

അന്നും ഇന്നും ഉള്ള ഏകമാർഗ്ഗം ഇതു തന്നെയാണ്. രക്ഷിക്കപ്പെടുവാൻ ഒരു വ്യക്തി, തീർച്ചയായും ക്രിസ്തുവിൽ വിശ്വസിക്കയും മാനസാന്തരപ്പെടുകയും വേണം.

സ്നാനപ്പെടുന്ന വ്യക്തിയുടെ പാപം, അവൻ മുങ്ങുന്ന വെള്ളമല്ല കഴുകികളയുന്നത്. നാം സ്നാനപ്പെടുമ്പോൾ നമ്മുടെ പാപത്തെ, **ക്രിസ്തു തന്റെ രക്തത്താൽ കഴുകി** ശുദ്ധീകരിക്കുന്നു (വെളിപ്പാട് 1:6). സ്നാനത്തിൽ അത് സംഭവിക്കുന്നു (അപ്പോസ്തോല പ്രവൃത്തി 22:16). ക്രിസ്തു നമുക്ക് ഈ കല്പന നൽകി; അത് താങ്കൾ അനുസരിക്കുമോ?

"**സ്നാനമോ ഇപ്പോൾ ജഡത്തിന്റെ അഴുക്കു കളയുന്നതായിട്ടല്ല, ദൈവത്തോടു നല്ല മനസ്സാക്ഷിക്കായുള്ള അപേക്ഷയായിട്ടത്രേ യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്താൽ നമ്മെയും രക്ഷിക്കുന്നു**" (1 പത്രോസ് 3:21).

സ്നാനത്തെക്കുറിച്ചു ബൈബിൾ സംസാരിക്കുന്നത് എന്തെന്ന്, നമുക്ക് അടുത്ത പാഠത്തിൽ പഠിക്കാം.

# പാഠം 4- ചോദ്യങ്ങൾ

## A. പൂരിപ്പിക്കുക

1. യേശുക്രിസ്തു ഒരിക്കലും പാപം …………………..……….. .
2. യേശുക്രിസ്തു, തന്റെ ………………..…… നമ്മുടെ പാപങ്ങൾക്കായി ചൊരിഞ്ഞു; രക്തം ചൊരിഞ്ഞിട്ടല്ലാതെ................................ ഇല്ല.
3. പടയാളി, യേശുവിന്റെ വിലാപ്പുറത്തു കുന്തം വച്ച് കുത്തിയപ്പോൾ ................................ഉം ...............................ഉം പുറപ്പെട്ടു..
4. യേശു എല്ലാമനുഷ്യർക്കും പകരമായി ……..…..……………… ആസ്വദിച്ചു.
5. രക്ഷ പ്രാപിക്കണമെങ്കിൽ ……...…………നെ ദൈവപുത്രനായി വിശ്വസിക്കയും ഏറ്റുപറകയും വേണം. വിശ്വസിച്ചില്ല എങ്കിൽ, നാം നമ്മുടെ പാപങ്ങളിൽ ……………………... .
6. പാപം നമ്മെ ……………...……….ൽ നിന്നും അകറ്റുന്നു.
7. ദൈവഹിതപ്രകാരമുള്ള .................. അനുതാപം വരാത്ത മാനസാന്തരത്തെ രക്ഷെക്കായി ഉളവാക്കുന്നു.
8. മാനസാന്തരത്തിന്നു യോഗ്യമായ ...................................... ചെയ്യേണം.
9. “പത്രൊസ് അവരോടു: നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ .................................. ഓരോരുത്തൻ .................................... നാമത്തിൽ സ്നാനം ഏല്പിൻ.”
10. സ്നാനപ്പെടുമ്പോൾ ക്രിസ്തുവിന്റെ …………..…… നമ്മുടെ പാപങ്ങളെ കഴുകി ശുദ്ധമാക്കുന്നു..

**B. ശരി(√) / തെറ്റ്(×) അടയാളപ്പെടുത്തുക**

1. .................. ദൈവം ചില രാജ്യങ്ങളിലെ മനുഷ്യർക്ക് തന്റെ രക്ഷയെന്ന കൃപ നൽകിയില്ല.
2. .................. യേശു നമ്മുടെ പാപത്തിന്റെ ശിക്ഷ ഏറ്റെടുത്തു.
3. .................. യേശു തന്റെ രക്തത്താൽ നമ്മുടെ പാപങ്ങളെ കഴുകി.
4. .................. ക്രൂശിക്കപ്പെട്ട സമയത്ത് ക്രിസ്തു തന്റെ പിതാവിൽ നിന്നും വേർപെട്ടു.
5. .................. മനുഷ്യർ എന്ത് ചെയ്താലും അവൻ രക്ഷിക്കപ്പെടും.
6. .................. രക്ഷയും സ്നാനവും തമ്മിൽ ഒരു ബന്ധവുമില്ല.
7. .................. മാനസാന്തരം എന്നാൽ പാപത്തെക്കുറിച്ചുള്ള ദുഃഖമാണ്. അതിൽ ജീവിതപരിവർത്തനം അടങ്ങുന്നില്ല
8. .................. രക്ഷിക്കപ്പെടുന്നതിനു 'യേശു ദൈവപുത്രൻ' എന്ന് ഏറ്റുപറയണം.
9. .................. വിശ്വസിച്ചു സ്നാനപ്പെടുമ്പോഴാണ് രക്ഷിക്കപ്പെടുന്നത്.
10. .................. ദൈവഹിതപ്രകാരമുള്ള ദുഃഖം അനുതാപം വരാത്ത മാനസാന്തരത്തെ രക്ഷെക്കായി ഉളവാക്കുന്നു.

## പാഠം 5

# ജലസ്നാനം

## *WATER BAPTISM*

നാം ആരും രക്ഷ പ്രാപിപ്പാൻ അർഹരല്ലെങ്കിലും, എല്ലാവരും രക്ഷ പ്രാപിപ്പാൻ ദൈവം ആഗ്രഹിക്കുന്നു (2 പത്രോസ് 3:9). എത്ര സൽപ്രവൃത്തികൾ ചെയ്താലും അതിനൊന്നും രക്ഷയെ നല്കിത്തരുവാൻ സാധ്യമല്ല; ആകയാൽ, പാപ-മോചനത്തിനായി, ദൈവം നൽകിയ വ്യവസ്ഥകളെ അംഗീകരിച്ചേ മതിയാകൂ. ക്രിസ്തുവിലുള്ള **വിശ്വാസം**, പാപങ്ങളെക്കുറിച്ചുള്ള **മാനസാന്തരം**, ക്രിസ്തുവിനെ ദൈവപുത്രനായി **ഏറ്റുപറച്ചിൽ**, ക്രിസ്തുവിനോട് ചേരുവാൻ **സ്നാനം** എന്നീ കാര്യങ്ങൾ ആ വ്യവസ്ഥകളിൽ ഉൾപ്പെട്ടിരിക്കുന്നതായി കഴിഞ്ഞ പാഠത്തിൽ കണ്ടു.

പല മതസംവിധാനങ്ങളും വിശ്വാസം, മാനസാന്തരം, ഏറ്റുപറച്ചിൽ എന്നീ വ്യവസ്ഥകളെ അംഗീകരിക്കുന്നു എങ്കിലും, സ്നാനത്തെ തള്ളികളയുന്നു. സ്നാനം എപ്രകാരമാണ് ആത്മരക്ഷക്ക് അത്യന്താപേക്ഷിതമായിരിക്കുന്നത് എന്ന് തിഴുവെഴുത്തുകളിൽ നിന്നും കാണാം.

രക്ഷ എന്ന പ്രക്രിയ ഒരുവനിൽ ആരംഭിക്കുന്നത്, അവൻ സുവിശേഷം കേട്ട്, തത്ഫലമായി വിശ്വസിക്കുമ്പോഴാണ്.എന്നാൽ ഏതു സമയത്താണ് ആ വ്യക്തി തന്റെ പാപങ്ങളിൽ നിന്നും കഴുകപ്പെട്ടു ശുദ്ധിയാകുന്നത്? വിശ്വസിക്കുന്ന മാത്രയിൽത്തന്നെ ഒരുവൻ രക്ഷ പ്രാപിക്കുന്നു എന്ന് ചിലരെങ്കിലും ചിന്തിക്കാറുണ്ട്. മാനസാന്തരപ്പെടുമ്പോൾ അല്ലെങ്കിൽ യേശുവിനെ ഏറ്റുപറയു-മ്പോൾ രക്ഷ ലഭിക്കുന്നു എന്ന് മറ്റു ചിലർ തെറ്റിദ്ധരിച്ചിരിക്കുന്നു. എന്നാൽ ആത്മീയ വിഷയങ്ങളിൽ പൂർണാധികാരം ക്രിസ്തുവിനു മാത്രമാണ്; ആകയാൽ അവന്റെ വചനമായ ബൈബിൾ ഈ വിഷയത്തിൽ എന്ത് സംസാരിക്കുന്നു എന്ന് പരിശോധിക്കാം.

പാഠം 4-ൽ നാം കണ്ടതുപോലെ, പാപങ്ങളുടെ മോചനത്തിനായി സ്നാനമേൽക്കുവാൻ പത്രോസ് ജനത്തെ ഉപദേശിച്ചു. സ്നാനത്തിലാണ് രക്ഷയുടെ പ്രാഥമികഘട്ടം പൂർത്തിയാകുന്നത്.

ക്രിസ്തുവിന്റെ സഭയെ ഉപദ്രവിച്ചവനായ, ശൗലിനെ (അപ്പോസ്തോലനാ-യിത്തീർന്ന പൗലോസിനെ) പരിഗണിക്കുക. ജറുസലേമിലെ ക്രിസ്ത്യാനികളെ

ഉപദ്രവിച്ച ശേഷം, ദമാസ്ക്കസിലേക്ക്, അവിടെയുള്ള ക്രിസ്ത്യാനികളെ പീഡിപ്പിക്കാൻ ശൗൽ യാത്ര ചെയ്തപ്പോൾ, ക്രിസ്തുവിന്റെ പ്രത്യേക വെളിപ്പാട് അവനു ലഭിച്ചു. അപ്പോഴാണ്, താൻ ഇതു വരെ ക്രിസ്തുവിനെയാണ് ഉപദ്രവിച്ചു കൊണ്ടിരുന്നതു എന്ന് അവന് ബോധ്യമായത് (അപ്പോസ്തോല പ്രവൃത്തി 9:4-6). **ആ ബോധ്യം വന്ന ഉടനെ അവൻ രക്ഷിക്കപ്പെട്ടുവോ?** തന്റെ പാപത്തെക്കുറിച്ചു മാനസാന്തരപ്പെട്ടു, അവൻ മൂന്നു ദിവസത്തോളം ഉപവസിച്ചു പ്രാർത്ഥിച്ചു കൊണ്ടിരുന്നു (അപ്പോസ്തോല പ്രവൃത്തി 9:9-12). പക്ഷെ അവന്റെ ഈ പ്രാർത്ഥനയും അവനെ രക്ഷിച്ചുവോ? ഇല്ല. അപ്പോഴും അവന്റെ പാപം കഴുകപ്പെട്ടിരുന്നില്ല. ദൈവം അനന്യാസിനെ അവന്റെ അടുക്കൽ അയച്ചു. അനന്യാസ് ശൗലിനോടു: **"ഇനി താമസിക്കുന്നതു എന്തു? എഴുന്നേറ്റു അവന്റെ (**യേശുവിന്റെ**) നാമം വിളിച്ചു പ്രാർത്ഥിച്ചു സ്നാനം ഏറ്റു നിന്റെ പാപങ്ങളെ കഴുകിക്കളക എന്നു പറഞ്ഞു"** (അപ്പോസ്തോല പ്രവൃത്തി 22:16, 9:18). ശൗൽ രക്ഷ പ്രാപിക്കേണ്ടതിന് സ്നാനപ്പെട്ടു; അപ്പോഴാണ് അവൻ തന്റെ പാപങ്ങളിൽ നിന്നും ശുദ്ധീകരിക്കപ്പെട്ടത്.

ഈ പ്രക്രിയയെ, യേശു ക്രിസ്തു ഉപമിച്ചത് ഒരു ശിശുവിന്റെ ജനന-വുമായിട്ടാണ്. ഒരു ശിശു അമ്മയുടെ ഗർഭപാത്രത്തിൽ (ഭ്രൂണമെന്ന അവസ്ഥയിൽ) ഉരുവാകുമ്പോൾ, അവയവങ്ങൾ വികസിക്കാനും വളരാനും സമയം വേണം; എന്നാൽ ജനനശേഷം അവൻ ജീവിതലേക്ക് പ്രവേശിക്കുന്നു. അപ്പോൾ മറ്റു പലതും പഠിക്കുന്നു.

അതുപോലെ, ദൈവവചനമാകുന്ന 'വിത്ത്' (ലൂക്കോസ് 8:11), ഒരുവന്റെ ഹൃദയത്തിൽ വിതക്കപ്പെടുമ്പോൾ, ആ വചനം മനസ്സിലാക്കാനും, അതനു-സരിക്കാനും സമയമെടുക്കും. അതിനുശേഷം അവൻ സ്നാനപ്പെടുമ്പോൾ, അവൻ ആത്മാവിൽ ജനിക്കുകയാണ്. മരിച്ച അവസ്ഥയിൽ നിന്നും, അവന്റെ ആത്മാവ് നവജീവൻ പ്രാപിക്കുന്നു; അതിനെ ദൈവവചനം '**വീണ്ടും ജനനം**' എന്ന് വിളിക്കുന്നു. യേശു നിക്കൊദേമോസിനോട് ആ സത്യത്തെ വ്യക്തമാക്കി:

> **"അതിന്നു യേശു: "ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു: വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല"** (യോഹന്നാൻ 3:5).

'വീണ്ടും ജനന' പ്രക്രിയയിലെ അവസാന ഘട്ടമാണ് ജലസ്നാനം. ഫിലിപ്പിയയിലെ കാരാഗൃഹപ്രമാണി അർദ്ധരാത്രിയിൽ, സുവിശേഷം കേട്ടു, അനുസരിക്കാൻ തയ്യാറായപ്പോൾ, പൗലോസും ശീലാസും അവനോടു പറഞ്ഞു:

> "**കർത്താവായ യേശുവിൽ വിശ്വസിക്ക; എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും എന്നു അവർ പറഞ്ഞു. പിന്നെ അവർ കർത്താവിന്റെ വചനം അവനോടും അവന്റെ വീട്ടിലുള്ള എല്ലാവരോടും**

**പ്രസംഗിച്ചു. അവൻ രാത്രിയിൽ, ആ നാഴികയിൽ തന്നേ, അവരെ കൂട്ടി കൊണ്ടു പോയി അവരുടെ മുറിവുകളെ കഴുകി; താനും തനിക്കുള്ളവരെല്ലാവരും താമസിയാതെ സ്നാനം ഏറ്റു. പിന്നെ അവരെ വീട്ടിൽ കൈക്കൊണ്ടു അവർക്കു ഭക്ഷണം കൊടുത്തു, ദൈവത്തിൽ വിശ്വസിച്ചതിൽ വീടടക്കം ആനന്ദിച്ചു**" (അപ്പോസ്തോല പ്രവൃത്തി 16:31-34).

ദൈവവചനം ശ്രവിക്കേണ്ടത് വളരെ പ്രാധാന്യമുള്ളതാകയാൽ, കാരാഗൃഹപ്രമാണിയും കുടുംബവും ശ്രദ്ധയോടെ പൗലോസിന്റെ പ്രസംഗം കേട്ടു. പൗലോസിന്റെ സുവിശേഷപ്രസംഗത്തിൽ സ്നാനവും ഉൾപ്പെട്ടിരുന്നു. മാത്രമല്ല, രക്ഷക്ക് സ്നാനം ആവശ്യമാണെന്ന് അവർ മനസ്സിലാക്കി. അവരത് മനസ്സിലാക്കിയിരുന്നില്ല എങ്കിൽ, പാതിരാത്രിയിൽ തിരക്കിട്ട് സ്നാനപ്പെടുകയില്ലായിരുന്നു. സ്നാനപ്പെട്ട ശേഷം '**ദൈവത്തിൽ വിശ്വസിച്ചതിൽ**' അവരെല്ലാം ആനന്ദിച്ചു എന്ന് നാം വീക്ഷിക്കുന്നു.



എത്യോപക്കാരനായ ഷണ്ഡന്റെ പരിവർത്തനം നാം വായിക്കുമ്പോൾ,

"**ഫിലിപ്പൊസ് ഈ തിരുവെഴുത്തു ആധാരമാക്കി അവനോടു യേശുവിനെക്കുറിച്ചുള്ള സുവിശേഷം അറിയിപ്പാൻ തുടങ്ങി. അവർ ഇങ്ങനെ വഴിപോകയിൽ വെള്ളമുള്ളോരു സ്ഥലത്തു എത്തിയപ്പോൾ, ഷണ്ഡൻ: ഇതാ വെള്ളം ഞാൻ സ്നാനം ഏല്ക്കുന്നതിന്നു എന്തു വിരോധം എന്നു പറഞ്ഞു"** (അപ്പോസ്തോല പ്രവൃത്തി 8:35-36).

യേശുക്രിസ്തുവിനെ എപ്പോഴെല്ലാം പ്രസംഗിച്ചുവോ അപ്പോഴെല്ലാം സ്നാനവും ഉപദേശിക്കപ്പെട്ടു. അതുകൊണ്ടാകുന്നു, യേശുവിന്റെ സുവിശേഷം അറിയിച്ചപ്പോൾ, കേട്ട് വിശ്വസിച്ചവർ സ്നാനപ്പെട്ടത്. 'ക്രിസ്തുവിനെ പ്രസംഗിക്കുക' എന്നതിൽ ഒരു വ്യക്തി എപ്രകാരം **സ്നാനത്തിലൂടെ പാപമോചിതനാകുന്നു** എന്നും ബോധ്യപ്പെടുത്തും.

ബൈബിൾ ഈ വിഷയത്തെ വിശദമാക്കട്ടെ. സുവിശേഷത്തെ അനുസരിക്കാത്തവർ നഷ്ടപ്പെടും എന്ന് നമുക്കറിയാം (2 തെസ്സലോനിക്യർ 1:7). '**സുവിശേഷം അനുസരിക്കുക**'- അത് എന്താണ് അർത്ഥമാക്കുന്നത്? '*നമ്മുടെ പാപങ്ങൾക്കായി ക്രിസ്തു മരിച്ചു, അടക്കപ്പെട്ടു, മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റു*' എന്ന

സംഭവമാണ് സുവിശേഷമെങ്കിൽ, അതിനെ നാം **അനുസരിക്കുന്നത്** എങ്ങിനെയാണ്? നാം അനുസരിക്കുന്നത് ആ ഉപദേശരൂപത്തെയാണ് (റോമർ 6:17-18). നാം പാപസംബന്ധമായി മരിക്കുന്നു (പാപസ്വഭാവത്തോട് വേർപ്പെടുന്നു); സ്നാനത്തിൽ ക്രിസ്തുവിന്റെ അടക്കത്തോട് താദാത്മ്യപ്പെടുന്നു; കൂടാതെ ക്രിസ്തു ഉയിർത്തെഴുന്നേറ്റത് പോലെ, നാമും ഉയിർത്തുകൊണ്ട് ജീവന്റെ പുതുക്കത്തിൽ നടക്കുന്നു. ഇങ്ങനെയാണ് ഒരു വ്യക്തി **സ്നാനപ്പെടുമ്പോൾ സുവിശേഷത്തെ അനുസരിക്കുന്നത്**.

പല മതവിഭാഗങ്ങളിലും ബൈബിളിലെ സ്നാനത്തിനു പകരമായി, 'വെള്ളം തളിക്കൽ (Sprinkling Baptism)' ആചരിക്കാറുണ്ട്. എന്നാൽ അവിടെ, 'ക്രിസ്തുവിന്റെ കല്ലറയിലെ അടക്കവുമായി സ്നാനപ്പെടുന്ന വ്യക്തി ഒന്നാകുന്നില്ല; കാരണം അടക്കം ചെയ്യപ്പെടുന്ന വ്യക്തി (വെള്ളത്താൽ) പൂർണമായും ആവരണം ചെയ്യപ്പെടണം. സ്നാനപ്പെടുവാൻ ആഗ്രഹിച്ച എത്യോപ്യൻ ഷണ്ഡനെ ഓർക്കുക.

> "**അവർ ഇങ്ങനെ വഴിപോകയിൽ വെള്ളമുള്ളോരു സ്ഥലത്തു എത്തിയപ്പോൾ ഷണ്ഡൻ: ഇതാ വെള്ളം, ഞാൻ സ്നാനം ഏല്ക്കുന്നതിന്നു എന്തു വിരോധം എന്നു പറഞ്ഞു. (അതിന്നു ഫിലിപ്പൊസ്: നീ പൂർണ്ണ ഹൃദയത്തോടെ വിശ്വസിക്കുന്നു എങ്കിൽ ആകാം എന്നു പറഞ്ഞു. യേശുക്രിസ്തു ദൈവപുത്രൻ എന്നു ഞാൻ വിശ്വസിക്കുന്നു എന്നു അവൻ ഉത്തരം പറഞ്ഞു). അങ്ങനെ അവൻ തേർ നിർത്തുവാൻ കല്പിച്ചു; ഫിലിപ്പൊസും ഷണ്ഡനും ഇരുവരും വെള്ളത്തിൽ ഇറങ്ങി, അവൻ അവനെ സ്നാനം കഴിപ്പിച്ചു; അവർ വെള്ളത്തിൽ നിന്നു കയറിയപ്പോൾ കർത്താവിന്റെ ആത്മാവു ഫിലിപ്പൊസിനെ എടുത്തു കൊണ്ടുപോയി"** (അപ്പോസ്തോല പ്രവൃത്തി 8:36-39).

ആകയാൽ ക്രിസ്തുവിൽ വിശ്വസിച്ച്, പാപങ്ങളിൽ നിന്നും മാനസാന്തരപ്പെട്ടു, 'യേശു ദൈവപുത്രൻ' എന്ന ഏറ്റുപറഞ്ഞ ഒരാളാണ്, പാപമോചനത്തിനായി സ്നാനം ചെയ്യേണ്ടത്. ബൈബിൾ പ്രകാരം അത് നിമ്മജ്ജന (വെള്ളത്തിൽ പൂർണമായി മുങ്ങുന്ന) സ്നാനമാണ് (കാരണം, ബൈബിൾ എഴുതപ്പെട്ട മൂലഭാഷയിൽ പരാമർശിക്കുന്ന സ്നാനം, തളിക്കലോ, ഒഴിക്കലോ അല്ല, എന്നാൽ നിമജ്ജനമാണ്). സ്നാനത്തിൽ ഒരുവൻ യേശുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയോട് ബന്ധപ്പെടുന്നു. താങ്കൾ പാപമോചനത്തിനായി സ്നാനം ചെയ്തിട്ടില്ല എങ്കിൽ, വളരെ ഗൗരവമായി രക്ഷാപദ്ധതിയുടെ ഈ ഘട്ടത്തെക്കുറിച്ചു ചിന്തിക്കൂ.

## താങ്കൾ ദൈവവചനപ്രകാരം സ്നാനപ്പെട്ടുവോ?

താങ്കൾ ശിശുവായിരുന്നപ്പോൾ സ്വീകരിച്ച തളിക്കലിനെക്കുറിച്ചല്ല, ഞങ്ങൾ ചോദിക്കുന്നത് എന്ന് ദയവായി മനസിലാക്കുക. അനേകം മനുഷ്യർ, ശിശുക്കളായിരിക്കുമ്പോൾ തന്നെ അവരുടെ മേൽ വെള്ളം തളിക്കുന്നു; എന്നാൽ അത് വചനപ്രകാരമുള്ള സ്നാനമല്ല. ശരിയായ സ്നാനത്തിനു പകരം, മനുഷ്യൻ തന്റെ സൗകര്യാർത്ഥം സ്ഥാപിച്ച പകരം സംവിധാനമാണ് വെള്ളം തളിക്കലും, ശിശുസ്നാനവും. 'വെള്ളം തളിക്കൽ' മാനുഷിക കല്പനയാണ്, അത് മൂന്നാം നൂറ്റാണ്ടിൽ ആരംഭിച്ചതാണ്; ക്രിസ്തുവിന്റെ ഉപദേശപ്രകാരവുമല്ല (മത്തായി 15:9). ദൈവവചനത്തിലുള്ള നിമ്മജ്ജന സ്നാനത്തിനു പകരം, വെള്ളം തളിക്കൽ ആദ്യമായി സ്വീകരിച്ചത് AD 250-ൽ നൊവേഷ്യൻ എന്ന വ്യക്തിയാണ്. അപ്പോസ്തോലിക കാലഘട്ടത്തിനു ശേഷം പിറവിയെടുത്ത ഈ ആചാരം ദൈവീക-നിയമമല്ല.

നാം സ്വയം ചോദിക്കേണ്ടത് ഇതാണ്: ക്രിസ്തുവിനാൽ കല്പിക്കപ്പെട്ടതും പുതിയ നിയമത്തിൽ അപ്പോസ്തോലർ നൽകിയ മാതൃകപ്രകാരവുമുള്ള സ്നാനമാണോ ഞാൻ സ്വീകരിച്ചിരിക്കുന്നത്? ആ ശരിയായ മാതൃക റോമർ 6:3-4 ൽ നാം കാണുന്നു.


ബൈബിൾ ശിശുസ്നാനം അനുവദിക്കുന്നില്ല

രണ്ടാമത്, ശരിയായ ഉദ്ദേശത്തിനു വേണ്ടിയാണോ സ്നാനപ്പെട്ടത്? ചിലരെങ്കിലും, ജലത്തിൽ നിമജ്ജനസ്നാനം ചെയ്തുവെങ്കിലും, തെറ്റായ ഉദ്ദേശത്തിലായിരുന്നു അത്. 'ആന്തരിക കൃപയുടെ ബാഹ്യപ്രദർശനമാണ്' സ്നാനം, എന്ന് തിരിച്ചറിവില്ലാതെ അവർ പറയുന്നു. രക്ഷിക്കപ്പെട്ട വ്യക്തിയാണ് സ്നാനപ്പെടേണ്ടത് എന്ന് അവർ പ്രസ്താവിക്കുമ്പോൾ, അത് ക്രിസ്തുവിന്റെയും അപ്പോസ്തോലരുടെയും ലളിതവും, വ്യക്തവുമായ ഉപദേശങ്ങൾക്ക് ഘടക-വിരുദ്ധമാണ് (മർക്കോസ് 16:15-16; അപ്പോസ്തോല പ്രവൃത്തി 2:38; ഗലാത്യർ 3:27). മാനുഷികമായ പാരമ്പര്യങ്ങൾ അനുസരിക്കുമ്പോൾ, നമ്മുടെ ആരാധനയും അനുസരണവും ദൈവമുമ്പാകെ അസ്വീകാര്യമായിതീരുന്നു; കാരണം ദൈവം

നൽകിയ നിയമങ്ങളെ, നമ്മുടെ പാരമ്പര്യങ്ങളാൽ മറികടക്കുവാൻ നാം ശ്രമിക്കുന്നു.

*ദൈവവചനപ്രകാരമുള്ള സ്നാനത്തെക്കുറിച്ച് അറിവാൻ തുടർന്നുള്ള പാഠങ്ങളും പഠിക്കുക. ആ സ്നാനം സ്വീകരിക്കുന്നതിനായി, സസന്തോഷം ഞങ്ങൾ ഏതു വിധേനയും, താങ്കളെ സഹായിക്കുന്നതാണ്; അതിനായി ആദ്യ പേജുകളിൽ നൽകിയിരിക്കുന്ന വിലാസത്തിൽ ബന്ധപ്പെടുക, അല്ലെങ്കിൽ വിളിക്കുക.*

## പാഠം 5- ചോദ്യങ്ങൾ

### A. പൂരിപ്പിക്കുക

1. ……………………….. നമ്മോടുള്ള കല്പനയാണ്.
2. പാപമോചനത്തിനായി യേശുക്രിസ്തുവിന്റെ ............................... സ്നാനം എല്പ്പാൻ പത്രോസ് ജനത്തോടു ആവശ്യപ്പെട്ടു.
3. ശൗൽ സ്നാനപ്പെട്ടപ്പോൾ അവന്റെ…………………….………… കഴുകപ്പെട്ടു.
4. ദൈവവചനമാകുന്ന ......................... മനുഷ്യഹൃദയങ്ങളിൽ വിതക്കപ്പെടുന്നു.
5. എതോപ്യക്കാരനായ ഷണ്ഡൻ സുവിശേഷം കേട്ടപ്പോൾ ചോദിച്ചു: "ഇതാ വെള്ളം, ഞാൻ ........................... എല്ക്കുന്നതിന്നു എന്തു വിരോധം"
6. സുവിശേഷസംഭവം എന്നത് യേശുവിന്റെ ............................, ................................, ................................ എന്നിവയാണ്.
7. "നിങ്ങളെ പഠിപ്പിച്ച ഉപദേശരൂപത്തെ ഹൃദയപൂർവ്വം .............................. പാപത്തിൽനിന്നു .......................... ലഭിച്ചു നീതിക്കു ദാസന്മാരായിത്തീർന്നതു കൊണ്ടു ദൈവത്തിനു സ്തോത്രം" (റോമർ 6:17-18).
8. സ്നാനപ്പെട്ട ശേഷം, ക്രിസ്തു ഉയത്തെഴുന്നേറ്റത് പോലെ, നാമും ഉയിർത്തു ……………………….. പുതുക്കത്തിൽ നടക്കുന്നു.
9. ഫിലിപ്പൊസും ഷണ്ഡനും ഇരുവരും ...............................ഇറങ്ങി, ഫിലിപ്പോസ് ഷണ്ഡനെ സ്നാനം കഴിപ്പിച്ചു; അവർ .................................നിന്നും കയറി.
10. സ്നാനത്തിൽ ഒരുവൻ യേശുവിന്റെ, മരണം, അടക്കം, ഉയിർപ്പ് എന്നിവയോട്…………………...………………. .

## B. ശരി(√) / തെറ്റ്(×) അടയാളപ്പെടുത്തുക

1. .................. സ്നാനപ്പെടുമ്പോൾ, ക്രിസ്തുവിന്റെ രക്തം നമ്മുടെ പാപങ്ങളെ കഴുകുന്നു.
2. .................. സ്നാനം രക്ഷയ്ക്ക് ആവശ്യമില്ല.
3. .................. ശൗൽ (പൗലോസ്) ദമാസ്കസിലെക്കുള്ള യാത്രയിൽ ക്രിസ്തു അവനു പ്രത്യക്ഷനായപ്പോൾ തന്നെ , രക്ഷിക്കപ്പെട്ടു.
4. .................. ശൗൽ (പൗലോസ്) രക്ഷിക്കപ്പെട്ടത് അവൻ പ്രാർത്ഥിച്ചും ഉപവസിച്ചപ്പോഴുമാണ്.
5. .................. സുവിശേഷം അനുസരിക്കുന്നതിൽ സ്നാനവും ഉൾപ്പെട്ടിരിക്കുന്നു.
6. .................. വെള്ളം തളിക്കൽ ബൈബിൾ പ്രകാരമുള്ളതാണ്.
7. .................. സ്നാനത്തിൽ ഒരുവൻ, വെള്ളത്തിൽ പൂർണമായും നിമ്മജ്ജനപ്പെടുന്നു (മുങ്ങപ്പെടുന്നു).
8. .................. വെള്ളം തളിക്കൽ, ശിശുസ്നാനം എന്നിവ മാനുഷീക ആചാരങ്ങളാണ്.
9. .................. മാനുഷിക സമ്പ്രദായങ്ങൾ ദൈവത്തോടുള്ള നമ്മുടെ ആരാധനയെ വ്യർത്ഥമാക്കുന്നു.
10. .................. സ്നാനം സ്വീകരിക്കാത്ത വ്യക്തി നഷ്ടപ്പെട്ടുപോകും.

*പാഠം 6*

# *ക്രിസ്തുവിന്റെ സഭ*

## *THE CHURCH*

ഒരു വ്യക്തി പാപങ്ങളുടെ മോചനത്തിനായി സ്നാനപ്പെടുമ്പോൾ, അവന്റെ ആത്മാവ്, കഴുകൽ പ്രാപിക്കുന്നു, ശുദ്ധീകരിക്കപ്പെടുന്നു, ക്രിസ്തുവിന്റെ നാമ-ത്താൽ നീതീകരിക്കപ്പെടുകയും ചെയ്യുന്നു (1 കൊരിന്ത്യർ 6:11). ക്രിസ്തുവിനെ സ്വീകരിക്കുന്ന ഏതൊരു വ്യക്തിയുടെയും എല്ലാ പാപങ്ങളും, അത് എത്ര വലുതാണെങ്കിൽകൂടിയും, ക്രിസ്തുവിന്റെ രക്തത്താൽ കഴുകി ശുദ്ധീകരിക്കപ്പെടും (വെളിപ്പാട് 1:6). സുവിശേഷത്തെ പൂർണമായും കൈക്കൊണ്ട് അനുസരിക്കുന്നവർ, അപ്രകാരം ദൈവത്തിന്റെ മക്കളാകുവാൻ ഇടവരുന്നു.

> "**ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു. ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു**" (ഗലാത്യർ 3:26-27).

ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ച്, വചനം സംസാരിക്കുന്നു: "**ഒരുത്തൻ ക്രിസ്തുവി-ലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു**" (2 കൊരിന്ത്യർ 5:17). ഓർക്കുക, ക്രിസ്ത്യാനി, പാപത്തോടുള്ള ബന്ധത്തിൽ മരിച്ചു (അതായതു, അവൻ പഴയ പാപസ്വഭാവത്തിൽ നിന്നും വേർപെട്ടു); പാപപങ്കിലമായ ജീവിതം അവസാനിപ്പിച്ച്, അവൻ വീണ്ടും ജനിച്ചു! (യോഹന്നാൻ 3:1-17).

> "**അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നേ**" (റോമർ 6:4).

ഈ സന്ദർഭത്തിൽ, പലപ്പോഴും ഉന്നയിക്കപ്പെട്ട ചോദ്യം ഇതാണ്" സ്നാന-പ്പെട്ട ശേഷവും പാപം ചെയ്തുപോയെങ്കിൽ എന്ത് സംഭവിക്കും? ഞാൻ വീണ്ടും സ്നാനപ്പെടണോ?". അതിനുള്ള ഉത്തരമിതാണ്- പാപം ചെയ്ത വ്യക്തി, തീർച്ചയായും, പാപത്തെക്കുറിച്ചു മാനസാന്തരപ്പെട്ട്, ദൈവത്തോട് അത് ഏറ്റു പറയണം. എന്നാൽ ദൈവം നമ്മുടെ പാപങ്ങളെ ക്ഷമിച്ചു തരും.

“**നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു**” (1 യോഹന്നാൻ 1:9).

പാപം ചെയ്യാതെ, ദൈവകല്പനയെ ലംഘിക്കാതെ ജീവിക്കുവാൻ, നമ്മുടെമേൽ ഉത്തരവാദിത്വമുണ്ട്. എന്തെന്നാൽ:

“**അവൻ വെളിച്ചത്തിൽ ഇരിക്കുന്നതു പോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ട്; അവന്റെ പുത്രനായ യേശുവിന്റെ രക്തം, സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു**” (1 യോഹന്നാൻ1:7).

മറ്റൊരുതരത്തിൽ പറഞ്ഞാൽ, ക്രിസ്തുവിന്റെ രക്തവുമായി, നാം ഒരിക്കൽ ബന്ധപ്പെട്ടാൽ (സ്നാനത്തിൽ), ദൈവത്തെ സ്നേഹിച്ചു അവന്റെ കല്പനകളെ അനുസരിക്കുമ്പോൾ, ക്രിസ്തുവിന്റെ രക്തം, അനുദിനം നമ്മെ ശുദ്ധീകരിക്കും.

സ്നാനപ്പെട്ടു, രക്ഷ കൈക്കൊള്ളുന്ന ഒരു വ്യക്തിയെ ദൈവം, തന്റെ സഭയിലേക്ക് ചേർക്കുന്നു.“**കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു**” (അപ്പോസ്തോല പ്രവൃത്തി 2:47).

എന്താണ് **സഭ**? അത് മനുഷ്യനിർമിതമായ സംഘടന അല്ല. **ക്രിസ്തുവിന്റെ ആത്മീകശരീര**മായി, ബൈബിൾ ‘സഭ’യെ ചിത്രീകരിച്ചിരിക്കുന്നു. ക്രിസ്തുവിനാൽ വീണ്ടെടുക്കപ്പെട്ടവരുടെ കൂട്ടമാണ് സഭ. ക്രിസ്തുയേശു, തന്റെ സ്വന്തരക്തത്താൽ സമ്പാദിച്ചതാണ് അവന്റെ സഭ (അപ്പോസ്തോല പ്രവൃത്തി 20:28). തനിക്കു ഏറ്റവും വിലയേറിയ, തന്റെ സഭയെ ക്രിസ്തു പോറ്റി പുലർത്തുന്നു (എഫെസ്യർ 5:29).

ക്രിസ്തുവും, സഭയുമായുള്ള പരിശുദ്ധ ബന്ധത്തെക്കുറിച്ച്, എഫേസ്യർ-ക്കെഴുതിയ ലേഖനം വെളിപ്പെടുത്തുന്നു. പൗലോസ് അവിടെ എഴുതുമ്പോൾ - ദൈവം “**സർവ്വവും അവന്റെ** (ക്രിസ്തുവിന്റെ) **കാൽക്കീഴാക്കിവെച്ചു, അവനെ സർവ്വത്തിന്നും മീതെ** ***തലയാക്കി,*** **എല്ലാറ്റിലും എല്ലാം നിറെക്കുന്നവന്റെ നിറവായിരിക്കുന്ന** ***അവന്റെ ശരീരമായ സഭക്കു*** **കൊടുക്കയും ചെയ്തിരിക്കുന്നു”** (എഫെസ്യർ 1:22-23). യേശുവിനെ ‘സഭയുടെ തല’ ആയും ‘ശരീരത്തിന്റെ രക്ഷിതാവായും’ പൗലോസ് എഫെസ്യർ 5:23-ൽ വെളിപ്പെടുത്തി. ക്രിസ്തുവും സഭയും തമ്മിലുള്ള പവിത്ര ബന്ധത്തെ, പലയിടങ്ങളിൽ പരാമർശിച്ചു:

**"ഭർത്താക്കന്മാരേ, ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ. അവൻ അവളെ വചനത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിന്നും കറ, ചുളുക്കം മുതലായതു ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കു തന്നേ തേജസ്സോടെ മുൻ നിറുത്തേണ്ടതിന്നും തന്നെത്താൻ അവൾക്ക് വേണ്ടി ഏല്പിച്ചുകൊടുത്തു"** (എഫെസ്യർ 5:25-27).


നമ്മുടെ പാപങ്ങൾക്കായി ക്രൂശിൽ മരിച്ചപ്പോൾ പ്രദർശിപ്പിച്ച നിസ്തുല സ്നേഹത്താൽ, നാം ആത്മീകമായി വളർന്നു പക്വത പ്രാപിപ്പാനും ക്രിസ്തു ആഗ്രഹിക്കുന്നു. കൂടാതെ എത്ര സഭ ഉണ്ടെന്നും ബൈബിൾ വെളിപ്പെടുത്തുന്നു: **ഒരു തലയും ഒരു ശരീരവും** (അതായതു ഒരു സഭ മാത്രം). കാരണം, എഫെസ്യർ 4:4-ൽ പൗലോസ് പ്രസ്താവിക്കുന്നു: "**നിങ്ങളെ വിളിച്ചപ്പോൾ ഏകപ്രത്യാശെക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്നു,..**". ഈ പ്രസ്താവന സുവ്യക്തമാണ്; കാരണം, സ്വാഭാവികമായും ഒരു തലയ്ക്കു കീഴിൽ ഒരു ശരീരമേയുള്ളൂ, പല ശരീരങ്ങളില്ല.

യേശുക്രിസ്തുവാണ് സഭയുടെ തല (അഥവാ അധികാരം, നിയന്ത്രണകേന്ദ്രം). പുതിയനിയമത്തിൽ, 'സഭ' എന്ന പദം രണ്ട് അർത്ഥതലത്തിൽ ഉപയോഗിച്ചിരിക്കുന്നു. ഒന്നാമതായി, സാർവ്വലൗകീകമായി, വിശ്വാസികളുടെ പൂർണസമൂഹത്തെ അർത്ഥമാക്കുന്നു (എഫെസ്യ ലേഖനത്തിൽ കണ്ടതുപോലെ). രണ്ടാമതായി വിശ്വാസികളുടെ പ്രാദേശിക കൂടിവരവിനെയും അർത്ഥമാക്കുന്നു (ഉദാ: തെസ്സലോനിക്യയിലെ സഭ -1 തെസ്സലോനിക്യർ 1:1). ഓരോ ഭൂപ്രദേശത്തും ദൈവമക്കൾ കൂടിവരുന്ന പ്രാദേശിക ഇടവകകൾ, സാർവ്വലൗകീകമായ ക്രിസ്തുവിന്റെ സഭയുടെ ഭാഗമാണ്.

എത്ര തരത്തിലുള്ള സഭയുണ്ട്? ബൈബിൾ ഒരേയൊരു സഭയെക്കുറിച്ച് മാത്രം സംസാരിക്കുന്നു. ശ്രദ്ധിക്കുക! എഫെസ്യർ 4:4-ൽ നാം വായിച്ചത് 'ഒരു ശരീര'ത്തെക്കുറിച്ചാണ്. എന്നാൽ ഇന്നു നമ്മുടെ ചുറ്റും നോക്കുമ്പോൾ, പല തരം പേരുള്ള സഭകളെ കാണാൻ കഴിയും. ഈ മതസംഘടനകൾ ബൈബിളിൽ നിന്ന് വന്നതല്ല. ചില മനുഷ്യർ (അല്ലെങ്കിൽ മനുഷ്യരുടെ സംഘം) ആരംഭിച്ചതാണ് അവ. കർത്താവ് തലയായി ഒരു ശരീരം മാത്രമേയുള്ളൂ. പൗലോസ് എഴുതി:

**"യെഹൂദന്മാരോ യവനന്മാരോ ദാസന്മാരോ സ്വതന്ത്രരോ നാം എല്ലാവരും <u>ഏകശരീരമാകുമാറു</u> ഒരേ ആത്മാവിൽ സ്നാനം ഏറ്റും എല്ലാവരും ഒരേ ആത്മാവിനെ പാനംചെയ്തുമിരിക്കുന്നു"** (1 കൊരിന്ത്യർ 12:13).

നാം പാപമോചനത്തിന്നായി സ്നാനം ചെയ്തപ്പോൾ, കർത്താവ് നമ്മെ സഭയോട് ചേർത്തു. അവിടേക്ക് വരുമ്പോൾ, നമ്മുടെ അജ്ഞാനം നിമിത്തം, ഒരു-പക്ഷേ തെറ്റായ പല ആശയങ്ങളും സമ്പ്രദായങ്ങളും കൂടെ കൊണ്ടു-വന്നിരിക്കാം. എന്നാൽ ബൈബിളിൽ ദൈവം വെളിപ്പെടുത്തിയ സത്യത്തെ പഠിച്ചുകൊണ്ട്, "**എല്ലാവരും ഒന്നു തന്നേ സംസാരിക്കയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ഏകമനസ്സിലും ഏകാഭിപ്രായത്തിലും യോജിച്ചിരിക്കയും വേണം**" (1 കൊരിന്ത്യർ 1:10). കൊരിന്ത്യസഭയിലെ വിശ്വാസികൾ വിഘടിച്ചു പോകുവാൻ ശ്രമിച്ചപ്പോൾ, പൗലോസ് അവരെ ശാസിച്ചു ബോധ്യപ്പെടുത്തി: "**ഒരുത്തൻ: ഞാൻ പൗലോസിന്റെ പക്ഷക്കാരൻ എന്നും മറ്റൊരുത്തൻ: ഞാൻ അപ്പൊല്ലോസിന്റെ പക്ഷക്കാരൻ എന്നും പറയുമ്പോൾ നിങ്ങൾ സാധാരണ മനുഷ്യരല്ലയോ?**"(1 കൊരിന്ത്യർ 3:4). ക്രിസ്തുവിലായിത്തീർന്ന ഓരോ വ്യക്തിയും, തങ്ങളുടെ പഴയ ജഡസ്വഭാവം (സാധാരണ മനുഷ്യസ്വഭാവം) പിൻപറ്റാൻ പാടുള്ളതല്ല എന്ന് ദൈവം പൗലോസിലൂടെ പറയുന്നു.



ക്രിസ്തുവിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ട ഏവരും, അവന്റെ ശരീമായ സഭയിലാണ്. ആ ശരീരം വിഭജിക്കപ്പെട്ടിട്ടില്ല. ശരീരത്തിന്റെ ഐക്യതക്ക് വേണ്ടി ക്രിസ്തു പ്രാർത്ഥിച്ചുവെങ്കിൽ (യോഹന്നാൻ 17:20-21), സത്യവിശ്വാസികൾ ഒന്നായിതന്നേ നിലനിൽക്കും. വിരുദ്ധ ഉപദേശങ്ങൾ നിറഞ്ഞിരിക്കുന്ന ശരീരങ്ങളിലല്ല, ക്രിസ്തു നമ്മെ സ്ഥാപിച്ചത്; എന്നാൽ തന്റെ ഏകസത്യ സഭയിലാണ്. മുൻപേ പരസ്പരം വെറുത്തിരുന്ന യഹൂദരും യവനന്മാരും ക്രിസ്തുവിലാകുമ്പോൾ, ഒരു ശരീരത്തിലെ അവയവങ്ങളാണ്.

> "**ആകയാൽ നിങ്ങൾ മുമ്പെ പ്രകൃതിയാൽ ജാതികളായിരുന്നു; ജഡത്തിൽ കയ്യാലുള്ള പരിച്ഛേദന ഏറ്റു പരിച്ഛേദനക്കാർ എന്നു പേരുള്ളവരാൽ അഗ്രചർമ്മക്കാർ എന്നു വിളിക്കപ്പെട്ടിരുന്നു; അക്കാലത്തു നിങ്ങൾ ക്രിസ്തുവിനെ കൂടാതെയുള്ളവരും യിസ്രായേൽ പൗരതയോടു സംബന്ധമില്ലാത്തവരും വാഗ്ദത്തത്തിന്റെ നിയമങ്ങൾക്കു അന്യരും പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു എന്നു ഓർത്തുകൊൾവിൻ. മുമ്പെ ദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ ക്രിസ്തുയേശുവിൽ, ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായിത്തീർ-ന്നു. അവൻ നമ്മുടെ സമാധാനം; അവൻ ഇരുപക്ഷത്തെയും ഒന്നാക്കി, ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഡത്താൽ നീക്കി വേർപ്പാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞതു സമാ-ധാനം ഉണ്ടാക്കിക്കൊണ്ടു ഇരുപക്ഷത്തെയും തന്നിൽ ഒരേ പുതുമനുഷ്യ-**

**നാക്കി സൃഷ്ടിപ്പാനും ക്രൂശിന്മേൽവെച്ചു ശത്രുത്വം ഇല്ലാതാക്കി അതിനാൽ ഇരുപക്ഷത്തെയും ഏകശരീരത്തിൽ ദൈവത്തോടു നിരപ്പിപ്പാനും തന്നേ**" (എഫെസ്യർ 2:11-16).

സമ്പന്നനോ ദരിദ്രനോ, വെളുത്തവനോ കറുത്തവനോ, ആണോ പെണ്ണോ എന്ന, യാതൊരു വ്യത്യാസവുമില്ലാതെ, ഒരു തരത്തിലുമുള്ള വിവേചനങ്ങളില്ലാതെ, എല്ലാവരും ക്രിസ്തുവിന്റെ ശരീരമായ സഭയിൽ ഒന്നായിത്തീരുന്നു (ഗലാത്യർ 3:27-28). സഭ, ദൈവത്തിന്റെ നിത്യപദ്ധതിയുടെ നിവൃത്തിയാണെന്ന് പൗലോസ് എഫെസ്യർ 3:9-11-ൽ വെളിപ്പെടുത്തുന്നു.

ലോകസ്ഥാപനത്തിനു മുമ്പേ ദൈവം തയ്യാറാക്കിയ (എഫെസ്യർ 1:4), ദൈവരാജ്യമായ, ക്രിസ്തുവിന്റെ സഭയിൽ അംഗമാകുക എന്നത് എത്രയും ശ്രേഷ്ഠമായ ഭാഗ്യമാണ്!

"**കാണ്മിൻ, നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവു നമുക്കു എത്ര വലിയ സ്നേഹം നല്കിയിരിക്കുന്നു; അങ്ങനെ തന്നേ നാം ആകുന്നു**" (1 യോഹന്നാൻ 3:1).

ഈ അനുഗ്രഹങ്ങൾ, നമ്മിൽ നിന്നും ചില ഉത്തരവാദിത്വങ്ങൾ ആവശ്യപ്പെടുന്നുണ്ട്. ആദ്യമായി, പാപങ്ങളിൽ നിന്നും കഴുകൽ പ്രാപിച്ചവൻ, തന്നെത്താൻ ശുദ്ധനായി സൂക്ഷിപ്പാൻ ശ്രമിക്കേണം (1 യോഹന്നാൻ 3:3). രണ്ടാമത്, വീണ്ടും ജനിച്ച വ്യക്തി ആത്മീകമായി വളരണം (1 പത്രോസ് 2:2). ആ പ്രക്രിയയിൽ, നാം ക്രിസ്തുവിന്റെ സഭയുടെ വളർച്ചയെ, ഇപ്രകാരം മനസിലാക്കുന്നു:

"**ശരീരം മുഴുവനും യുക്തമായി ചേർന്നും ഏകീഭവിച്ചും ഓരോ അംഗത്തിന്റെ അതതു വ്യാപാരത്തിന്നു ഒത്തവണ്ണം ഉതവി ലഭിപ്പാനുള്ള ഏതു സന്ധിയാലും സ്നേഹത്തിലുള്ള വർദ്ധനക്കായി അവനിൽ നിന്നു വളർച്ച പ്രാപിക്കുന്നു**" (എഫെസ്യർ 4:16).

സുവിശേഷം പൂർണമായി അനുസരിച്ചു സ്നാനപ്പെടുമ്പോൾ, നിങ്ങൾ ക്രിസ്തുവിന്റെ സഭയിലായിത്തീരുന്നു. അവന്റെ ശരീരത്തിലെ അംഗമായി മാറുന്നു. ഇപ്രകാരം അനുഗ്രഹിക്കപ്പെട്ട ദൈവമക്കൾ, എങ്ങനെ ദൈവത്തെ ആരാധിക്കണമെന്നും ജീവിക്കണമെന്നും അടുത്ത പാഠങ്ങളിൽ നിന്നും പഠിക്കാം.

## <u>ചില നാമധേയവിഭാഗങ്ങളുടെ ആരംഭം</u>

| പേര് | സ്ഥാപകൻ | ആരംഭിച്ച സ്ഥലം | വർഷം |
|---|---|---|---|
| റോമൻ കത്തോലിക്ക | ബോണിഫസ് III | റോം | AD 606 |
| ലൂഥറൻ | മാർട്ടിൻ ലൂഥർ | ജർമനി | 1530 |
| പ്രെസ്ബറ്റീര്യൻ | ജോൺ കാൽവിൻ | സ്വിറ്റ്സർലൻഡ് | 1535 |
| ബാപ്ടിസ്റ്റ് | ജോൺ സ്മിത്ത് | ലണ്ടൻ | 1607 |
| മെത്തഡിസ്റ്റ് | ജോൺ വെസ്ലീ | ലണ്ടൻ | 1739 |
| ഇവാൻജെലിക്കൽ | ജേക്കബ് ഓൾബ്ര്യറ്റ് | പെൻസിൽവാനിയ | 1803 |
| സബ്ബത്തു ദിനക്കാർ | മില്ലെർ & വൈറ്റ് | മസ്സച്ചുസെട്സ് | 1831 |
| പുതിയ അപ്പോസ്തോലിക സഭ | പ്രുഎസ് | ജർമ്മനി | 1862 |
| യഹോവ സാക്ഷികൾ | ചാൾസ് റസ്സെൽ | പെൻസിൽവാനിയ | 1874 |
| പെന്തക്കുസ്താ പ്രസ്ഥാനം | ഒരു സംഘം ആൾക്കാർ | സൗത്ത് കരോലിന, USA | 1898 |
| അസ്സെംബ്ലി ഓഫ് ഗോഡ് | ഒരു സംഘം ആൾക്കാർ | അർകൻസാസ്,USA | 1914 |

Note: യേശുക്രിസ്തു പ്രസ്താവിച്ചു: "***സ്വർഗ്ഗസ്ഥനായ എന്റെ പിതാവു നട്ടിട്ടില്ലാത്ത തൈ ഒക്കെയും വേരോടെ പറിഞ്ഞു പോകും***" (മത്തായി 15:13).

സങ്കീർത്തകൻ പ്രസ്താവിച്ചു: "**യഹോവ വീടു പണിയാതിരുന്നാൽ പണിയുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു**" (സങ്കീർത്തനം 127:1).

<u>പാഠം 6- ചോദ്യങ്ങൾ</u>

## A. പൂരിപ്പിക്കുക

1. ക്രിസ്ത്യാനി, തന്റെ പാപത്തെ ഏറ്റുപറയേണ്ടത് ……………..…………...നോടാണ്.
2. ക്രിസ്തുവിന്റെ രക്തവുമായി ഒരുവൻ ബന്ധപ്പെടുന്നത്…....…………………...ലാണ്.
3. സഭ, ക്രിസ്തുവിന്റെ………….....……………. ആകുന്നു.
4. യേശു, തന്റെ …………………...……….. പോറ്റി പുലർത്തുന്നു.
5. 'സഭ' എന്ന വാക്ക്, ചിലപ്പോൾ വിശ്വാസികളുടെ ഏക ……………………… ചിലപ്പോൾ, പ്രാദേശിക …………………… പരാമർശിക്കുന്നതിനും ബൈബിളിൽ ഉപയോഗിച്ചിരിക്കുന്നു.
6. "നാം എല്ലാവരും ഏക..........................................., ഒരേ ആത്മാവിൽ സ്നാനം ഏറ്റും എല്ലാവരും ഒരേ ആത്മാവിനെ ............................................ .
7. ക്രിസ്തുവിലായിത്തീർന്ന എല്ലാവരും ...................... തന്നേ സംസാരിക്കയും നിങ്ങളുടെ ഇടയിൽ ഭിന്നത ഭവിക്കാതെ ............... മനസ്സിലും ..............അഭി-പ്രായത്തിലും യോജിച്ചിരിക്കയും വേണം.
8. ജാതി , സംസകാര, വർണ, സാമ്പത്തിക ഭേദമന്യേ, എല്ലാവരും ………………………...…….. ഒന്നായിത്തീരുന്നു.
9. നാം നമ്മെത്തന്നെ നിർമലന്മാരായി ....................................; ആത്മീകമായി ……………………..; സഭയിൽ നമ്മുടെ ഉത്തരവാദിത്വത്തെ പൂർണമായും …………………. .
10. ………………….….യെക്കുറിച്ചുള്ള പദ്ധതി , ലോകാരംഭത്തിന് മുൻപേ ദൈവത്തിന്റെ മനസ്സിൽ ഉണ്ടായിരുന്നു.

**B. ശരി(√) / തെറ്റ്(×) അടയാളപ്പെടുത്തുക**

1. .................. ക്രിസ്തുവിന്റെ രക്തത്തിനുപോലും കഴുകാൻ പറ്റാത്ത മഹാപാപങ്ങളുണ്ട്.
2. .................. സ്നാനപ്പെടുമ്പോൾ, ക്രിസ്തുവിനെ നാം ധരിക്കുന്നു.
3. .................. സ്നാനപ്പെട്ട ഒരുവൻ, പാപം ചെയ്താൽ വീണ്ടും സ്നാനപ്പെടണം.
4. .................. കർത്താവ്, രക്ഷിക്കപ്പെടുന്നവരെ മനുഷ്യനിർമിതമായ സഭയിലേക്ക് ചേർക്കുന്നു.
5. .................. സഭ എന്നത്, ഒരു തലയ്ക്കു കീഴുള്ള പല ശരീരങ്ങളെ സൂചിപ്പിക്കുന്നു.
6. .................. സത്യസഭ ഒന്ന് മാത്രമേയുള്ളൂ; ക്രിസ്തുവത്രേ അതിന്റെ തല.
7. .................. ക്രിസ്തുവിൽ, യഹൂദനോ, പുറജാതിയോ എന്ന വ്യത്യാസമില്ലാതെ എല്ലാവരും ഒന്നായിത്തീരുന്നു.
8. .................. ലോകത്തിലെ എല്ലാ തരത്തിൽപ്പെട്ട മനുഷ്യർക്കും ക്രിസ്തുവിന്റെ സഭയിലേക്ക് പ്രവേശനം സാധ്യമാണ്.
9. .................. ക്രിസ്ത്യാനി എന്ന പദവിയിൽ, ഉത്തരവാദിത്വങ്ങളുമുണ്ട്.
10. .................. ഓരോ ക്രിസ്ത്യാനിയെയും, ദൈവം തന്റെ മകൻ/മകൾ എന്ന് സ്നേഹപൂർവ്വം വിളിക്കുന്നു.

പാഠം 7

# സത്യ ആരാധന

## *TRUE WORSHIP*

ഒരു ക്രിസ്ത്യാനി, ദൈവവുമായി സവിശേഷ ബന്ധം ആസ്വദിക്കുന്നു. സ്നാനത്തിൽ, ക്രിസ്തുവിനോട് ചേർക്കപ്പെടുന്ന ഓരോ വ്യക്തിയും, ക്രിസ്തുവിന്റെ ശരീരമായ 'സഭ'യിലെ അംഗമായിത്തീരുന്നു.

ക്രിസ്തു, തന്റെ രക്തത്താൽ സമ്പാദിച്ച ആത്മീയ ശരീരത്തിന്റെ ഭാഗമായി, സുവിശേഷം അനുസരിച്ച ഓരോ വ്യക്തിയും തീരുന്നു. വ്യക്തികളെന്ന നിലയിൽ, ഓരോ ക്രിസ്ത്യാനിക്കും, സ്വകാര്യമായി ദൈവത്തെ ആരാധിപ്പാൻ കഴിയും; മാത്രമല്ല, ഭവനത്തിൽ കുടുംബമായി കൂടുമ്പോൾ, ഒരുമിച്ചും ദൈവത്തെ ആരാധിക്കാൻ സാധിക്കും. ദൈവത്തെ പാടിസ്തുതിക്കാനും, പ്രാർത്ഥിക്കാനും, എല്ലാ സമയത്തും, ഏതു ദിവസത്തിലും, ഏതു സ്ഥലത്തും നമുക്ക് സാധിക്കും. ദൈവസന്നിധിയിലേക്ക് ധൈര്യമായി കടന്നു ചെല്ലാനുള്ള അവകാശം, ക്രിസ്തുവിൽ നമുക്ക് ദൈവം നൽകി. മറ്റാരുടെയെങ്കിലും മധ്യസ്ഥത നമുക്ക് ആവശ്യമില്ല; ക്രിസ്തുവല്ലാതെ മറ്റൊരു മധ്യസ്ഥനും നമുക്കില്ല. ദൈവവചനം പറയുന്നത് കേൾക്ക: **"ദൈവം ഒരുവനല്ലോ. ദൈവത്തിന്നും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ: എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നേ"** (1 തിമോത്തി 2:5-6).

എന്നാൽ, ദൈവം ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ (ഞാറാഴ്ച), ദൈവമക്കളായവർ ഒരുമിച്ചു കൂടി വരേണമെന്നു കല്പിച്ചിരിക്കുന്നു. ആ ദിവസത്തിലത്രെ, ആദ്യമായി പൂർണസുവിശേഷം പ്രസംഗിക്കപ്പെട്ടതും, അനേകർ സ്നാനപ്പെട്ടു രക്ഷ പ്രാപിച്ചതും, ക്രിസ്തുവിന്റെ സഭ ആരംഭിച്ചതും (അപ്പോസ്തോല പ്രവൃത്തി 2:38-41, 47). ആ നാൾ മുതൽ, ഇന്നു വരെയും, എല്ലാ ഞാറാഴ്ച്ചയും ക്രിസ്ത്യാനികൾ, ഒരുമിച്ചു സഭയായി കൂടിവന്നു, ദൈവത്തെ ആരാധിക്കുന്നു. അന്ന്, ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയെ ഓർക്കുന്നു; ദൈവവചനം പഠിക്കുന്നു; പ്രാർത്ഥിക്കുന്നു; ദൈവത്തിനായി നൽകുന്നു; സ്തുതി ഗീതങ്ങൾ പാടുന്നു. ശരിയായ ആരാധനയുടെ സ്വഭാവത്തെ മനസ്സിലാക്കിയ ശേഷം ഈ ഓരോ കാര്യങ്ങളും വിശദമായി പരിശോധിക്കാം.

## <u>സത്യ ആരാധനയുടെ സ്വഭാവം</u>

താഴെ പറയുന്ന വേദഭാഗങ്ങൾ ശ്രദ്ധിക്കുക:

"**ആകയാൽ നിങ്ങൾ യഹോവയെ ഭയപ്പെട്ടു, അവനെ പരമാർത്ഥതയോടും വിശ്വസ്തതയോടുംകൂടെ സേവിപ്പിൻ. നിങ്ങളുടെ പിതാക്കന്മാർ നദിക്കക്കരെയും മിസ്രയീമിലും വെച്ചു സേവിച്ച ദേവന്മാരെ ഉപേക്ഷിക്കയും യഹോവയെത്തന്നേ സേവിക്കയും ചെയ്‌വിൻ** " (ജോഷ്വ 24:14).

"**യഹോവയെ ഭയപ്പെട്ടു പൂർണ്ണഹൃദയത്തോടും പരമാർത്ഥതയോടുംകൂടെ സേവിക്കമാത്രം ചെയ്‌വിൻ; അവൻ നിങ്ങൾക്കു എത്ര വലിയ കാര്യം ചെയ്തിരിക്കുന്നു എന്നു ഓർത്തുകൊൾവിൻ**" (1 ശമുവേൽ 12:24).

"**സത്യനമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു. തന്നെ നമസ്കരിക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കേണം എന്നു പിതാവു ഇച്ഛിക്കുന്നു. ദൈവം ആത്മാവു ആകുന്നു; അവനെ നമസ്കരിക്കുന്നവർ <u>*ആത്മാവിലും സത്യത്തിലും നമസ്കരിക്കേണം*</u>** " (യോഹന്നാൻ 4:23-24).

"**വാക്കിനാലോ, ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും അവൻ മുഖാന്തരം പിതാവായ ദൈവത്തിന്നു സ്തോത്രം പറഞ്ഞുംകൊണ്ടിരിപ്പിൻ**"(കൊലോസ്സ്യർ 3:17).

ദൈവത്തെ ആരാധിക്കുന്നത് പരമാർത്ഥതയോടെ, സത്യപ്രകാരമാകണം എന്ന് മേൽപരാമർശിച്ച വേദഭാഗങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു. ദൈവീക സത്യത്തിൽ അടിസ്ഥാനപ്പെട്ടുകൊണ്ടുള്ള ആരാധനയെ മാത്രമേ ദൈവം സ്വീകരിക്കൂ. നാം ആരാധിക്കുമ്പോഴും സംസാരിക്കുമ്പോഴും എല്ലാ കാര്യങ്ങളും, ക്രിസ്തുവിന്റെ നാമത്തിൽ, അവന്റെ അധികാരത്തിൽ മാത്രമേ ആകാവൂ എന്ന് നാലാമത് ഉദ്ധരിച്ച വചനം സാക്ഷ്യപ്പെടുത്തുന്നു.

നാം സമർപ്പിക്കുന്ന ആരാധന, ദൈവം അംഗീകരിച്ചതിനൊത്തവണ്ണമല്ല എങ്കിൽ, അത് സത്യാരാധനയല്ല. കൂടാതെ, ശരിയായ ആരാധനയിൽ, ഹൃദയപരമാർത്ഥതയും സത്യസന്ധതയും ആരാധകന് ഉണ്ടായിരിക്കണം. അവന്റെ ആത്മാവ്, ആരാധനയിൽ സമർപ്പിക്കപ്പെടണം. ദൈവത്തെ സ്നേഹിക്കാതെ, അവനെ ആരാധിപ്പാൻ സാധ്യമല്ല. എന്നാൽ, ദൈവത്തെ സ്നേഹിക്കാതെ ആരാധിക്കുവാൻ

ശ്രമിക്കുന്നവർ, അവനെ നിന്ദിക്കുന്നു; അവരെ സംബന്ധിച്ച് ആരാധന **"എന്തൊരു പ്രയാസം"** തന്നെയാണ് (മലാഖി 1:13).

ദൈവമക്കൾ സഭയായി, ഞാറാഴ്ച കൂടിവരുമ്പോൾ, ദൈവത്തെ ആരാധിപ്പാൻ, ദൈവം നമുക്ക് നൽകിയ അപ്പോസ്തോലിക മാതൃക ഇതാണ്:

## കർത്തൃമേശ (അപ്പം നുറുക്കൽ)

സഭ ആരംഭിച്ച ആദ്യ നൂറ്റാണ്ടിൽ, ദൈവമക്കൾ ആഴ്ചയുടെ ഒന്നാം നാളിൽ കൂടിവന്നു അപ്പം നുറുക്കിയതായി ബൈബിളിൽ വായിക്കുന്നു (അപ്പോസ്തോല പ്രവൃത്തി 20:7; 2:42). യേശുക്രിസ്തുവിന്റെ ക്രൂശിലെ മരണത്തെ ഓർമിക്കുന്ന കർത്തൃമേശ ശുശ്രൂഷയാണത്.

കർത്തൃമേശയുടെ ഉദ്ദേശത്തെ പൗലോസ് കൊരിന്ത്യ വിശ്വാസികളെ ഓർമ്മപ്പെടുത്തി:

> "**ഞാൻ കർത്താവിങ്കൽ നിന്നു പ്രാപിക്കയും നിങ്ങൾക്കു ഏല്പിക്കയും ചെയ്തതു എന്തെന്നാൽ: കർത്താവായ യേശുവിനെ കാണിച്ചു കൊടുത്ത രാത്രിയിൽ അവൻ അപ്പം എടുത്തു സ്തോത്രംചൊല്ലി നുറുക്കി: ഇതു നിങ്ങൾക്കു വേണ്ടിയുള്ള എന്റെ ശരീരം; എന്റെ ഓർമ്മെക്കായി ഇതു ചെയ്‌വിൻ എന്നു പറഞ്ഞു."**
>
> **" അവ്വണ്ണം തന്നേ അത്താഴം കഴിഞ്ഞശേഷം അവൻ പാനപാത്രവും എടുത്തു; ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയനിയമം ആകുന്നു; ഇതു കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മെക്കായി ചെയ്‌വിൻ എന്നു പറഞ്ഞു. അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കയും ചെയ്യുമ്പോഴൊക്കെയും കർത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു"** (1 കൊരിന്ത്യർ 11:23-26).

ഈ ഓർമശുശ്രൂഷയിൽ നാം നുറുക്കുന്ന പുളിപ്പില്ലാത്ത അപ്പം, നമ്മുടെ പാപങ്ങൾക്കായി ക്രൂശിൽ തകർക്കപ്പെട്ട ക്രിസ്തുവിന്റെ ശരീരത്തെ പ്രതിനിധാനം ചെയുന്നു. പാനപാത്രമാകട്ടെ, നമുക്കായി ചൊരിഞ്ഞ ക്രിസ്തുവിന്റെ രക്തത്തെ സൂചിപ്പിക്കുന്നു. എല്ലാ ഞാറാഴ്ചയും, സഭ ഒരുമിച്ചു കൂടിവന്നു, ക്രിസ്തുവിന്റെ കാൽവരിക്രൂശിലെ പരമയാഗത്തെ ഓർത്ത് പ്രസ്താവിക്കുന്നു.

## <u>ദൈവത്തിനായി നൽകൽ</u>

**“നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിന്നു നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ”** (2 കൊരിന്ത്യർ 8:9).

**“വിശുദ്ധന്മാർക്കു വേണ്ടിയുള്ള ധർമ്മശേഖരത്തിന്റെ കാര്യത്തിലോ ഞാൻ ഗലാത്യസഭകളോടു ആജ്ഞാപിച്ചതുപോലെ നിങ്ങളും ചെയ്‌വിൻ. ഞാൻ വന്നശേഷം മാത്രം ശേഖരം ഉണ്ടാകാതിരിക്കേണ്ടതിന്നു <u>ആഴ്ചവട്ടത്തിൽ ഒന്നാം</u> <u>നാൾതോറും</u> നിങ്ങളിൽ ഓരോരുത്തൻ തനിക്കു കഴിവുള്ളതു ചരതിച്ചു തന്റെ പക്കൽ വെച്ചുകൊള്ളേണം”** (1 കൊരിന്ത്യർ 16:1-2).

ദൈവം നമുക്ക് നൽകിയ ദാനത്തിനു നന്ദിസൂചകമായി, ദൈവീക ശുശ്രൂഷക്കും സഭയുടെ പൊതുപ്രയോജനത്തിനും നാം നല്കേണം. സന്തോഷ-ത്തോടെ നൽകുന്ന വ്യക്തിയെ ദൈവം സ്നേഹിക്കുന്നു (2 കൊരിന്ത്യർ 9:7). ആഴ്ചയുടെ ഒന്നാം നാളിൽ ഈ ധർമശേഖരം നടത്തുവാൻ പൗലോസ് കല്പിച്ചു.

## <u>അപ്പോസ്തോലിക ഉപദേശത്തിൽ നിലനിൽക്കുക</u>


ആദ്യമായി, പെന്തക്കുസ്തനാളിൽ സുവിശേഷം കേട്ടു സ്നാനപ്പെട്ട വിശ്വാസികൾ ദൈവരാജ്യത്തിന്റെ ഉപദേശം പഠിക്കേണ്ടതുണ്ടായിരുന്നു. ആയതിനാൽ ദൈവാത്മാവിനാൽ നിയന്ത്രിതരായ അപ്പോസ്തോലന്മാർ, വിശ്വാസികളെ സത്യ ഉപദേശം പഠിപ്പിച്ചു (അപ്പോസ്തോല പ്രവൃത്തി 2:42). ദൈവശ്വാസീയരായ അപ്പോസ്തോലർ, പഠിപ്പിച്ചതും സംസാരിച്ചതും, ദൈവത്തിന്റെ ഉപദേശങ്ങൾ തന്നെയാണ് (1 തെസ്സലോനിക്യർ 2:13). ബെരോവയിലെ വിശ്വാസികളെപ്പോലെ, ഇന്നും നാം പഠിക്കേണ്ടതും അനുസരിക്കേണ്ടതും ആ ദൈവവചനങ്ങൾ തന്നെയാണ് (അപ്പോസ്തോല പ്രവൃത്തി 17:11). ആ സത്യം തന്നെയാണോ ഞാൻ കൈകൊള്ളുന്നത് എന്ന് ദിനംപ്രതി പരിശോധിക്കേണം. മാത്രമല്ല, ദൈവവചന ധ്യാനമാണ് ആത്മീയ വളർച്ചയുടെ അടിസ്ഥാന ഘടകം (1 പത്രോസ് 2:2).

## <u>പ്രാർത്ഥന</u>

പൗലോസ് പറയുന്നു :”ഇടവിടാതെ പ്രാർത്ഥിപ്പിൻ” (1 തെസ്സലോനിക്യർ 5:17). ആഴ്ചയുടെ ഒന്നാം നാളിൽ മാത്രമല്ല, എന്നും, ക്രിസ്തു മുഖാന്തിരം ദൈവപിതാവുമായി ബന്ധപ്പെടുവാൻ, പ്രാർത്ഥനയിൽ നമുക്ക് സാധിക്കും.

ദൈവവുമായി ബന്ധമുള്ള വ്യക്തി പ്രാർത്ഥിക്കുമ്പോൾ ദൈവം ചെവിചായിച്ചു അത് കേൾക്കുന്നു. നമ്മുടെ ഹൃദയത്തിലെ, നന്ദിയും പുകഴ്ചയും ബഹുമാനവും അപേക്ഷകളും, ദൈവത്തിനു അർപ്പിക്കാനുള്ള ഒരു ഉപാധി കൂടിയാണ് പ്രാർത്ഥന.

> **"ഒന്നിനെക്കുറിച്ചും വിചാരപ്പെടരുതു; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടു കൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടതു. എന്നാൽ സകലബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും"** (ഫിലിപ്പിയർ 4:6-7).



## <u>പാട്ടു പാടൽ</u>

**സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മികഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധിയുപദേശിച്ചും നന്ദിയോടെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിന്നു പാടിയും ഇങ്ങനെ ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടും കൂടെ നിങ്ങളിൽ വസിക്കട്ടെ"** (കൊലൊസ്സ്യർ 3:16).

ദൈവമക്കൾ സ്തുതി കരേറ്റി ദൈവമഹത്വത്തിനായി പാടുവാൻ കല്പി-ച്ചിരിക്കുന്നു. പുതിയനിയമം പിൻപറ്റുന്ന നമ്മോടു, ഹൃദയങ്ങളാലും അധരങ്ങളാലും പാടുവാനാണ് ബൈബിൾ പറഞ്ഞത് (എബ്രായർ 1:15). ദൈവ-വചനപ്രകാരം, സംഗീതോപകരണങ്ങൾ ഉപയോഗിച്ച് പാടുവാൻ നമുക്ക് അനുവാദമില്ല. ദൈവം അംഗീകരിച്ചത് ഹൃദയത്തിൽ നിന്നും പുറപ്പെടുന്ന നാദമാണ്; ആദ്യ നൂറ്റാണ്ടിലെ വിശ്വാസികൾ സംഗീതോപകരണങ്ങൾ ഉപയോഗിച്ചിരുന്നുമില്ല.

**<u>യെരോബെയാമിന്റെ പാപം</u>:** ദൈവത്തെ ആരാധിപ്പാൻ, കൽപ്പിച്ചിരുന്ന വഴികളെ മാറ്റുവാൻ, യെരോബെയാം എന്ന രാജാവ് ശ്രമിച്ചു (1 രാജാക്കന്മാർ 12:25-33). യെരോബെയാമിന്റെ ഈ തീരുമാനം കൊണ്ട്, അവനും ജനവും ദൈവത്തോട് മഹാ-പാപം ചെയ്യാനിടയായി (2 രാജാക്കന്മാർ 17:21). ദൈവത്തിന്റെ വഴികളെ മറിച്ചുകളയാൻ ശ്രമിച്ചതിനാൽ, അവൻ നശിച്ചുപോയി.

ആരാധനക്കായി, ദൈവം കല്പിച്ചതിനോട് ഒന്നും കൂട്ടാനോ കുറയ്ക്കാനോ ഒരു മനുഷ്യനും അധികാരമില്ല. ദൈവം നമ്മോടു കല്പിച്ചതിനു അനുസാരമായി അവനെ ആരാധിക്കുമ്പോൾ, ദൈവം ആ ആരാധനയെ സ്വീകരിക്കുകയും നമ്മെ അനുഗ്രഹിക്കയും ചെയ്യുന്നു.

## വിഗ്രഹാരാധനയെ ദൈവം വെറുക്കുന്നു

**"അനീതികൊണ്ടു സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്നു വെളിപ്പെടുന്നു. ദൈവത്തെക്കുറിച്ചു അറിയാകുന്നതു അവർക്കു വെളിവായിരിക്കുന്നു; ദൈവം അവർക്കു വെളിവാക്കിയല്ലോ. അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടി മുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു; അവർക്കു പ്രതിവാദമില്ലാതിരിക്കേണ്ടതിന്നു തന്നേ. അവർ ദൈവത്തെ അറിഞ്ഞിട്ടും അവനെ ദൈവമെന്നു ഓർത്തു മഹത്വീകരിക്കയോ നന്ദി കാണിക്കയോ ചെയ്യാതെ തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിത്തീർന്നു, അവരുടെ വിവേകമില്ലാത്ത ഹൃദയം ഇരുണ്ടുപോയി. ജ്ഞാനികൾ എന്നു പറഞ്ഞുകൊണ്ടു അവർ മൂഢരായിപ്പോയി; അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ അവർ ക്ഷയമുള്ള മനുഷ്യൻ, പക്ഷി, നാൽക്കാലി, ഇഴജാതി എന്നിവയുടെ രൂപസാദൃശ്യമായി മാറ്റിക്കളഞ്ഞു.**

**അതുകൊണ്ടു ദൈവം അവരെ തങ്ങളുടെ ഹൃദയങ്ങളിലെ മോഹങ്ങളിൽ സ്വന്തശരീരങ്ങളെ തമ്മിൽ തമ്മിൽ അവമാനിക്കേണ്ടതിന്നു അശുദ്ധിയിൽ ഏല്പിച്ചു. ദൈവത്തിന്റെ സത്യം അവർ വ്യാജമാക്കി മാറ്റിക്കളഞ്ഞു, സൃഷ്ടിച്ചവനെക്കാൾ സൃഷ്ടിയെ ഭജിച്ചു ആരാധിച്ചു; അവൻ എന്നേക്കും വാഴ്ത്തപ്പെട്ടവൻ, ആമേൻ."** (റോമർ 1:18-25).

# പാഠം 7- ചോദ്യങ്ങൾ

## A. പൂരിപ്പിക്കുക

1. ആഴ്ചയുടെ ………….. നാളിലാണ് ക്രിസ്ത്യാനികൾ കൂടിവന്നു …………………… ആരാധിക്കേണ്ടത്.
2. നുറുക്കുന്ന ........................ യേശുവിന്റെ ശരീരത്തെയും, …………………………… യേശുവിന്റെ രക്തത്തെയും പ്രതിനിധാനം ചെയ്യുന്നു.
3. സന്തോഷത്തോടെ ദൈവത്തിനു നല്കുന്നവനെ ദൈവം ................................ .
4. അപ്പോസ്തോലർ ദൈവാത്മാവിനാൽ …………………………… ദൈവവചനം പ്രസ്താവിച്ചത്.
5. നാം ബൈബിൾ പഠിക്കുകയും ………………………...…………… വേണം.
6. ……………………...…. പ്രാർത്ഥിപ്പാൻ പൗലോസ് പ്രബോധിപ്പിച്ചു.
7. “സങ്കീർത്തനങ്ങളാലും ......................................, ........................................... തമ്മിൽ പഠിപ്പിച്ചും ബുദ്ധിയുപദേശിച്ചും നന്ദിയോടെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിന്നു ................................”.
8. വിഗ്രഹാരാധനയെ ദൈവം .................................... .
9. ആരാധനക്കായി, ദൈവം കല്പിച്ചതിനോട് ഒന്നും കൂട്ടാനോ കുറയ്ക്കാനോ ഒരു മനുഷ്യനും ................................................. .
10. ദൈവം ...................... ആകുന്നു; അവനെ നമസ്കരിക്കുന്നവർ .................., .................................. നമസ്കരിക്കേണം

B. ശരി(√) / തെറ്റ്(×) അടയാളപ്പെടുത്തുക

1. .................. വ്യക്തിപരമായി, ദൈവത്തെ നമുക്ക് ആരാധിക്കാൻ കഴിയും എന്നതുകൊണ്ട്, സഭയിൽ അംഗമാവേണ്ട ആവശ്യമില്ല.
2. .................. സത്യസന്ധമായ ഹൃദയത്തോടെയാണെങ്കിൽ, എങ്ങനെ ആരാധിച്ചാലും ദൈവം സ്വീകരിക്കും.
3. .................. അപ്പം നുറുക്കൽ ഒരു ഓർമ ശുശ്രൂഷയാണ്.
4. .................. മാസത്തിലൊരിക്കലാണ് കർതൃമേശയിൽ നാം പങ്കെടുക്കുന്നത്.
5. .................. സകലവും സൃഷ്ടിച്ച ദൈവത്തിനു നാം നൽകേണ്ട ആവശ്യമില്ല.
6. .................. ദൈവവചനം പഠിച്ചാൽ മാത്രമേ ആത്മീയ വളർച്ച ഉണ്ടാകൂ.
7. .................. ദൈവം നമ്മുടെ പ്രാർത്ഥനകളെ കേൾക്കുന്നില്ല.
8. .................. സംഗീതോപകരണങ്ങൾ ഉപയോഗിച്ചുള്ള പാട്ടുപാടൽ പുതിയനിയമപ്രകാരമല്ല.
9. .................. ക്രിസ്തുവിന്റെ വചനത്തിലാണ് ആരാധനയുടെ പരമാധികാരം.
10. .................. യാതൊരു മനുഷ്യനും ദൈവം നൽകിയ നിയമങ്ങളെ, സ്വന്ത സൗകര്യപ്രകാരം മാറ്റുവാൻ അനുവാദമില്ല.

*പാഠം 8*

# ക്രിസ്തുവിൽ നവജീവൻ

## *NEW LIFE IN CHRIST*

പാപസംബന്ധമായി മരിക്കുകയും, സ്നാനത്തിൽ ക്രിസ്തുവിനോട് കൂടെ അടക്കപ്പെട്ട്, ഉയിർത്ത ശേഷം, ജീവന്റെ പുതുക്കത്തിൽ നടക്കുന്നവനാണ് ഒരു ക്രിസ്ത്യാനി (റോമർ 6:4). അവൻ വീണ്ടും ജനിച്ചവനാണ് (യോഹന്നാൻ3:5). നാം പാപത്തോടു വേർപ്പെട്ടവരാകയാൽ, നമ്മെ സ്വയം കണക്കാക്കേണ്ടത് ഇപ്രകാരമാണ്: "**പാപ സംബന്ധമായി മരിച്ചവർ എന്നും ക്രിസ്തുയേശുവിൽ ദൈവത്തിന് ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നേ എണ്ണുവിൻ**" (റോമർ 6:11). എന്നാൽ പാപം ഇന്നും കുഴപ്പക്കാരൻ തന്നെയല്ലേ? വീണ്ടു ജനിച്ചവർ പാപത്തിന്റെ ദാസ്യത്തിൽ നിന്നും വിടുതൽ പ്രാപിച്ചെങ്കിലും, പാപം തുടർച്ചയായി ആക്രമിക്കാൻ ശ്രമിക്കും..

> **"ആകയാൽ പാപം നിങ്ങളുടെ മർത്യശരീരത്തിൽ അതിന്റെ മോഹങ്ങളെ അനുസരിക്കുമാറു ഇനി വാഴരുതു, നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ആയുധങ്ങളായി പാപത്തിന്നു സമർപ്പിക്കയും അരുതു. നിങ്ങളെത്തന്നേ മരിച്ചിട്ടു ജീവിക്കുന്നവരായും നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായും ദൈവത്തിന്നു സമർപ്പിച്ചുകൊൾവിൻ"**
> (റോമർ 6:12-13).

നാം ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു (ഗലാത്യർ 2:20). പാപസ്വഭാവമുള്ള 'പഴയമനുഷ്യനെ' നാം മരിപ്പിച്ചു; ആകയാൽ നമ്മുടെ പുതുജീവിതം, പഴയതിൽ നിന്നും തീർത്തും വ്യത്യസ്തമായിരിക്കേണം. അനേകം മാറ്റങ്ങൾ ജീവിതത്തിൽ സംഭവിക്കാനുണ്ട്. ദൈവം പരിശുദ്ധനാകയാൽ, നമ്മളും വിശുദ്ധരായിരിക്കേണം (1 പത്രോസ് 1:14-16). ദൈവം നമ്മെ വിളിച്ചത്, അശുദ്ധിയിലേക്കല്ല; വിശുദ്ധിയിലേക്കാണ് (1 തെസ്സലോനിക്യർ 4:7).

സ്നാനപ്പെട്ട് രക്ഷിക്കപ്പെടുമ്പോൾ, നമ്മെ ദൈവം തന്റെ സഭയിലാക്കുന്നു. നാം എപ്പോഴും വിശ്വസ്തരും അനുസരണമുള്ളവരും എങ്കിൽ, അറിയാതെ ചെയ്യുന്ന പാപങ്ങൾ ദൈവം ക്ഷമിക്കും (1 യോഹന്നാൻ 2:1); മാത്രമല്ല നിത്യജീവനിൽ നമ്മെ നടത്തും (എബ്രായർ 5:9). എന്നാൽ അവന്റെ വാഗ്ദാനങ്ങളെ നാം വിശ്വസിക്കേണം.

“ **പ്രിയമുള്ളവരേ, ഈ വാഗ്ദത്തങ്ങൾ നമുക്കു ഉള്ളതുകൊണ്ടു നാം ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മെത്തന്നേ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികെച്ചുകൊൾക**”
(2 കൊരിന്ത്യർ 7:1).

ക്രിസ്ത്യാനി പുതുജീവൻ പ്രാപിക്കുന്നതിനെ, പൗലോസ് വസ്ത്രധാരണവുമായി താരതമ്യപ്പെടുത്തി (കൊലൊസ്സ്യർ 3:1-17). അഴുക്കും ചേറും പറ്റിയ ഒരു വ്യക്തി, കുളിച്ചു, ദേഹത്തെ ശുദ്ധീകരിച്ചു, പുതിയ വസ്ത്രം ധരിച്ചു. അതുപോലെ നാം മാനസാന്തരപ്പെട്ട് സ്നാനം ചെയ്തപ്പോൾ, കറപുരണ്ട പഴയ 'ആത്മീയ വസ്ത്ര'ത്തെ പുറത്തു കളഞ്ഞു; കൂടാതെ ക്രിസ്തുവിന്റെ രക്തത്താൽ കഴുക്കപ്പെട്ടു. ഇനിയും ആ പഴയ ചെളി നിറഞ്ഞ വസ്ത്രം (ആത്മീയമായി, പാപജീവിതത്തെ) നാം വീണ്ടും ധരിക്കാമോ? ഒരിക്കലും പാടില്ല. നീതി നിറഞ്ഞ, വെടിപ്പും വൃത്തിയുമുള്ള പുതുവസ്ത്രം നാം കൈക്കൊള്ളണം. ദൈവം നമ്മെ വിശുദ്ധരായി നിർമ്മിച്ചതുപോലെ, നാം നിഷ്കളങ്കരായിരിക്കേണം (1 പത്രോസ് 2:9). പൗലോസിന്റെ പ്രസ്താവനയെ ശ്രദ്ധിക്കുക:

“**ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്നിടമായ ഉയരത്തിലുള്ളതു അന്വേഷിപ്പിൻ. ഭൂമിയിലുള്ളതല്ല, ഉയരത്തിലുള്ളതു തന്നേ ചിന്തിപ്പിൻ. നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടു കൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു**” (കൊലൊസ്സ്യർ 3:1-3).

നമ്മുടെ ചിന്തകളിലും ആ മാറ്റം ഉണ്ടാകണം (2 കൊരിന്ത്യർ 10:5). ലൗകീകമായ കാര്യങ്ങളെ ചിന്തിക്കുന്നതിനേക്കാൾ അധികമായി, നമ്മുടെ മനസ്സ് ആത്മീക കാര്യങ്ങളിൽ വ്യാപൃതമാവണം. പാപത്തിലേക്ക് നയിക്കുന്ന ചിന്തകളോ ആശയങ്ങളോ മനസ്സിലിടം പിടിക്കാൻ നാം അനുവദിച്ചുകൂടാ. “**ആകയാൽ ദുർന്നടപ്പു, അശുദ്ധി, അതിരാഗം, ദുർമ്മോഹം, വിഗ്രഹാരാധനയായ അത്യാഗ്രഹം ഇങ്ങനെ ഭൂമിയിലുള്ള നിങ്ങളുടെ അവയവങ്ങളെ മരിപ്പിപ്പിൻ**” (കൊലൊസ്സ്യർ 3:5). തുടർന്ന് നാം ഉപേക്ഷിക്കേണ്ട സ്വഭാവങ്ങളെ (ആ പഴയ വസ്ത്രത്തെ) വിവരിക്കുന്നു:

“**ഇപ്പോഴോ നിങ്ങളും കോപം, ക്രോധം, ഈർഷ്യ, വായിൽനിന്നു വരുന്ന ദൂഷണം, ദുർഭാഷണം ഇവ ഒക്കെയും വിട്ടുകളവിൻ. അന്യോന്യം ഭോഷ്കു പറയരുതു. നിങ്ങൾ പഴയ മനുഷ്യനെ അവന്റെ പ്രവൃത്തികളോടുകൂടെ ഉരിഞ്ഞുകളഞ്ഞു, തന്നെ സൃഷ്ടിച്ചവന്റെ പ്രതിമപ്രകാരം, പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നവല്ലോ**” (കൊലൊസ്സ്യർ 3:8-10).

മേൽപ്പറഞ്ഞ വാക്യങ്ങളിൽ, ലൈംഗീകപാപങ്ങൾ, മനോഭാവത്തിലെ പാപങ്ങൾ, സംസാര സംബന്ധമായ പാപങ്ങൾ, എന്നിവയെല്ലാം ഉപേക്ഷിപ്പാൻ ദൈവം നമ്മോടു കല്പിക്കുന്നു. ക്രിസ്ത്യാനിയായിത്തീരുമ്പോൾ, നമ്മുടെ ജീവിതത്തിനും മാറ്റം വരുന്നു; ചിന്താധാരയിലും മാറ്റം വരുന്നു. അപ്പോൾ, നമ്മുടെ വ്യക്തിജീവിതത്തെ അനുദിനജീവിതത്തിന്റെ കാഴ്ച്ചപ്പാടിലല്ല, പിന്നെയോ, നിത്യതയുടെ വെളിച്ചത്തിൽ വീക്ഷിക്കുന്നു. ആ ജീവിതം ഇപ്പോൾ ഏറ്റവും ബന്ധപ്പെട്ടിരിക്കുന്നത്, ക്രിസ്തുവും അവന്റെ ശരീരവുമായ സഭയുമായാണ്. തന്നെ അനുസരിച്ച ജനത്തെ, സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകുവാൻ യേശുക്രിസ്തു വീണ്ടും വരും എന്ന ഉറപ്പുള്ള പ്രത്യാശയോടെ, നമ്മുടെ ഇഹലോകജീവിതം പൂർണമായും ക്രിസ്തുവിനു സമർപ്പിക്കുക (2 തെസ്സലോനിക്യ 1:7-9). നമ്മുടെ നിത്യമായ ജീവൻ ക്രിസ്തുവത്രേ (കൊലൊസ്സ്യർ 3:4).

മുൻപേ, നമുക്കുണ്ടായിരുന്ന പാപകരമായ അവസ്ഥയിൽ നിന്നും പൂർണ്ണ മാറ്റമുള്ളതായിരിക്കേണം ഇപ്പോഴത്തെ നമ്മുടെ മനോഭാവം. മുൻപ് കോപം നമ്മെ നിയന്ത്രിച്ചിരുന്നെങ്കിൽ, ഇപ്പോൾ കോപത്തെ നാം നിയന്ത്രിക്കണം. ശുദ്ധീകരിക്കപ്പെട്ട ആത്മാവോടു കൂടെ മലിനമായ അധരം പാടില്ല എന്നും മനസ്സിലാക്കണം. വഞ്ചനയും ദോഷവും പറയാതെ, സത്യത്തെ മാത്രം പ്രസ്താവിക്കുന്ന അധരങ്ങൾ നമുക്ക് ഉണ്ടാവണം.


പഴയ ചിന്താഗതികൾ, മനോഭാവങ്ങൾ, പ്രവൃത്തികൾ, എന്നിവയെ ഉപേക്ഷിക്കുക മാത്രമല്ല ക്രിസ്തീയ ജീവിതം. ദൈവം നമ്മെക്കുറിച്ചു ആഗ്രഹിക്കുന്നതുപോലെ പുതിയ വസ്ത്രം ധരിക്കയും വേണം.

> "**അതുകൊണ്ടു ദൈവത്തിന്റെ വൃതന്മാരും വിശുദ്ധന്മാരും പ്രിയരുമായി മനസ്സലിവു, ദയ, താഴ്മ, സൗമ്യത, ദീർഘക്ഷമ എന്നിവ ധരിച്ചു കൊണ്ട് അന്യോന്യം പൊറുക്കയും ഒരുവനോടു ഒരുവന് വഴക്കുണ്ടായാൽ തമ്മിൽ ക്ഷമിക്കയും ചെയ്‌വിൻ. എല്ലാറ്റിന്നും മീതെ സമ്പൂർണ്ണതയുടെ ബന്ധമായ സ്നേഹം ധരിപ്പിൻ. ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ വാഴട്ടെ; അതിനല്ലോ നിങ്ങൾ ഏകശരീരമായി വിളിക്കപ്പെട്ടുമിരിക്കുന്നതു; നന്ദിയുള്ളവരായും ഇരിപ്പിൻ**" (കൊലൊസ്സ്യർ 3:12-15)

സ്വഭാവപരിവർത്തനം എളുപ്പമല്ല. അഹന്ത ഉപേക്ഷിച്ചു എളിമ ധരിക്കണം. ക്രോധം കൈവെടിഞ്ഞ് ദയ, ദീർഘക്ഷമ, സഹിഷ്ണുത എന്നിവയുള്ളവനാകണം. സ്വാർത്ഥത സ്നേഹത്തിനു വഴിമാറണം. ക്രിസ്ത്യാനിയായിത്തീരുക എന്നത് പുതിയ വ്യക്തിയായി മാറുകയാണ് - ദൈവത്തോടുള്ള ബന്ധത്തിൽ മാത്രമല്ല, മനുഷ്യരോടുള്ള ബന്ധത്തിലും അതു പ്രകടമാകുന്നു. ക്രിസ്ത്യനിയായിത്തീരുക എന്നത് ക്രിസ്തുവിനു അനുരൂപനാകുകയാണ് (റോമർ

8:29). നീതി നിമിത്തം ഉപദ്രവം സഹിക്കേണ്ടിവന്നാലും ക്രിസ്തുവിന്റെ മാതൃക നാം പിന്തുടരണം (1 പത്രോസ് 2:20-24).

ഈ നവജീവൻ, ഭൗമീകമായ എല്ലാ ബന്ധങ്ങളിലും ഒരു പുതുമ ഉളവാക്കുന്നു. അതായതു, നമ്മുടെ ഭാര്യാഭർതൃബന്ധങ്ങൾ ഊഷ്മളമാകും (കൊലൊസ്സ്യർ 3:18-21, എഫെസ്യർ 5:22-23); മാതാപിതാക്കളെ ബഹുമാനിക്കാൻ പഠിക്കും (എഫെസ്യർ 6:1-4); ജോലി സ്ഥലങ്ങളിൽ സഹപ്രവർത്തകരോടും, അധികാരികളോടും മാന്യമായി ഇടപെടും (കൊലൊസ്സ്യർ 3:22, 4:1); നല്ല പൗരന്മാരായും മാറും (1 പത്രോസ് 2:13-17).



ഒരു പുതുമനുഷ്യനായി, നവീനമായ ബന്ധങ്ങളോടെ, ക്രിസ്ത്യാനിയായി ജീവിക്കുക, എത്രയോ മഹത്വമുള്ള-താണ്. സാത്താന്റെ അടിമകളായി ഇരുട്ടിൽ ജീവിക്കുന്നതിനേക്കാൾ എത്രയോ ശ്രേഷ്ഠമാണ്, ദൈവ-മക്കളായി വെളിച്ചത്തിൽ വാഴുന്നത്; മനുഷ്യർക്ക് ലഭിച്ചതിൽ ഏറ്റവും വലിയ സൗഭാഗ്യമാണത്.

**“ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു”**
(2 കൊരിന്ത്യർ 5:17).

## നമ്മുടെ ചുമതലകൾ

പാപമോചനത്തിനായി നിങ്ങൾ സ്നാനപ്പെട്ടു എങ്കിൽ, അനേകം അനുഗ്രഹ-ങ്ങളോടൊപ്പം ചില ഉത്തരവാദിത്വങ്ങളും നിങ്ങൾക്കുണ്ട്. ഒന്നാമതായി, നിങ്ങളുടെ ജീവിതത്തിൽ ദൈവത്തിനു മുൻഗണന നൽകുക (ലൂക്കോസ് 14:26-33, മത്തായി 22:37-39). രണ്ടാമത് “**ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ രക്ഷെക്കായി പ്രവർത്തിപ്പിൻ**” (ഫിലിപ്പിയർ 2:12). അതോടൊപ്പം “**കൂട്ടുകാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കേണം**” (മത്തായി 22:39). സഭയിലെ സഹോദരങ്ങളോടും, ക്രിസ്ത്യാനികളല്ലാത്ത മറ്റുള്ളവരോടും ചില കടമകളും നമുക്കുണ്ട്. ക്രിസ്തുവിന്റെ ശിഷ്യന്മാരോടുള്ള അവന്റെ കല്പന ശ്രദ്ധിക്കുക: **“നിങ്ങൾ തമ്മിൽ തമ്മിൽ**

**സ്നേഹിക്കേണം എന്നു പുതിയോരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു തന്നേ"** (യോഹന്നാൻ 13:34). കൂടാതെ, പരസ്പരം പ്രബോധിപ്പിക്കണം, ശക്തീകരിക്കണം, സേവനം ചെയ്യണം (എബ്രായർ 3:13, എഫെസ്യർ 5:19, ഗലാത്യർ 5:13). ക്രിസ്ത്യാനികളല്ലാത്തവരോട് എങ്ങനെയാണു നാം ഇടപെടേണ്ടത്?

> "**സമയം തക്കത്തിൽ ഉപയോഗിച്ചുകൊണ്ടു പുറത്തുള്ളവരോടു ജ്ഞാനത്തോടെ പെരുമാറുവിൻ. ഓരോരുത്തനോടു നിങ്ങൾ എങ്ങനെ ഉത്തരം പറയേണം എന്നു അറിയേണ്ടതിന്നു നിങ്ങളുടെ വാക്കു എപ്പോഴും കൃപയോടുകൂടിയതും ഉപ്പിനാൽ രുചിവരുത്തിയതും ആയിരിക്കട്ടെ**" (കൊലൊസ്സ്യർ 4:5-6).

താൻ എല്ലാവരോടും സുവിശേഷം പറയുവാൻ കടപ്പെട്ടിരിക്കുന്നു എന്ന് അപ്പോസ്തോലനായ പൗലോസ് പറഞ്ഞുവെങ്കിൽ (റോമർ 1:14) ക്രിസ്ത്യാനിയായ ഒരുവനും ഇതേ കടം ഉണ്ട്. കാരണം ക്രിസ്ത്യാനി, ക്രിസ്തുവിന്റെ പ്രതിനിധിയാണ്. നമ്മുടെ ജീവിതത്താൽ, ക്രിസ്തുവിനെ കാണാൻ മറ്റുള്ളവർക്ക് കഴിയണം.

താങ്കൾ ഇതുവരെ സുവിശേഷം അനുസരിച്ചിട്ടില്ല എങ്കിൽ, ഓർക്കുക: താങ്കളുടെ പാപങ്ങൾ നിത്യനാശത്തെ ഉളവാക്കിയെങ്കിലും, താങ്കൾ നിത്യജീവിതം കൈവരിക്കാൻ ദൈവം ആഗ്രഹിക്കുന്നു (റോമർ 6:23). താങ്കൾ ദൈവ-പൈതലാകുവാൻ, ദൈവപിതാവ് അതിയായി ആഗ്രഹിക്കുന്നു.

താങ്കൾ പാപമോചനത്തിനായി സ്നാനപ്പെടുവാൻ (അപ്പോസ്തോല പ്രവൃത്തി 2:38) ആഗ്രഹിക്കുന്നു എങ്കിൽ അടുത്തുള്ള ക്രിസ്തുവിന്റെ സഭയിലെ ശുശ്രൂഷകനുമായി ബന്ധപ്പെടുക, അല്ലെങ്കിൽ ആദ്യപേജുകളിൽ നൽകിയ വിലാസത്തിൽ വിളിക്കുക. സ്നാനപ്പെടുമ്പോൾ, ദൈവത്തിന്റെ നിത്യപദ്ധതിയായ അവന്റെ സഭയിൽ അംഗമായിത്തീരുന്നു. ക്രിസ്തീയ ജീവനിൽ വളരുക; സത്യവിശ്വാസത്തെ മുറുകെപ്പിടിച്ചുകൊൾക. ദൈവം താങ്കളെ അതിനായി, അനുഗ്രഹിക്കുമാറാകട്ടെ.

<u>ക്രിസ്തീയ ജീവിതശൈലി</u>

*"കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ; സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു.*

*നിങ്ങളുടെ സൗമ്യത സകല മനുഷ്യരും അറിയട്ടെ; കർത്താവു വരുവാൻ അടുത്തിരിക്കുന്നു.*

*ഒന്നിനെക്കുറിച്ചും വിചാരപ്പെടരുതു; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടതു.*

*എന്നാൽ സകലബുദ്ധിയേയും കവിയുന്ന ദൈവ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും.*

*ഒടുവിൽ സഹോദരന്മാരേ, സത്യമായതു ഒക്കെയും ഘനമായതു ഒക്കെയും നീതിയായതു ഒക്കെയും നിർമ്മലമായതു ഒക്കെയും രമ്യമായതു ഒക്കെയും സല്കീർത്തിയായതു ഒക്കെയും സൽഗുണമോ പുകഴ്ചയോ അതു ഒക്കെയും ചിന്തിച്ചുകൊൾവിൻ.*

*എന്നോടു പഠിച്ചും ഗ്രഹിച്ചും കേട്ടും കണ്ടുമുള്ളതു പ്രവർത്തിപ്പിൻ; എന്നാൽ സമാധാനത്തിന്റെ ദൈവം നിങ്ങളോടുകൂടെ ഇരിക്കും"* (ഫിലിപ്പിയർ 4:4-9).

# പാഠം 8- ചോദ്യങ്ങൾ

## A. പൂരിപ്പിക്കുക

1. ഒരുവൻ ക്രിസ്ത്യാനിയായി എങ്കിലും ………..…….. അവനെ നിരന്തരമായി ആക്രമിക്കും; പാപസംബന്ധമായി …………………….. ക്രിസ്ത്യാനി എന്ന് ഓർക്കണം.
2. ക്രിസ്ത്യാനിയായിത്തീരുമ്പോൾ ......................... വസ്ത്രം ഉപേക്ഷിച്ചു ……………………..… വസ്ത്രം ധരിക്കുന്നു.
3. ലൗകീക കാര്യങ്ങളെ ചിന്തിക്കാതെ ……………..…………… സത്യങ്ങളിൽ നാം മനസ്സ് വ്യാപൃതരാക്കണം.
4. ക്രിസ്ത്യാനി ………………………………….. അനുരൂപനാകേണം.
5. ക്രിസ്ത്യാനി ആകുമ്പോൾ ……………………… ലും ............................. ലും മാറ്റം വരുന്നു.
6. ശുദ്ധിയായ ആത്മാവിനു ………..…………….. അധരമുണ്ടാകില്ല.
7. അഹന്ത ഉപേക്ഷിച്ചു ............................ ധരിക്കണം; സ്വാർത്ഥത കൈവെടിഞ്ഞു ................................. ധരിക്കണം.
8. കൂട്ടുകാരനെ .........................................തന്നേ സ്നേഹിക്കേണം.
9. ക്രിസ്തുവിലുള്ള നവജീവൻ, എല്ലാ ബന്ധങ്ങളിലും ഒരു ....................... ഉളവാക്കുന്നു.
10. ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ ..................................... ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ, അതു........................ തീർന്നിരിക്കുന്നു.

**B. ശരി(√) / തെറ്റ്(×) അടയാളപ്പെടുത്തുക**

1. .................. ദൈവം വിശുദ്ധനാകയാൽ നമ്മളും വിശുദ്ധരാകേണം. വിശുദ്ധിയിലേക്കു ദൈവം നമ്മെ വിളിച്ചിരിക്കുന്നു.
2. .................. തന്നെ അനുസരിക്കയും വിശ്വസ്തരായിരിക്കയും ചെയ്യുന്നവർക്ക് ദൈവം നിത്യജീവനെ നൽകുന്നു.
3. .................. എല്ലാ തരത്തിലുള്ള പാപങ്ങളും നാം ഉപേക്ഷിക്കണം.
4. .................. ചിലപ്പോൾ കോപിക്കുന്നതും നുണ പറയുന്നതും പാപമല്ല.
5. .................. ആത്മാവിനെ കളങ്കപ്പെടുത്തുന്ന മാലിന്യമാണ് പാപം . അത് ആത്മാവിനെ ക്ഷയിപ്പിച്ചു നശിപ്പിക്കും.
6. .................. ക്രിസ്ത്യാനി സ്വർഗീയമായത് ചിന്തിക്കുന്നു.
7. .................. ക്രിസ്ത്യനിയായിത്തീരുമ്പോൾ ബന്ധങ്ങളിലും മാറ്റം വരും.
8. .................. ക്രിസ്ത്യാനി മറ്റുള്ളവരോട് സുവിശേഷം പറയാൻ കടപ്പെട്ടിരിക്കുന്നു.
9. .................. വഞ്ചനയും ദോഷവും പറയാതെ, സത്യത്തെ മാത്രം പ്രസ്താവിക്കുന്ന അധരങ്ങൾ നമുക്ക് ഉണ്ടാവണം.
10. .................. തന്റെ ജനത്തെ സ്വർഗത്തിലേക്ക് കൊണ്ടുപോകാൻ യേശുക്രിസ്തു വീണ്ടും വരും.

**CHOATE BIBLE CORRESPONDENCE COURSE SCHOOL**

Post Box 4212, Kaloor, Kochi-682017, Kerala.

**APPLICATION FORM**

(Fill this Application form and send it to us immediately)

പേര് : ……………………………………………….

രക്ഷിതാവിന്റെ പേര് : ..............................................................

മേൽവിലാസം : ..............................................................

..............................................................

..............................................................

..............................................................

പിൻകോഡ് : ..............................................................

മൊബൈൽ നമ്പർ : ..............................................................

E-mail : ………………………………………………….

ജനനത്തീയതി : ..............................................................

മതം : ..............................................................

കൂടി വരുന്ന സഭ : ..............................................................

- ഈ പുസ്തകം ഇങ്ങനെ ലഭിച്ചു: സുഹൃത്തിലൂടെ/ തപാലിലൂടെ/ ഇന്റെർനെറ്റ്
- ഞങ്ങളെ എങ്ങനെ അറിയാം: TV / മാഗസിൻ / ലഘുലേഖകൾ / സുഹൃത്തിലൂടെ.
- മലയാളത്തിലുള്ള പുസ്തകങ്ങൾ, മാഗസിൻ എന്നിവ കൈപ്പറ്റാൻ തയ്യാറാണോ: അതേ / അല്ല.
- ഈ പാഠഭാഗങ്ങൾ മറ്റുള്ളവർക്കും പരിചയപ്പെടുത്തുവാൻ താങ്കൾ ആഗ്രഹിക്കുന്നുവോ: അതേ / അല്ല.

ഈ പുസ്തകം ആർക്കെങ്കിലും ആവശ്യമെങ്കിൽ, അവരുടെ വിലാസം പുറകിൽ എഴുതി ഞങ്ങൾക്ക് അയച്ചുതരിക.

തീയതി : …………………….. ഒപ്പ് : ...............................

# സത്യാന്വേഷി ബൈബിൾ പഠനപദ്ധതി

വ്യക്തിപരമായ ബൈബിൾ പഠനത്തിനു വളരെ സഹായകരമായ, ക്രമീകൃതമായി ബൈബിൾ സത്യങ്ങൾ വെളിപ്പെടുത്തുന്ന പഠന പദ്ധതിയാണ് '**സത്യാന്വേഷി ബൈബിൾ പഠനപദ്ധതി'**. വളരെ ലളിതവും സുവ്യക്തവും കൂടാതെ പൂർണമായും ബൈബിൾ അധിഷ്ഠിതമായ ഈ പഠന പദ്ധതി, ദൈവകൃപയാൽ മനുഷ്യന് ലഭിച്ച രക്ഷാമാർഗ്ഗത്തെ, സംക്ഷിപ്ത രൂപത്തിൽ വെളിപ്പെടുത്തുന്നു. ആ രക്ഷാമാർഗ്ഗത്തെ പരിചയപ്പെടുന്നതിനായി, എട്ടോളം ബൈബിൾ പാഠങ്ങൾ രൂപകൽപന ചെയ്ത്, ഈ പുസ്തക രൂപത്തിൽ നിങ്ങൾക്കു ലഭിച്ചിരിക്കുന്നു. ബൈബിൾ, യേശുക്രിസ്തുവിന്റെ ദൈവീകത്വം, പാപമെന്ന പ്രശ്നവും അതിൽ നിന്നുള്ള രക്ഷയും, പുതിയനിയമ സഭയും ആരാധനയും, ക്രിസ്തുവിലുള്ള പുതുജീവിതം തുടങ്ങിയ, നാം അറിഞ്ഞിരിക്കേണ്ട അടിസ്ഥാന വിഷയങ്ങളെയാണ് ഈ പുസ്തകത്തിൽ പരിചയപ്പെടുന്നത്. അനേകരുടെ ജീവിതത്തിൽ ദൈവീക രക്ഷയ്ക്കും സമൂല പരിവർത്തനത്തിനും മുഖാന്തിരമായ ഈ ചെറുപുസ്തകം ശ്രദ്ധയോടെ, കുറഞ്ഞത് രണ്ടു തവണയെങ്കിലും വായിക്കുക.

**മറ്റു കൃതികൾ** :

മലയാളം: **യഥാർത്ഥ്യം, വേദപുസ്തക സഭ, മന്ന, മറിയശാസ്ത്രം**
English: **The Church of the Bible, Why We Believe What We Believe, Voice of Truth International– Magazine**

ഈ പുസ്തകങ്ങൾ/ ലഘുലേഖകൾ/ സുവിശേഷ സന്ദേശങ്ങൾ അടങ്ങിയ CD -കൾ എന്നിവ ലഭിക്കുന്നതിനായി ഞങ്ങളെ ബന്ധപ്പെടുക.

E-mail : *jijojohnson41@gmail.com*
*Mob: 9895094941*